# കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളറ്റിൻ



**ജൂലൈ 2022**

**ദുക്റാന തിരുനാളാശംസകൾ**

# കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളറ്റിൻ

Vol. XLVI No.7

ജൂലൈ 2022


| | | |
|---|---|---|
| യുവജനദിനം – സർക്കുലർ | - | 2 |
| ഇടയലേഖനം – സഭാദിനം | - | 9 |
| കച്ചേരിക്കാര്യം | - | 15 |
| റവ.ഫാ. ഡൊമിനിക്ക് വെട്ടിക്കാട്ട് – അനുസ്മരണം | - | 20 |
| ആരാധനക്രമാദ്ധ്യാത്മികത | - | 23 |
| പ്രീസ്റ്റ് വെൽഫെയർ അസോസിയേഷൻ | - | 34 |
| അജപാലനോത്തേജനവിഭാഗം | - | 35 |
| റെയിൻബോ | - | 38 |
| വിശ്വാസജീവിതപരിശീലനരംഗം | - | 39 |
| ചെറുപുഷ്പ മിഷൻലീഗ് | - | 42 |
| ബൈബിൾ അപ്പോസ്തലേറ്റ് | - | 45 |
| സീറോ മലബാർ യൂത്ത് മൂവ്മെന്റ് | - | 46 |
| കുടുംബപ്രേഷിതത്വം | - | 50 |
| മാതൃവേദി | - | 52 |
| പിതൃവേദി | - | 53 |
| മേരി മാതാ മൈനർ സെമിനാരി | - | 54 |
| മാർത്തോമാശ്ലീഹാ ദയാറ നല്ലതണ്ണി | - | 55 |
| കാത്തലിക്ക് കരിസ്മാറ്റിക് നവീകരണം | - | 56 |
| മരിയൻ റിട്രീറ്റ് സെന്റർ | - | 58 |
| സന്യസ്തർ | - | 61 |
| കെ.സി.എസ്.എൽ | - | 67 |
| മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ | - | 68 |
| കത്തോലിക്കാ കോൺഗ്രസ് | - | 72 |
| ഡി.സി.എം.എസ്. | - | 76 |
| ഫ്രാൻസിസ്ക്കൻ അല്മായസഭ | - | 77 |
| ലീജിയൻ ഓഫ് മേരി | - | 79 |
| ആരോഗ്യപുനരധിവാസ മദ്യവിരുദ്ധ സമിതി | - | 80 |
| വിൻസെൻഷ്യൻ വേദി | - | 82 |
| വിമല പബ്ലിക്കേഷൻസ് | - | 84 |
| Special Care Homes & Charitable institution | - | 86 |
| മലനാട് ഡവലപ്മെന്റ് സൊസൈറ്റി | - | 90 |
| ഇൻഫാം | - | 91 |
| പീരുമേട് ഡവലപ്മെന്റ് സൊസൈറ്റി | - | 95 |
| രൂപതാവാർത്തകൾ | - | 99 |
| Bishop's Engagements | - | 104 |



# കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളറ്റിൻ

Vol. XLVI    No. 7    ജൂലൈ 2022

Ref: 3719/K-5/KCBC/OL/DS

# യുവജനദിനം 2022, ജൂലൈ 10, ഞായർ
# കെസിബിസി യുവജനകമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുക്രിസ്തുവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

കേരള കത്തോലിക്കാസഭ ജൂലൈ 10 ഞായറാഴ്ച യുവജനദിനമായി ആചരിക്കുന്നു. ഏവർക്കും കെസിബിസി യുവജന കമ്മീഷനിൽ നിന്നും യുവജനദിനത്തിന്റെ പ്രാർത്ഥനാശംസകൾ.

കോവിഡ്-19 മഹാമാരിയുടെ പിടിയിൽ നിന്നും ലോകം മെല്ലെ മുക്തി പ്രാപിച്ചുകൊണ്ടിരിക്കുന്ന വേളയാണിത്. സഭയും സമൂഹവും ദേവാലയങ്ങളിലേക്കും പൊതുവിടങ്ങളിലേക്കും തിരികെ എത്തുവാൻ പരിശ്രമിക്കുന്ന നേരം. യേശു നായിനിലെ വിധവയുടെ മകനോടും ജായ്റോസിന്റെ മകളോടും പറഞ്ഞത് ഇപ്പോൾ കേരളസഭയിലെ യുവജനങ്ങളോടും ആവർത്തിക്കുന്നു. "യുവാവേ എഴുന്നേൽക്കുക" (ലൂക്കാ 17:14) "ബാലികേ എഴുന്നേൽക്കുക" (മർക്കോ 5:41). ഈ വ്യാധിയുടെ നാളുകളിൽ സഭയുടെ ജീവനാഡിയായി നിലകൊണ്ട യുവജനങ്ങളേയും അവരെ നയിച്ച വൈദികരേയും സന്ന്യസ്തരേയും അല്മായ സഹോദരങ്ങളേയും നന്ദിയോടെ ഓർക്കുന്നു. അഭിവാദനങ്ങൾ അർപ്പിക്കുന്നു.

**യുവജനങ്ങൾ ഐക്യത്തിന്റെ പ്രേഷിതർ**

ആഗോള കത്തോലിക്കാസഭയുടെ പരമാധ്യക്ഷൻ ഫ്രാൻസിസ് പാപ്പാ പ്രഖ്യാപിച്ച ആഗോള സിനഡിന്റെ പശ്ചാ

ത്തലത്തിൽ കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതത്വം എന്നീ ആദർശ ങ്ങളിൽ അടിസ്ഥാനപ്പെടുത്തി 'സഹയാനം ചെയ്യുന്ന സഭ' എന്ന ആശയം യുവത്വം ഏറ്റെടുക്കുന്നു. ഈ വർഷം ആപ്തവാക്യ മായി തെരഞ്ഞെടുത്തിരിക്കുന്നത് ക്രൈസ്തവയുവത്വം ഐക്യ ത്തിന്റെ പ്രേഷിതത്വം എന്നതാണ്. കേരളസഭ 2022-25 വർഷ ങ്ങളെ സഭാനവീകരണ കാലഘട്ടമായി പ്രഖ്യാപിച്ചിരിക്കുന്നു. കേരളസഭാ നവീകരണത്തിന്റെ ആദ്യവർഷമായ 2022 ശ്രവണ കാലഘട്ടമാണ്. കേരളത്തിലെ വിവിധ കത്തോലിക്കാ സംഘട നകളുമായി ഒരുമിച്ചിരുന്നുകൊണ്ട് അവരെ ശ്രവിക്കുവാനായി സഭ പരിശ്രമിക്കുന്നു. അത്തരം ശ്രവണം രൂപതാ, ഇടവക, കുടുംബയുണിറ്റ് തലങ്ങളിൽ ഉണ്ടാകാൻ സഭ ആഗ്രഹിക്കുന്നു. യുവജനങ്ങൾ നേരിടുന്ന വെല്ലുവിളികൾ, വിശ്വാസപരമായ സന്ദേഹങ്ങൾ, ആത്മീയവും ഭൗതികവുമായ സംഘർഷങ്ങൾ തുടങ്ങിയവ പൊതുവിടങ്ങളിൽ ചർച്ചയാകേണ്ടതുണ്ട്.

വിഭജിക്കപ്പെട്ട സഭ പാഷണ്ഡതയാണ്. സഭയുടെ ഐക്യം ഊട്ടി ഉറപ്പിക്കാൻ വിളിക്കപ്പെട്ടവരാണ് യുവജനങ്ങൾ. ആഗോള കത്തോലിക്കാസഭയിലെ 24 സഭകളുടെ കൂട്ടായ്മ പ്രതി ഫലിക്കുന്ന ഇടമാണ് ഭാരതസഭ. പ്രത്യേകിച്ച് മൂന്നു വ്യക്തിഗ തസഭകൾ ഒരേസ്ഥലത്തായിരിക്കുന്ന കേരളസഭ. മൂന്നു റീത്തു കളിലുമുള്ള യുവാക്കൾക്ക് ഒത്തുചേരുവാനും സഭയുടെയും സമൂഹത്തിന്റെയും പ്രശ്നങ്ങളിൽ ഇടപെടാനുമുള്ള അന്തരീ ക്ഷമാണ് നമുക്കുള്ളത്. അതിന്റെ സാധ്യതകളെ കണ്ടെത്തി ദൗത്യത്തിന്റെ കനൽ ഏറ്റുവാങ്ങാൻ യുവജനങ്ങൾ ബാധ്യസ്ഥ രാണ്. ഐക്യത്തിന്റെ ആത്മാവിനെയാണ് നാം സ്വീകരിച്ചിരി ക്കുന്നത്. മൂന്നു റീത്തുകളിലെയും യുവജനങ്ങൾ ഒത്തുചേർന്ന്

നവീകരണത്തിന്റെ കാറ്റലിസ്റ്റുകൾ ആകാൻ അവർ വിളിക്കപ്പെട്ടിരിക്കുന്നു. ഓരോ സഭയ്ക്കും അതിന്റേതായ സ്വത്വവും പാരമ്പര്യവും ആരാധനക്രമവും ചരിത്രവും ഒക്കെയുമുള്ളപ്പോഴും അതിനെ അതിലംഘിക്കുന്ന ഐക്യത്തിന്റെ പ്രതീകമാണ് കേരളസഭയിലെ യുവജനശുശ്രൂഷ.

**ഹെനോസിസ് എന്ന മന്ത്രം**

Henosis എന്ന ഗ്രീക്കുപദം അർത്ഥമാക്കുന്നത് ആന്തരികമായ ഐക്യം അഥവാ രഹസ്യാത്മകമായ ഐക്യം എന്നൊക്കെയാണ്. ഒരു ശരീരത്തിൽ പല അവയവങ്ങൾ ഉണ്ടെങ്കിലും ശരീരം ഒന്നായിരിക്കുന്നപോലെ (എഫേ 4:1-13) എന്ന പൗലോസപ്പോസ്തലന്റെ വാക്കുകളുടെ സാരാംശമാണ് ഹെനോസിസ്. ഈ പദം ഒരു മന്ത്രം പോലെ ഉരുവിടേണ്ട പ്രേഷിതരാണ് യുവജനങ്ങൾ. ഈ കാലഘട്ടം അത് അവരിൽ നിന്ന് ആവശ്യപ്പെടുന്നു. കേരളസഭയും സമൂഹവും അത് അവരിൽ നിന്ന് പ്രതീക്ഷിക്കുന്നു.

**യൗവ്വനം എന്ന ലഹരി**

യുവാവായ ക്രിസ്തുവിലേക്ക് ആകർഷിക്കപ്പെടുന്ന യുവത്വം സഭയുടെ ജീവനാണ്. സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും സമ്പത്താണ്. ഭാവാത്മകമായി പറഞ്ഞാൽ യൗവ്വനം ഒരു ലഹരിയാണ്. വിശുദ്ധ പ്രണയത്തിന്റെ കാലം. ജീവിതാന്തസ്സു തെരഞ്ഞെടുക്കുന്ന കാലം. ഉത്തമപൗരന്മാരും ക്രിസ്തുദർശനത്തിന്റെ കാവലാളുകളും ആകാൻ പരിശ്രമിക്കുന്ന കാലം. എന്നാൽ മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം യൗവ്വനത്തിന്റെ ലഹരിയെ നശിപ്പിക്കുന്നു. അത്തരം ലഹരിക്ക

ടിമപ്പെടുന്ന യൗവ്വനം ഒരു ബാധ്യതയാണ്. തീവ്രവാദത്തിന്റെ ഫണ്ടിങ്ങിനായി മാരകമായ ലഹരിവസ്തുക്കൾ കേരളത്തിലേക്ക് ഇറക്കുമതി ചെയ്യപ്പെടുന്നു എന്ന സത്യം വാർത്തകളിൽ നിറയുന്നു. യൗവ്വനത്തിന്റെ തീക്ഷ്ണതയെ കയറൂരിവിടുന്ന ലൈംഗിക അരാജകത്വം, സ്വവർഗവിവാഹം പോലുള്ള തിന്മകൾ, വിവാഹപൂർവലൈംഗികത, വിവാഹേതരലൈംഗികത, ഒത്തുവസിക്കലുകൾ, അതേത്തുടർന്നുണ്ടാകുന്ന ഗർഭഛിദ്രങ്ങൾ, പ്രണയത്തിന്റെ മറവിലെ തീവ്രവാദങ്ങൾ, 'കല്യാണയുദ്ധങ്ങൾ' അങ്ങനെ വെല്ലുവിളികൾ ധാരാളമുണ്ട്. സാങ്കേതികവിദ്യയുടെ അതിപ്രസരംമൂലം ഗെയിം അഡിക്ഷൻ, സ്ക്രീൻ അഡിക്ഷൻ തുടങ്ങിയവ കോവിഡനന്തര കാലത്ത് വർധിച്ചിട്ടുണ്ട്. അക്കാര്യത്തിൽ യുവത്വം ജാഗ്രത പുലർത്തുകയും അതിജീവിക്കുവാൻ വേണ്ട പരിശീലനം നേടുകയും വേണം.

**കുടുംബം, തൊഴിൽ, പ്രവാസം**

സമൂഹത്തിന്റെ അടിസ്ഥാന യൂണിറ്റായ കുടുംബ രൂപീകരണം ഏറെ പ്രാധാന്യമർഹിക്കുന്നു. വിവാഹപ്രായം കഴിഞ്ഞിട്ടും വിവാഹം നടക്കാത്ത അവസ്ഥകൾ ആശങ്കയുണർത്തുന്നു. വിവാഹത്തിന്റെ സമ്പൂർണമായ സമർപ്പണത്തിന് വിമുഖത കാട്ടുന്ന യുവജനങ്ങളുടെ എണ്ണം വർധിക്കുന്നു. പൗരോഹിത്യ സന്ന്യസ്ത ദൈവവിളികൾ കുറയുന്നു. കുട്ടികളുടെ ജനനനിരക്ക് അപകടകരമാംവിധം താഴുന്നു. തൊഴിൽ തേടിയുള്ള പ്രവാസം കുടുംബങ്ങളിൽ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. അതേസമയം പ്രവാസികളിൽ നിന്നുള്ള വരുമാനം കേരളത്തിന്റെ സമ്പദ്വ്യവസ്ഥയ്ക്ക് വലിയ താങ്ങാണ് എന്നതാണ് സത്യം. തൊഴിലില്ലായ്മ, സംരംഭകർക്ക് അനുകൂലമല്ലാത്ത അന്ത

രീക്ഷം സൃഷ്ടിക്കുന്ന സർക്കാർ-രാഷ്ട്രീയ സംവിധാനങ്ങൾ തുടങ്ങിയവ നിമിത്തം വിദേശ രാജ്യങ്ങളിലേക്ക് നമ്മുടെ യൗവ്വനം ഒഴുകുന്നു. ഇതുമൂലം ഉണ്ടാകുന്ന വിശ്വാസപരവും സാംസ്കാരികവും ആയ വിടവുകൾ സഭ ഏറെ ശ്രദ്ധയോടെ വീക്ഷിക്കുന്നു. അതോടൊപ്പം അന്യസംസ്ഥാനങ്ങളിൽ നിന്നും പ്രവാസികളായി വന്നുചേർന്നിരിക്കുന്ന തൊഴിലാളികളുടെ പ്രശ്നങ്ങൾ, അവരുടെ ഐഡന്റിറ്റി, അതിന്റെ പ്രത്യാഘാതങ്ങൾ ഇവയൊക്കെ ഗൗരവമായ പരിഗണന അർഹിക്കുന്ന വിഷയങ്ങൾ തന്നെ. ഇവയ്ക്ക് പരിഹാരം കണ്ടെത്തുവാൻ സാധിക്കും വിധമുള്ള യുവജനശുശ്രൂഷാ മോഡലുകൾ രൂപം കൊള്ളാൻ സഭ ആഗ്രഹിക്കുന്നു. ഈ നാടിന്റെ സംരംഭകരായി മാറാൻ, സർക്കാർ തൊഴിൽ നേടാൻ ഒക്കെ യുവജനങ്ങളെ പ്രേരിപ്പിക്കുക എന്നതാണ് അതിനുള്ള മാർഗം.

**മാധ്യമങ്ങൾ, മതേതരത്വം, മതതീവ്രവാദം**

മാധ്യമങ്ങളുടെ അതിപ്രസരമുള്ള ഈ കാലത്ത് മാധ്യമ വിചാരണയിൽ സഭയും സഭാസ്ഥാപനങ്ങളും, സംഘടനകളും നേതാക്കളും തേജോവധം ചെയ്യപ്പെടുന്ന ഈ നേരത്ത് മാധ്യമങ്ങളെ കൈകാര്യം ചെയ്യാൻ പറ്റുന്ന ഒരു ടീം സജ്ജമാകേണ്ടതുണ്ട്. അന്തിചർച്ചകളിലും സീരിയലുകളിലും സിനിമകളിലും ഒക്കെ ക്രൈസ്തവ ദർശനങ്ങളെ വികലമാക്കി ചിത്രീകരിക്കുന്ന പ്രവണത ശക്തമാണ്. സാഹിത്യരംഗത്തും പുസ്തക പ്രസിദ്ധീകരണരംഗത്തും അജണ്ടകൾ വച്ച് വ്യാപാരം ചെയ്യുന്നത് ജാഗരൂകതയോടെ കണ്ട് ഈ വിഷയങ്ങൾ സഭയുടെ യുവജന പ്രസ്ഥാനങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്. ഭാരതത്തിന്റെ മതേതരത്വത്തെ കാക്കാൻ പ്രതിജ്ഞാബദ്ധരാണ് ക്രൈസ്തവ

യുവത്വം. സ്വന്തം മതത്തെ പ്രഘോഷിക്കുമ്പോഴും മറ്റ് മതങ്ങളെ ബഹുമാനത്തോടെ കാണാൻ കഴിയുന്ന കണ്ണാണ് യുവജന ങ്ങൾക്കുണ്ടാകേണ്ടത്. അല്ലെങ്കിൽ അത് വർഗ്ഗീയ തീവ്രവാദ ത്തിന്റെ കനലുകളെ ഊതിക്കത്തിക്കുമെന്ന് ചരിത്രം സാക്ഷി. വിഭജനത്തിന്റെ നാൾ മുതൽ ഭാരതം കണ്ടുകൊണ്ടിരിക്കുന്ന ഭീകരസംഭവങ്ങൾ നമ്മുടെ ഓർമ്മയിലുണ്ട്. ആഗോള ഭീകരത യുടെ വേരുകൾ കേരളത്തിലെത്തി നിൽക്കുന്നു. കേരളം തീവ്ര വാദത്തിന്റെ ഹബായി മാറിക്കൊണ്ടിരിക്കുന്നു. ഇവിടെ വേറിട്ടൊരു നിലപാടുമായി മതേതരത്വത്തിന്റെ കാവലായി ക്രൈ സ്തവ യുവത്വം മാറേണ്ടതുണ്ട്. തീവ്രവാദത്തിന്റെ ഫണ്ടിംഗി നായി സ്വർണ്ണ കടത്ത്, മയക്കുമരുന്ന് വ്യാപാരം, ഹവാല പണത്തിന്റെ സമാന്തര സമ്പദ്ക്രമം, എന്നിവ പരസ്യമായ രഹസ്യങ്ങളായി വാഴുന്ന കാലത്ത് സുതാര്യമായ ജീവിതക്രമവും രാഷ്ട്രീയവും മുന്നോട്ട് വയ്ക്കാൻ യുവാക്കൾക്ക് കഴിയണം. തീവ്രവാദ വർഗീയ ആക്രമണങ്ങളെ അപലപിക്കാനും അതി നെതിരെ പ്രതിഷേധിക്കാനും അതേസമയംതന്നെ ഫ്രാൻസിസ് അസീസിയുടെ പ്രാർത്ഥനപോലെ ‘സമാധാനത്തിന്റെ ഉപകരണങ്ങൾ’ ആകാനും യുവജനങ്ങൾക്ക് സാധിക്കണം.

കേരള കത്തോലിക്കാ സഭയിലെ യുവജനം സഭയുടെ ചങ്കാണ്; ചങ്കിടിപ്പാണ്. ലൈവാണ്; ലൈഫാണ്. ക്രിസ്തുവെന്ന യൗവനയുക്തൻ പകരുന്ന ആദർശമാണ് അതിന്റെ അടിത്തറ. യുവജനകമ്മീഷന്റെ ആഭിമുഖ്യത്തിൽ കെസിവൈഎം, ജീസ സ്യൂത്ത്, സിഎൽസി, മിജാർക്ക്, ഐക്കഫ്, യൂക്കരിസ്റ്റിയ, ഇദെന്തെ യൂത്ത്, ബോസ്കോ യൂത്ത് എന്നീ സംഘടനകളിലും

അല്ലാതെയുമായി ക്രിസ്തുവിന് സാക്ഷ്യം നല്കുന്ന എല്ലാ യുവജനങ്ങൾക്കും യുവജനദിനത്തിന്റെ ആശംസകൾ. യൗവനയുക്തനായ ക്രിസ്തു ഏവരെയും അനുഗ്രഹിക്കട്ടെ

**റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് ആർ.**
(ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ഡോ. യൂഹാനോൻ മാർ തിയഡോഷ്യസ്**
(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ഡോ. മാർ ജോൺ നെല്ലിക്കുന്നേൽ**
(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
പി.ഒ.സി., കൊച്ചി - 682 025

---

**N.B.** 2022 ജൂലൈ 10-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

Prot. No. 0594/ 2022

# ഇടയലേഖനം

## സഭാദിനം – 3 ജൂലൈ 2022

**സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.**

**കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!**

ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദരാരേ,

മാർതോമാശ്ലീഹായുടെ ഓർമദിനമായ ജൂലൈ 3-ാം തീയതിയോടനുബന്ധിച്ചു നിങ്ങളോടു സംസാരിക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ദുക്റാനതിരുനാൾ സീറോമലബാർസഭാദിനമായും നാം ആചരിച്ചുവരികയാണല്ലോ. 'എന്റെ കർത്താവേ, എന്റെ ദൈവമേ' എന്നു പറഞ്ഞ് ഉത്ഥിതനായ മിശിഹായിലുള്ള വിശ്വാസം ഉച്ചൈസ്തരം ഉദ്ഘോഷിച്ച തോമാശ്ലീഹായുടെ മക്കളായ നമ്മിൽ അതേ വിശ്വാസം ഉജ്ജ്വലിപ്പിക്കുക എന്നതാണ് ഈ സഭാദിനാചരണ ത്തിന്റെ ലക്ഷ്യം. അതിനുപകരിക്കുന്ന കർമപരിപാടികളാണ് ഇടവകാ-രൂപതാ-സഭാതലങ്ങളിൽ നാം സംഘടിപ്പിച്ചു പോരുന്നത്.

ഈ വർഷത്തെ സഭാദിനാചരണത്തിന് ഒരു പ്രത്യേകത യുണ്ട്. മാർതോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം

വാർഷികം ഈ വർഷം നാം ആചരിക്കുന്നു. ഉത്ഥിതനായ മിശിഹായെ കണ്ടുമുട്ടിയ ശിഷ്യന്മാരാണ് അവിടുന്നിലുള്ള തങ്ങളുടെ വിശ്വാസത്തിൽ സ്ഥിരീകരിക്കപ്പെട്ടതും പിന്നീട് അതിന്റെ പ്രഘോഷകരും പ്രചാരകരുമായി മാറിയതും. മൂന്നാം സഹസ്രാബ്ദത്തിലെ ആദ്യദശകങ്ങളിൽ ജീവിക്കുന്നവരായ നമ്മൾ ഈ കാലഘട്ടത്തിന്റെ സാഹചര്യങ്ങൾക്കനുസരിച്ചു നമ്മുടെ വിശ്വാസത്തിനു സാക്ഷ്യംവഹിക്കേണ്ടിയിരിക്കുന്നു. ക്രിസ്തുവിലുള്ള വിശ്വാസം ഒരുവനിൽ വരുത്തുന്ന മാറ്റം ആഴമേറിയതും പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്നവയും ആയിരിക്കും. സമൂഹത്തിലെ ഉച്ചനീചത്വങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും എതിരേ വിപ്ലവകരമായ മാറ്റങ്ങൾ ക്രിസ്തുവിൽ വിശ്വസിക്കുന്നവരിലൂടെ സമൂഹത്തിൽ സംഭവിക്കുമെന്നുള്ളതാണു സഭാചരിത്രം നമുക്കു നൽകുന്ന വലിയൊരു പാഠം. ഭാരതത്തിലെ ക്രൈസ്തവമിഷനറിമാരിലൂടെ സമൂഹത്തിൽ സംഭവിച്ച പരിവർത്തനങ്ങൾ ഏവർക്കും അറിവുള്ളതാണല്ലോ. സുവിശേഷത്തിനു വീരോചിതമായ സാക്ഷ്യംവഹിച്ച ക്രൈസ്തവമിഷനറിമാർ ഭാരതത്തിൽ അനേകരാണ്. ഏറ്റവും അടുത്തകാലത്തു വിശുദ്ധനെന്നു നാമകരണം ചെയ്യപ്പെട്ട രക്തസാക്ഷി ദേവസഹായവും അന്നത്തെ സാമൂഹ്യതിന്മകൾക്കെതിരെ അടരാടിയാണല്ലോ വീരചരമം പ്രാപിച്ചത്. ഇന്നു നാമും ദരിദ്രവിഭാഗങ്ങൾക്കും കഷ്ടതകൾ സഹിക്കുന്ന എല്ലാവർക്കും ജാതിമത ഭേദമെന്യേ സേവനംചെയ്ത് ക്രിസ്തുവിന്റെ സ്നേഹത്തിനും കാരുണ്യത്തിനും സാക്ഷ്യംവഹിക്കാൻ തീക്ഷ്ണതയുള്ളവരാകണം. വിവിധ മതങ്ങൾ തമ്മിലും സാംസ്കാരിക സമൂഹങ്ങൾ തമ്മിലും ഐക്യവും സൗഹാർദവും നിലനിറുത്തിക്കൊണ്ട് എല്ലാവരെയും ഒരേ സ്നേഹത്തോടും കാരുണ്യത്തോടുംകൂടി

കാണാനും എല്ലാവരോടും ഒന്നുചേർന്നു ജീവിക്കാനും നമുക്കു പരിശ്രമിക്കാം.

ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ പേരിൽ ക്രൈസ്തവർ പീഡിപ്പിക്കപ്പെടുന്ന രാജ്യങ്ങൾ ഇന്നു ലോകത്തിലുണ്ട്. ഭാരതത്തിലാകട്ടെ മതത്തിന്റെ പേരിലുള്ള പീഡനങ്ങൾ ആവർത്തിക്കാതിരിക്കാൻ ശക്തമായ കരുതലുകൾ ഭരണ കർത്താക്കൾ എടുത്തുവരുന്നു. അത് എക്കാലവും തുടരുന്ന തിനുവേണ്ടി നമുക്കു പ്രാർത്ഥിക്കാം. സങ്കുചിതമായ വീക്ഷണങ്ങളോടെ പ്രവർത്തിക്കുന്ന വ്യക്തികളെയും സമൂഹങ്ങളെയും മതസൗഹാർദത്തിനു വിഘാതമാകുന്ന പ്രവർത്തനങ്ങളിൽനിന്നു പിന്തിരിപ്പിക്കാനും നമുക്കു പരിശ്രമിക്കാം. അതോടൊപ്പം രാഷ്ട്രനിർമാണപ്രക്രിയയിൽ പങ്കുചേർന്ന് ഉത്തമ പൗരന്മാരായി ജീവിക്കാനും നമുക്കു സാധിക്കണം.

സീറോമലബാർസഭയെ സംബന്ധിച്ചിടത്തോളം ഈ സഭയുടെ കേരളത്തിലുള്ള രൂപതകളെ മാതൃസഭയായിട്ടാണു പരിഗണിക്കുന്നത്. ഈ മാതൃസഭ കേരളത്തിനു പുറത്ത് ഇന്ത്യയിലും ഇന്ത്യയ്ക്കു പുറത്തു മറ്റു രാജ്യങ്ങളിലുമുള്ള സഭാസമൂഹങ്ങളുടെ പ്രേഷിതപ്രവർത്തനങ്ങൾക്കു സഹകരണം നൽകുവാൻ സർവാത്മനാ പരിശ്രമിക്കേണ്ടതാണ്. ക്രിസ്തുവി ന്റെ സ്നേഹവും കാരുണ്യവും അറിയിക്കുകയും അതിനു സാക്ഷ്യംവഹിക്കുകയുമാണ് യഥാർഥമായ പ്രേഷിതത്വം. അതിനുപകരിക്കുന്ന എല്ലാ നല്ല പ്രവർത്തനങ്ങളിലും ഏർപ്പെടാൻ നാം പരിശ്രമിക്കണം. സുവിശേഷപ്രവർത്തന ങ്ങൾക്ക് ആളും അർത്ഥവും നൽകി പരസ്പരം സഹായിക്കാൻ നാമേവരും തയ്യാറാകണം. ഇപ്രകാരം പ്രവർത്തിക്കുമ്പോൾ

എല്ലാ മനുഷ്യരോടും ക്രിസ്തുവിന്റെ സാർവത്രികസ്നേഹം പങ്കുവയ്ക്കാൻ നമുക്കു സാധിക്കേണ്ടതാണ്.

കാർഷികമേഖലയിലുള്ള നമ്മുടെ ജനങ്ങൾ കടന്നു പോകുന്ന കഷ്ടതകൾക്കു പരിഹാരം കാണേണ്ടതുണ്ട്. കർഷകരും അസംഘടിത തൊഴിൽവിഭാഗങ്ങളും ഉപജീവന ത്തിനുവേണ്ടി കഷ്ടപ്പെടുകയാണ് എന്നതു യാഥാർത്ഥ്യമാണ്. സംഘടിത വിഭാഗങ്ങൾ തങ്ങളുടെ സുരക്ഷിതത്വം വർദ്ധിപ്പിക്കു ന്നതിനുവേണ്ടി സമർദ്ദംചെലുത്തുമ്പോൾ സർക്കാരും ഉദ്യോഗ സ്ഥരും അവഗണിക്കുന്നതു കർഷകരെയും അസംഘടിതവിഭാഗ ങ്ങളെയുമാണ്. പ്രകൃതിക്ഷോഭം, വന്യമൃഗശല്യം എന്നിവയാൽ കർഷകരുടെ ജീവിതം ദുരിതപൂർണമായിരിക്കുന്നു. കർഷകരുടെ ഉൽപ്പന്നങ്ങൾക്കു ന്യായവില ഉറപ്പാക്കാനും അതുവഴി ഒരു നിശ്ചിതവരുമാനം കർഷകകുടുംബങ്ങൾക്കു ഉറപ്പാക്കാനും ഇതുവരെ ഫലപ്രദമായ ഒരു നടപടിയും മാറിവരുന്ന സർക്കാരുകൾ സ്വീകരിച്ചിട്ടില്ല എന്നത് വസ്തുതയാണ്. ഭാരതത്തിന്റെ പരമോന്നത നീതിപീഠം ബഫർസോൺ സംബ ന്ധിച്ചു നൽകിയിരിക്കുന്ന പുതിയ ഉത്തരവ് ആയിരക്കണക്കിനു കർഷക കുടുംബങ്ങളെ വഴിയാധാരമാക്കാൻ ഇടയാക്കുമെന്ന ആശങ്ക നിലനിൽക്കുന്നു. ഈ വിഷയത്തിൽ സംസ്ഥാനസർ ക്കാർ ജാഗ്രതയോടെ സത്വരമായി ഇടപെടുകയും കർഷകരുടെ പ്രത്യേകസാഹചര്യം ബഹു. കോടതിയെ അറിയിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണം. കർഷകരെപ്പോലെ മറ്റ് അസംഘടിതവിഭാഗങ്ങളിലെ മനുഷ്യർക്കും നീതിയും തുല്യതയും ഉറപ്പാക്കാനും മാന്യമായരീതിയിൽ അധ്വാനിച്ചുജീവിക്കാൻ അനുകൂലമായ

സാഹചര്യങ്ങൾ ജനാധിപത്യസംവിധാനത്തിൽ ഒരുക്കുകയും ചെയ്യേണ്ടതു സർക്കാരിന്റെ കടമയാണ്.

2023-ൽ റോമിൽ നടക്കുന്ന സിനഡിന്റെ ഭാഗമായി എല്ലാ രാജ്യങ്ങളുടെയും ഭൂഖണ്ഡങ്ങളുടെയും തലങ്ങളിൽ ചർച്ചകളും അഭിപ്രായരൂപീകരണങ്ങളും നടക്കുന്ന സമയമാണല്ലോ ഇത്. നമ്മുടെ സഭയിലെ എല്ലാ രൂപതകളിലും വിവിധ തലങ്ങളിൽ സിനഡിന്റെ ചിന്താവിഷയം ചർച്ചചെയ്തുകൊണ്ടിരിക്കുകയാണ്. നമ്മുടെ രൂപതകളിൽനിന്നും സമർപ്പിത സമൂഹങ്ങളിൽനിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ ക്രോഡീകരിച്ച് 2022 ആഗസ്റ്റ് മാസത്തിൽ നടക്കുന്ന നമ്മുടെ മെത്രാൻ സിനഡിൽ ചർച്ചചെയ്യുകയും സഭയുടേതായ ഒരു റിപ്പോർട്ട് അടുത്ത തലത്തിലെ ചർച്ചകൾക്കായി നൽകുകയും ചെയ്യുന്നതാണ്. കൂട്ടായ്മയും പങ്കാളിത്തവും ദൗത്യബോധവുമുള്ള ഒരു സഭാസമൂഹമായി ഇനിയും വളരാൻ ഈ ചർച്ചകൾ ഉപകരിക്കട്ടെ.

നമ്മുടെ സഭ ഘടനാപരമായി സിനഡൽ ആണ്. അതോടൊപ്പം സാർവത്രികസഭ വിഭാവനം ചെയ്യുന്ന സിനഡാത്മകത നമ്മുടെ സഭയുടെ പ്രേഷിതപരവും അജപാലനപരവുമായ എല്ലാ മേഖലകളിലും കൂടുതൽ ഉൾച്ചേർക്കാൻ നാമെല്ലാവരും ശ്രദ്ധചെലുത്തണം. സഭ അടിസ്ഥാനപരമായി ഒരു കൂട്ടായ്മയാണ്. ഈ കൂട്ടായ്മ പങ്കാളിത്തത്തിലൂടെയാണു പ്രകാശിതമാകുന്നത്. സഭയുടെ എല്ലാ പ്രവർത്തനതലങ്ങളിലും പങ്കാളിത്തം സജീവമാക്കണം. എല്ലാറ്റിന്റെയും ലക്ഷ്യം പ്രേഷിതദൗത്യം ആയിരിക്കുകയും വേണം. ഇപ്രകാരം കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതദൗത്യം എന്ന ത്രിവിധപ്രമേയങ്ങളെ സമന്വയിപ്പിച്ചുകൊണ്ടാണു സിനഡാത്മകസഭയെ

വിഭാവനംചെയ്യാനും നവീകരിക്കുവാനും ഫ്രാൻസീസ് മാർപാപ്പാ ആഹ്വാനം ചെയ്തിരിക്കുന്നത്.

ഈ സഭാദിനത്തിൽ സഭാമക്കളായ മെത്രാന്മാർ, വൈദികർ, സമർപ്പിതർ, അല്മായ സഹോദരീസഹോദരന്മാർ എന്നിങ്ങനെ എല്ലാവർക്കും മാർതോമാശ്ലീഹായുടെ ദുക്റാന ത്തിരുനാളിന്റെ മംഗളങ്ങളും സഭാകൂട്ടായ്മയുടേതായ സ്നേഹത്തിന്റെയും ഐക്യത്തിന്റെയും ആശംസകളും നേരുന്നു.

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2022-ാം ആണ്ട് ജൂൺ മാസം 14-ാം തീയതി നല്കപ്പെട്ടത്.

കർദിനാൾ ജോർജ് ആലഞ്ചേരി

സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

---

NB: ഈ ഇടയലേഖനം 2022 ജൂൺ 26-ാം തീയതി ഞായറാഴ്ച കുർബാനമദ്ധ്യേ എല്ലാ പള്ളികളിലും ഞായറാഴ്ച കുർബാനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

# കച്ചേരിക്കാര്യം

**1. സഭാദിനം**

നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെ ഓർമ്മദിനമായ ജൂലൈ 3 സീറോമലബാർ സിനഡിന്റെ നിർദ്ദേശാനുസരണം സഭാദിനമായി ആഘോഷിക്കേണ്ടതാണ്. 1950-ാം ജൂബിലി ആഘോഷിക്കുന്നതിനോടനുബന്ധിച്ച് നിർദ്ദേശിക്കപ്പെട്ട കർമ്മപരിപാടികൾ നടപ്പിലാക്കാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ശ്രദ്ധിക്കേണ്ടതാണ്.

അന്നത്തെ വി. കുർബാനമദ്ധ്യേ സ്തോത്രക്കാഴ്ചവഴി സമാഹരിക്കുന്ന തുക ശ്രേഷ്ഠമെത്രാപ്പോലീത്തൻ കാര്യാലയത്തിന്റെ നടത്തിപ്പിനായി ജൂലൈ 30 ന് മുമ്പ് രൂപതാ പ്രൊക്യുറേറ്ററെ ഏല്പിക്കേണ്ടതാണ്.

**2. യുവജനദിനം**

2022 ജൂലൈ 10-ാം തീയതി യുവജനദിനമായി ആചരിക്കുന്നു. കെ.സി.ബി.സി. യൂത്ത് കമ്മീഷൻ ചെയർമാൻ പുറപ്പെടുവിച്ചിരിക്കുന്ന സർക്കുലർ ജൂലൈ 10-ാം തീയതി ഞായറാഴ്ച വി. കുർബാനമദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതും അന്നേ ദിവസത്തെ സ്തോത്രക്കാഴ്ച യുവജനപ്രവർത്തനങ്ങൾക്കായി രൂപതാ എസ്.എം.വൈ.എം. ഓഫീസിൽ നിന്ന് ബന്ധപ്പെട്ടവർ അതാത് ഇടവകകളിൽ വന്ന് ശേഖരിച്ച് രസീതു നൽകുന്നതുമാണ്.

### 3. മാസധ്യാനവും വൈദിക സമ്മേളനവും

ലോറേഞ്ചിലെ വൈദികരുടെ മാസധ്യാനവും വൈദിക സമ്മേളനവും 2022 ജൂലൈ മാസം 19-ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മണിക്ക് കാഞ്ഞിരപ്പള്ളി കത്തീഡ്രൽ പള്ളിയിൽ വച്ചും ഹൈറേഞ്ചിലെ വൈദികരുടെ മാസധ്യാനവും വൈദിക സമ്മേളനവും 2022 ജൂലൈ മാസം 19-ാം തീയതി വൈകിട്ട് 5 മണിക്ക് അണക്കര PAC യിൽ വച്ചും നടത്തുന്നതാണ്. എല്ലാ വൈദികരും മാസധ്യാനത്തിലും വൈദികസമ്മേളനത്തിലും പങ്കെടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 4. വൈദികന്മാരുടെ വാർഷികധ്യാനം

ബഹുമാനപ്പെട്ട വൈദികന്മാരുടെ വാർഷികധ്യാനം ഈ വർഷം സെപ്റ്റംബർ 25 മുതൽ 30 വരെയും ഒക്ടോബർ 2 മുതൽ 7 വരെയും രണ്ട് ബാച്ചുകളായി പൊടിമറ്റം മൈനർ സെമിനാരിയിൽ വച്ച് നടത്തുന്നതാണ്. ആലപ്പുഴ രൂപതാദ്ധ്യക്ഷൻ ബിഷപ് ജെയിംസ് ആനാപറമ്പിലാണ് ധ്യാനം നയിക്കുന്നത്.

### 5. Presbyteral Council Members 2022 -2027

രൂപതയുടെ 9-ാമത് പ്രിസ്ബിറ്ററൽ കൗൺസിൽ രൂപീകരിച്ചു. 2022 ജൂലൈ 13-ാം തീയതി കൂടുന്ന പ്രഥമ സമ്മേളനത്തിൽ അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്ത് സ്ഥാനം ഏൽക്കുന്നതാണ്. അംഗങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

**A) Elected Members**

1. Rev. Dr. Kochuparampil Xavier
2. Rev. Fr. Kunnathupurayidom Joseph
3. Rev. Fr. Vazhappanady Mathew
4. Rev. Fr. Pazheparampil Augustine
5. Rev. Fr. Parapallil Jose Mathew
6. Rev. Fr. Vadakkel Mathew
7. Rev. Fr. Thekkevayalil Joseph

8 Rev. Fr. Manjakkuzhakunnel Varghese
9 Rev. Fr. Pongamthanam Joseph
10 Rev. Fr. Cherusseril Sebastian
11 Rev. Fr. Kollamparampil James
12 Rev. Fr. Kottoor Antony
13 Rev. Fr. Mathiyath John
14 Rev. Fr. Valiyakunnathu Jose
15 Rev. Fr. Marutholil Joseph
16 Rev. Fr. Vettuvayalil John
17 Rev. Dr. Elanjipuram James
18 Rev. Fr. Cherolil Mathew
19 Rev. Fr. Nellipallil Paul
20 Rev. Dr. Chavarapuzha James
21 Rev. Fr. Kakkallil Varghese
22 Rev. Fr. Vattathara Sebastian
23 Rev. Fr. Valliparambil Mathew
24 V. Rev. Dr. Poovathanikkunnel Thomas
25 Rev. Fr. Mattamundayil Thomas
26 Rev. Fr. Muthuplackal Sebastian

**B) Ex-Officio Members**

27. V. Rev. Dr. Vellamattam Joseph, Proto Syncellus
28. V. Rev. Fr. Mannamplackal Boby Alex, Syncellus
29. V. Rev. Dr. Thamarassery Kurian, Syncellus & Chancellor
30. V. Rev. Fr. Thadathil Philip, Oeconomus
31. V. Rev. Fr. Parinthirickal Varghese, Cathedral Vicar
32. V. Rev. Dr. Kollamkunnel Sebastian (Jr), Minor Seminary Rector
33. Rev. Fr. Pullolickal Stanly, Director, Department of Pastoral Animation

**C) Nominated Members**

34. V. Rev. Dr. Mandapathil George
35. Rev. Dr. Mathew Paikatt
36. Rev. Fr. Aylooparambil Dominic
37. Rev. Fr. Velliamkulam Martin
38. Rev. Fr. Vattayathil Philip
39. Rev. Fr. Kunnathupurayidom Thomas
40. Rev. Fr. Neendussery James CMI (Religious Representative)

## 6. Appointments

**Rev. Frs.**

| | |
|---|---|
| Philips Wadakekalam (Changanachery) | – Teaching Faculty, Mary Matha College, Podimattam |
| Roy Abraham Pazhayaparambil | – Service lent to XIME, Bangalore |
| Kumbukattu Sebastian | – Assistant Program Director, Voice of Amal Jyothi Community Radio |
| Jose Vaippammadam OSB | – Asst. Vicar, Cathedral |
| Vayalumkal Reji Mathew | – Family Apostolate, Forane Director, Kanjirapally |
| Kappiyankal Thomas | – Family Apostolate, Forane Director, Mundakayam |
| Thazhathuveettil Sebastian | – Family Apostolate, Forane Director, Kumily |
| Valliparampil Mathew | – Family Apostolate, Forane Director, Peruvanthanam |
| Nedumthakadiyil Jacob | – Family Apostolate, Forane Director, Upputhara |
| Karuvallil Thomas | – Family Apostolate, Forane Director, Ranni |
| Kurisummoottil Mathew | – SMYM, Forane Director, Velichiyani |

| | |
|---|---|
| Valliparampil Mathew | – SMYM, Forane Director, Peruvanthanam |
| Chavarapuzha Jose | – SMYM, Forane Director, Anakkara |
| Manjakuzhakunnel Varghese | – CML, Forane Director, Peruvanthanam |

**Relieved**

**Rev. Frs.**

| | |
|---|---|
| Roy Abraham Pazhayaparambil | – Principal, Marian College Kuttikkanam |
| Madukkakkuzhy Emmanuel | – Family Apostolate, Forane Director, Kanjirapally |
| Njalliyil Thomas | – Family Apostolate, Forane Director, Mundakayam |
| Mundiyanickal Thomas | – Family Apostolate, Forane Director, Ranni |
| Mankamthanam Emmanuel (Jr.) | – Family Apostolate, Forane Director, Upputhara |
| Manimalakunnel Philip | – Family Apostolate, Forane Director, Kumily |
| Valiyakunnathu Jose | – Family Apostolate, Forane Director, Peruvanthanam |
| Pattrakalayil Thomas | – SMYM, Forane Director, Anakkara |
| Kumbukattu Sebastian | – SMYM, Forane Director, Peruvanthanam |
| Mulanjananikkara James | – SMYM, Forane Director, Velichiyani |
| Valiyakunnathu Jose | – CML, Forane Director, Peruvanthanam |

# റവ. ഫാ. ഡൊമിനിക്ക് വെട്ടിക്കാട്ട്

## അനുസ്മരണം



വെട്ടിക്കാട്ട് ബഹുമാനപ്പെട്ട ദുമ്മിനിച്ചനെ പരിചയമുള്ളവർക്കെല്ലാം സ്നേഹവും കരുണയും ആത്മാർത്ഥതയും നിറയുന്ന അദ്ദേഹത്തിന്റെ ഉള്ളറിയാം. പൗരോഹിത്യ ദൈവവിളിയിൽ അഭിമാനിക്കുകയും ആനന്ദം കൊള്ളുകയും അതിനോട് നൂറുശതമാനം നീതിപുലർത്തുകയും ചെയ്തിരുന്ന അച്ചൻ ദിവസേന പരിശുദ്ധ കുർബാനയ്ക്ക് മുമ്പുള്ള അരമണിക്കൂർ പ്രാർത്ഥന മുടക്കാറില്ലായിരുന്നു. അധികാരികളോടുള്ള ആദരവും വിധേയത്വവും ആ വ്യക്തിത്വത്തിന്റെ മുഖമുദ്രയാണ്. സഹവൈദികരുടെയിടയിൽ എപ്പോഴും നർമ്മം വിളമ്പുന്ന സുഹൃത്തായിരുന്നു ദുമ്മിനിച്ചൻ. വൈദികരേയും വൈദിക വിദ്യാർത്ഥികളേയും അളവറ്റവിധം സ്നേഹിച്ചിരുന്ന അച്ചൻ ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിലും വൈദികവിദ്യാഭ്യാസത്തിന് സഹാ

യിക്കുന്നതിലും എന്നും ശ്രദ്ധാലുവായിരുന്നു. സദാ ഊർജ്ജസ്വലതയോടെ സംസാരിക്കുകയും വ്യാപരിക്കുകയും ചെയ്തിരുന്ന അച്ചന് പാവപ്പെട്ടവരോടും ദുരിതമനുഭവിക്കുന്നവരോടും പ്രത്യേകമായ കാരുണ്യമുണ്ടായിരുന്നു. തിന്മയുടെ ശക്തികളെ ജയിക്കുന്നതിന് പ്രാർത്ഥനയും ഉപവാസവും ആയുധമാക്കിയ അച്ചനിലൂടെ സൗഖ്യവും വിടുതലും പ്രാപിച്ച അനേകരുണ്ട്.

പ്രശ്നങ്ങളുടെ ഓളവും കാറ്റും ശമിപ്പിക്കാനുള്ള അത്ഭുത വിദ്യ ഡൊമിനിക്കച്ചന്റെ കൈവശമുണ്ടായിരുന്നു. അച്ചൻ ചെല്ലുന്നിടത്ത് എല്ലാം ശാന്തം; എല്ലാവർക്കും സംതൃപ്തി. പിതൃഭാവത്തോടെയുള്ള ഇടപെടൽ എല്ലാവർക്കും ആശ്വാസത്തണലേകിയിരുന്നു. ശക്തനായ ഇടയൻ കാവലിരിക്കുന്ന ആട്ടിൻകൂട്ടത്തിന്റെ നിർഭയത്വം അച്ചന്റെ ഇടവകയിൽ വ്യാപിക്കപ്പെടുകയും അദ്ദേഹത്തിന്റെ ആത്മാർത്ഥതയും സത്യസന്ധതയും എല്ലാവരാലും അംഗീകരിക്കപ്പെടുകയും ചെയ്തിരുന്നു.

താമരക്കുന്ന് ഇടവകയിൽ വെട്ടിക്കാട്ട് മത്തായി-അന്ന ദമ്പതികളുടെ മകൻ ഡൊമിനിക് 1938 മാർച്ച് 24ന് ജനിച്ചു. ചിറക്കടവിലും കാഞ്ഞിരപ്പള്ളിയിലുമായി സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ അദ്ദേഹം പാറേൽ സെമിനാരിയിൽ ചേർന്നു. ആലുവ സെമിനാരിയിൽ തത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിച്ച്, 1966 മാർച്ച് 14ന് തിരുപട്ടം സ്വീകരിച്ചു.

ആനിക്കാട് അസിസ്റ്റന്റ് വികാരിയായി അജപാലനശുശ്രൂഷ ആരംഭിച്ചു. തുടർന്ന് മുണ്ടിയെരുമയിലും താമരക്കുന്നിലും കൊച്ചച്ചനായി ശുശ്രൂഷ ചെയ്തു. ഇടപ്പാളയം, മേലോരം, അഴങ്ങാട്, കൊച്ചറ, ആനവിലാസം, ഉമിക്കുപ്പ, ഇഞ്ചിയാനി, ചെറുവള്ളി, പൊടിമറ്റം, പഴയിടം, തമ്പലക്കാട് എന്നീ ഇടവകകളിൽ

വികാരിയായും തുടർന്ന് എലിക്കുളം സെറനിറ്റി ഹോമിൽ ചാപ്ലി നായും ശുശ്രൂഷ ചെയ്തു. കാഞ്ഞിരപ്പള്ളി വിയാനി ഹോമിൽ വിശ്രമജീവിതത്തിലായിരുന്ന അച്ചൻ ഏതാനും ദിവസങ്ങളിലെ ആശുപത്രിചികിത്സകൾക്കൊടുവിൽ 2022 ജൂൺ 3-ാം തീയതി നിത്യതയിലേക്ക് യാത്രയായി. കബറടക്കശുശ്രൂഷകൾ പിറ്റേദി വസം താമരക്കുന്ന് സെന്റ് എഫ്രേംസ് ദൈവാലയത്തിൽ മാർ മാത്യു അറയ്ക്കൽ പിതാവിന്റെയും മാർ ജോസ് പുളിക്കൽ പിതാവിന്റെയും കാർമ്മികത്വത്തിൽ നടന്നു.

തനിക്കുലഭിച്ച താലന്തുകളും കൃപകളും സഹോദരർക്കായി ഔദാര്യപൂർവ്വം പങ്കുവച്ച ഡോമിനിക്കച്ചനെ ദൈവം മഹത്വമണിയിക്കട്ടെ. തീക്ഷ്ണമതിയായ അജപാലകന് കാഞ്ഞിരപ്പള്ളി രൂപതാകുടുംബത്തിന്റെ ആദരാഞ്ജലികൾ.

PWA അംഗങ്ങൾ ബഹുമാനപ്പെട്ട ഡൊമിനിക്ക് വെട്ടിക്കാട്ട് അച്ചന്റെ ആത്മശാന്തിക്കായി ഒരു പരിശുദ്ധ കുർബാന അർപ്പിക്കേണ്ടതാണ്.

# ആരാധനക്രമാദ്ധ്യാത്മികത

## കൗദാശിക രഹസ്യങ്ങളും ശുശ്രൂഷാ പൗരോഹിത്യവും

കൂദാശകളെല്ലാം ഈശോമിശിഹായുടെ രക്ഷാകര രഹസ്യങ്ങളിൽനിന്നും ഉറവെടുത്തതാണെങ്കിലും ആചാരാനുഷ്ഠാനങ്ങളെന്ന നിലയിൽ അവയെല്ലാം അതിനുമുമ്പും സമൂഹത്തിൽ വിവിധ രീതികളിൽ നിലനിന്നിരുന്നവയാണ്. എന്നാൽ അവയുടെ സാംസ്കാരിക പശ്ചാത്തലവും വാച്യാർത്ഥങ്ങളും, അനുഷ്ഠാനാനുബന്ധിത ഫലങ്ങളുമെല്ലാം മിശിഹായുടെ സ്ലീവായിൽ രൂപാന്തരപ്പെടുകയും അവയുടെ ആത്യന്തികലക്ഷ്യത്തിലെത്തുകയും ചെയ്തു. ചിലപ്പോഴെങ്കിലും കൂദാശകൾ ഏതൊരു സമൂഹത്തിന്റെയും എന്നപോലെ സഭയെന്ന സമൂഹത്തിന്റെ ആചാരങ്ങളായിമാത്രം അവതരിപ്പിക്കപ്പെടുന്നു. കുദാശകളെ അവയുടെ ഉറവിടവും ദൈവിക രഹസ്യങ്ങളെന്ന യാഥാർത്ഥ്യവും അവഗണിച്ച് ആഘോഷിക്കുകയും ചെയ്യുന്നുണ്ട്.

മാമ്മോദീസ വിവിധതര ക്ഷാളനങ്ങളുടെയും, ശുദ്ധീകരണ കർമ്മങ്ങളുടെയും ഭാഗമായി ഉണ്ടായിരുന്നു. അതുവരെ നിലനിന്നിരുന്ന സ്നാനങ്ങൾ മിശിഹായിൽ പാപമോചനത്തിന്റെയും രക്ഷയുടെയും നവജീവന്റെയും ഉറവിടമായി രൂപാന്തരപ്പെട്ടു. മന്നയും ദൈവങ്ങൾക്കർപ്പിച്ച ഭക്ഷണവും സ്വർഗ്ഗീയ അപ്പത്തിൽ ഇല്ലാതായി. ദൈവാലയം ശുദ്ധീകരിച്ച് നവീകരിച്ച ഈശോ, അതിൽ രക്ഷയുടെ ഓർമ്മയായി യഹൂദജനത അർപ്പിച്ചിരുന്ന പെസഹാകുഞ്ഞാടും പുളിപ്പില്ലാത്ത അപ്പത്തിന്റെ പെസഹായും, അന്ത്യത്താഴത്തിൽ തന്നെത്തന്നെ എന്നേക്കുമായി ഭക്ഷണമായി നൽകി സ്ഥാപിച്ച തന്റെ

മരണത്തിന്റെയും ഉത്ഥാനത്തിന്റെയും കൂദാശയായ പരിശുദ്ധ കുർബാനയായി പവിത്രീകരിച്ചു. ഞങ്ങളുടെ ഹൃദയങ്ങളുടെ ആഴത്തിൽ നിന്ന് എന്ന ഗ്രന്ഥത്തിൽ ബനഡിക്ട് പതിനാറാമൻ പാപ്പ പഠിപ്പിക്കുന്നതുപോലെ (pp. 25-28) മനുഷ്യന്റെ ക്രൂരപ്രവൃത്തിയായ തന്റെ ക്രൂശുമരണത്തെ അവിടുന്നു അന്ത്യത്താഴത്തിൽ സ്നേഹത്തിന്റെയും സ്വയം സമർപ്പണത്തിന്റെയും പ്രവൃത്തിയായി രൂപാന്തരപ്പെടുത്തി. മനുഷ്യപാപത്തെ സ്നേഹത്തിന്റെയും അനുരഞ്ജനത്തിന്റെയും പ്രവൃത്തിയാക്കി മാറ്റി.

സൃഷ്ടിയിൽ ദൈവം ആരംഭിച്ചതെങ്കിലും മനുഷ്യരാൽ വിരൂപമാക്കപ്പെട്ട വിവാഹ ബന്ധത്തെ താനും ദൈവജനവുമായുള്ള സ്നേഹത്തിന്റെയും അവർക്കായുള്ള സമർപ്പണത്തിന്റെയും പ്രതീകമാക്കിതീർത്തു കൊണ്ട് ദൈവഹിതത്തിനനുസൃതമായ കുടുംബത്തിന് അടിസ്ഥാനമിട്ടു. തകർക്കപ്പെട്ട വിവാഹത്തെ അതിന്റെ പൂർണ്ണതയിലേക്ക് പവിത്രീകരിച്ച് രൂപപ്പെടുത്തി.

പാപത്തിന്റെ അടിമത്തത്തിൽനിന്നുള്ള മോചനത്തിനായി നിലനിന്നിരുന്ന പരിഹാരബലികൾ, പാപഫലമായ പുറത്താക്കലുകൾ, ശിക്ഷകൾ ഇവയുടെ സ്ഥാനത്ത് നമ്മുടെ കർത്താവിന്റെ സ്ലീവായിൽ ദൈവവും പാപത്തിനടിമയായ ലോകവും തമ്മിലുള്ള അനുരഞ്ജനം സാധിച്ചു. അനുഷ്ഠാനബന്ധിതമായ പാപപരിഹാര ശുശ്രൂഷകൾ അസാധുവാക്കപ്പെടുകയും സ്നേഹത്തിന്റെയും അനുരഞ്ജനത്തിന്റെയും പുതിയ ശുശ്രൂഷ, ദൈവത്തിന്റെ സ്വയംദാനവും മനുഷ്യന്റെ പ്രത്യുത്തരവും ഒന്നായി മാറിയ ഈശോയുടെ സ്ലീവായിലെ സമർപ്പണത്തിന്റെ ഫലമായ അനുരഞ്ജനകൂദാശയിൽ സഫലമായി. രോഗവും രോഗശാന്തിക്കായുള്ള വിവിധ മാർഗങ്ങളും എന്നും മനുഷ്യരുടെ ഇടയിൽ നിലനിന്നിരുന്നു. ചില രോഗങ്ങളെങ്കിലും മനുഷ്യനെ സമൂഹത്തിൽനിന്നും ബഹിഷ്കരിക്കുന്നതിനും ഇടയാക്കി. എന്നാൽ നമ്മുടെ രോഗങ്ങൾ ഏറ്റെടുത്തും, ബഹിഷ്കൃത രോഗികൾക്കും, രഹസ്യരോഗങ്ങളാൽ ക്ലേശിച്ചിരുന്ന

വർക്കും സൗഖ്യം പരസ്യമായി നൽകിയും ഈശോ രോഗവും സഹനവും രക്ഷകര അനുഭവാവസരങ്ങളാക്കി. രോഗികളെ ബഹിഷകരിക്കുകയല്ല, അവരെ സ്വീകരിക്കാനും അവർക്ക് സൗഖ്യ ശുശ്രൂഷ ചെയ്യുവാനും സ്വയം തയ്യാറാവുകയും രോഗശാന്തിശുശ്രൂഷ ശിഷ്യരെ ഭരമേൽപ്പിക്കുകയും ചെയ്ത ഈശോ രോഗീലേപനമെന്ന കൂദാശ സഭയ്ക്ക് നൽകി.

'ലോകസൃഷ്ടിക്കുമുമ്പുതന്നെ ദൈവത്തിന്റെ അനന്തജ്ഞാന ത്താൽ ഒരുക്കപ്പെട്ടിരുന്ന മഹനീയവും വിസ്മയാവഹവുമായ രക്ഷാപദ്ധതി മുഴുവനും കാലത്തിന്റെ തികവിൽ ഈശോമിശിഹാ തന്റെ കരങ്ങൾ വഴി നിറവേറ്റുകയും പൂർത്തിയാക്കുകയും ചെയ്തു..... സകലത്തിന്റെയും പൂർത്തീകരണവും സകലവും പൂർത്തിയാക്കുന്ന വനും അവിടുന്നാകുന്നു' (മാർ തെയദോറിന്റെ കൂദാശാക്രമം). ഈശോമിശിഹായിൽ പൂർത്തിയാക്കപ്പെട്ട രക്ഷാപദ്ധതിയുടെ യുഗാന്ത്യംവരെയുള്ള പങ്കാളിത്തവും ആഘോഷവുമാണ് കൂദാശകൾ. മിശിഹാകേന്ദ്രീകൃതവും രക്ഷാപദ്ധതിയുടെ തുടർച്ച യ്ക്കായി അവിടുന്നുസ്ഥാപിച്ച സഭയുടെ പ്രവർത്തനവുമെന്ന നിലയിൽ ഈ രഹസ്യങ്ങളെ മനസ്സിലാക്കുകയും അതിൽ പങ്കാളി കളാവുകയും ചെയ്യാതെ കൂദാശകളെ ഉൾക്കൊള്ളുവാൻ ആർക്കും സാധിക്കുകയില്ല.

### കൗദാശികരഹസ്യങ്ങളും പൗരോഹിത്യവും

കൗദാശികരഹസ്യങ്ങളിൽ പൗരോഹിത്യശുശ്രൂഷയ്ക്ക് സുപ്ര ധാന സ്ഥാനമുണ്ട്. നമ്മെ സംബന്ധിച്ച് ഇത് ധ്യാനവിഷയമാക്കുന്നത് ഉചിതമാണ്.

പ്രൊട്ടസ്റ്റന്റ് വിപ്ലവത്തിന്റെ ആരംഭംതന്നെ സഭയുടെ കൗദാ ശികരഹസ്യങ്ങളുടെ ആഘോഷങ്ങളുമായി ബന്ധപ്പെട്ട ചില തെറ്റായ വ്യാഖ്യാനങ്ങളായിരുന്നുവല്ലോ. ചില പുരോഹിതർ തത്തുല്യമായ മനോഭാവങ്ങളിലേക്ക് നീങ്ങുന്നതാണ് സഭയിലെ ഇന്നത്തെ

ആരാധനക്രമ അരാജകത്വത്തിനു കാരണം. ഇവിടെ നാം ശ്രദ്ധി ക്കേണ്ട കത്തോലിക്കാസഭയുടെ മതബോധനമിതാണ് (CCC 1132): "മാമ്മോദീസാപൗരോഹിത്യത്താലും അഭിഷിക്തപൗരോഹിത്യ ത്താലും സുസംഘടിതമാക്കിയിരിക്കുന്ന ഒരു പുരോഹിത സമൂഹം എന്നനിലയിൽ സഭ കൂദാശകൾ ആഘോഷിക്കുന്നു". പൗരോഹിത്യ അധികാരത്തിന്റെ അധീശത്വവും ദൈവത്തിന്റെ സ്വാതന്ത്ര്യംപോലും ഹനിക്കത്തക്ക മനോഭാവവും അന്നുണ്ടായിരുന്നു. ഒരുവന് പട്ടം കിട്ടിയാൽ പിന്നെ അയാൾ അനുഷ്ഠിക്കുന്ന ഏതുകർമ്മത്തിലും ഏതവസരത്തിലും ദൈവം കൃപയൊഴുക്കുമെന്ന ചിന്തയും, സഭയുടെ നിർദ്ദേശങ്ങൾ പാടെ തള്ളിയാലും പുരോഹിതൻ അർപ്പിക്കുന്ന ബലിയിൽ മിശിഹായുടെ പെസഹാരഹസ്യങ്ങളും അവിടുത്തെ കൗദാശിക സാന്നിധ്യവും ഉണ്ടാകുമെന്ന വികലദർശനവും ഇന്നുമു ണ്ട്. ഇവിടെ ദൈവത്തിനുപോലും ഇത്തരം വൈദികരുടെ കൽപ്പന യനുസരിക്കേണ്ടിവരുമെന്നാണ് അവർ കരുതുന്നത്. അവയെ കൂദാശകളെന്ന് വിളിക്കാനാവുമോ? പൗരോഹിത്യമാണോ കൂദാശകളുടെ അടിസ്ഥാനം? മിശിഹായുടെ മൗതികശരീരമെന്ന നിലയിൽ, അവിടുത്തെ ദൗത്യവാഹകയെന്നനിലയിൽ ശിരസ്സായ അവിടുത്തോട് ചേർന്ന് സഭ ചെയ്യുന്ന പ്രവൃത്തിയാണ് കൂദാശകളെ രക്ഷാകരമാക്കുന്നത്. മിശിഹായെക്കൂടാതെ സഭയ്ക്കോ വ്യക്തി കൾക്കോ രക്ഷയ്ക്കുള്ള ഒരുമാർഗവുമില്ല, നാമെല്ലാം രക്ഷിക്കപ്പെടു ന്നത് അവിടുന്ന് ഒരിക്കൽ എന്നേയ്ക്കുമായി തന്റെ ശരീരത്തെ സമർപ്പിച്ച നിത്യബലിയിലൂടെയാണ് (ഹെബ്രാ 10:10). ആ ബലിയി ലുള്ള പങ്കാളിത്തമാണ് കൂദാശകളിലൂടെ അവിടുന്ന് സഭയ്ക്ക് സമ്മാനിച്ചത്. ഇത് അവകാശമല്ല, ദാനമാണ്, കൃപയാണ്.

സഭയാണ് കൂദാശകളുടെ പരികർമ്മി; സഭയെയാണ് മിശിഹാ തന്റെ രക്ഷാദൗത്യവും രഹസ്യവും ഭരമേൽപിച്ചത്. സഭ ഒരു പുരോഹിതഗണമാണ്. 'നിങ്ങൾ.....ഈശോമിശിഹാവഴി ദൈവത്തിനു സ്വീകാര്യമായ ബലികളർപ്പിക്കുന്നതിന് വിശുദ്ധമായ ഒരു പുരോഹിത ജനമാവുകയും ചെയ്യട്ടെ.. നിങ്ങൾ തെരഞ്ഞെടുക്കപ്പെട്ട വംശവും

രാജകീയപുരോഹിതഗണവും വിശുദ്ധജനതയും ദൈവത്തിന്റെ സ്വന്തം ജനവുമാണ്' (1 പത്രോസ് 2: 5, 9). പുരോഹിതജനമായ സഭയാണ് കൗദാശികരഹസ്യങ്ങൾ ആഘോഷിക്കുവാൻ അവകാശമുള്ള സമൂഹം. അഭിഷിക്തപൗരോഹിത്യമെന്നത്, 'പൊതുപൗരോഹിത്യത്തിൽ അധിഷ്ഠിതവും എന്നാൽ അതിന്റെ ശുശ്രൂഷയ്ക്കായും മിശിഹായുടെ ദൗത്യത്തിലുള്ള മറ്റൊരു പങ്കുചേരലുണ്ട്; തിരുപ്പട്ടകൂദാശയിലൂടെ ലഭിക്കുന്നത്. ശിരസ്സായ മിശിഹായുടെ നാമത്തിലും വ്യക്തിത്വത്തിലും സമൂഹമധ്യേ സേവനം ചെയ്യുകയാണ് അതിന്റെ ധർമ്മം' (CCC 1591).

പുരോഹിതൻ എന്ന പേരുതന്നെ കൗദാശികരഹസ്യങ്ങളിലെ ശുശ്രൂഷാപൗരോഹിത്യത്തിന്റെ സ്ഥാനം വ്യക്തമാക്കുന്നുണ്ട്. പഴയനിയമത്തിൽ "കോഹൻ" എന്ന ഹീബ്രുപദത്തിൽ നിന്നാണ് പുരോഹിതൻ എന്ന പദം രൂപമെടുത്തത്. കുനിയുക അല്ലെങ്കിൽ ആദരവുകാട്ടുക എന്നും നേരെനില്ക്കുക എന്നും ഈ പദത്തിനർത്ഥമുണ്ട്. ഇതിന്റെ ആന്തരികചൈതന്യമറിയുവാൻ വിശുദ്ധഗ്രന്ഥത്തിലേക്ക്തന്നെ നാം തിരിയണം. "അക്കാലത്ത് കർത്താവിൻെറ ഉടമ്പടിയുടെ പേടകം വഹിക്കാനും അവിടുത്തെ സന്നിധിയിൽ അവിടുത്തേക്കു ശുശ്രൂഷ ചെയ്യാനും അവിടുത്തെ നാമത്തിൽ അനുഗ്രഹിക്കാനുമായി ലേവിയുടെ ഗോത്രത്തെ കർത്താവു വേർതിരിച്ചു" (നിയമ. 10:8). "നിങ്ങളുടെ സകല ഗോത്രങ്ങളിലുംനിന്നു തൻെറ മുന്നിൽ നില്ക്കാനും തൻെറ നാമത്തിൽ ശുശ്രൂഷ ചെയ്യാനും അവനെയും അവൻെറ പുത്രൻമാരെയുമാണല്ലോ എന്നേക്കുമായി നിന്റെ ദൈവമായ കർത്താവ് തിരഞ്ഞെടുത്തിരിക്കുന്നത്" (നിയമ 18:5).

പഴയനിയമ പൗരോഹിത്യത്തെസംബന്ധിച്ച് ഇവിടെ ഉദ്ധരിച്ച തിരുവചനങ്ങൾ പൗരോഹിത്യസൂചകമായ "കോഹൻ" എന്ന വാക്കിന്റെ അർത്ഥം വ്യക്തമാക്കുന്നുണ്ട്. "തന്റെ മുന്നിൽ നില്ക്കാനും തന്റെ നാമത്തിൽ ശുശ്രൂഷ ചെയ്യാനും" എന്ന ഭാഗം റോമൻ റീത്തിലെ രണ്ടാമത്തെ സ്തോത്രയാഗ പ്രാർത്ഥനയിൽ ഉൾപ്പെടുത്തി

യിരിക്കുന്നതിനെ വിശദീകരിച്ചുകൊണ്ട് ഞങ്ങളുടെ ഹൃദയങ്ങളുടെ ആഴത്തിൽ നിന്നും എന്ന ഗ്രന്ഥത്തിൽ ബനഡിക്ട് പതിനാറാമൻ പാപ്പ പൗരോഹിത്യത്തെക്കുറിച്ച് എഴുതുന്നു: "നിന്റെ സന്നിധിയിൽ നില്ക്കാനും നിന്നെ ശുശ്രൂഷിക്കാനും". പുരോഹിതൻ സത്യസന്ധനും തികഞ്ഞ ജാഗ്രത പുലർത്തുന്നവനും ധർമ്മത്തിൽ അടിയുറച്ചു നില്ക്കുന്നവനുമായിരിക്കണം (p.43). ദൈവസന്നിധിയിൽ നില്ക്കുകയും അവനെ ശുശ്രൂഷിക്കുകയും ചെയ്യുക എന്ന പ്രയോഗം പൗരോഹിത്യത്തിന്റെ സത്തയെ നിർവചിക്കുന്നു എന്ന് പാപ്പ പറയുന്നു. നിയമാവർത്തനം 10:9 സൂചിപ്പിക്കുന്നതുപോലെ അവർ ജീവിക്കുവാൻ വേണ്ടി സാധാരണ ജോലികൾ ചെയ്യാൻ കടപ്പെട്ടിരുന്നില്ല. അവരുടെ ഏകജോലി "കർത്താവിന്റെ സന്നിധിയിൽ നില്ക്കുക" എന്നതായിരുന്നു. അവിടുത്തേക്കുവേണ്ടിയായിരിക്കാനും അവിടുത്തെ നോക്കി പാർത്തിരിക്കാനും അപ്രകാരം ദൈവസന്നിധിയിലുള്ള ജീവിതവും മറ്റുള്ളവരെ പ്രതിനിധീകരിച്ചുള്ള ശുശ്രൂഷയുമാണ് ഇവിടെ അർത്ഥമക്കുന്നത് (p.42). നില്ക്കുക എന്നത് ജാഗ്രതയുടെ അടയാളമാണ്. പുരോഹിതൻ ഉണർന്നിരിക്കേണ്ടവനാണ്. തിന്മയുടെ ശക്തികൾക്കെതിരെ ജാഗ്രത പാലിക്കണം. ദൈവത്തിനുവേണ്ടി ജാഗ്രതയിൽ ലോകത്തെ കാത്തുസൂക്ഷിക്കണം. നന്മയുടെ ശുശ്രൂഷയിൽ തല്പരനായിരിക്കണം. പിതാവിന്റെ പക്കൽ നമുക്കായി മാധ്യസ്ഥ്യം വഹിക്കുന്ന കർത്താവിന്റെ മുമ്പിൽ ജനങ്ങൾക്കുവേണ്ടി എപ്പോഴും നില്ക്കേണ്ടവനാണ് പുരോഹിതൻ.

പരിശുദ്ധകുർബാനയുടെ ആഘോഷത്തിൽ പുരോഹിതൻ ദൈവത്തെയും മനുഷ്യരെയും ശുശ്രൂഷിക്കുകയാണ് ചെയ്യുന്നത്. നിത്യപുരോഹിതനായ മിശിഹാ സ്ലീവായിൽ മഹത്വീകരിക്കപ്പെട്ടു. ഈ മഹത്വീകരണം ഒരേസമയം അത്യഗാധതയിലേക്കുള്ള അവരോഹണവും (കുനിയുക) മനുഷ്യന്റെ യഥാർത്ഥ മഹത്വീകരണത്തിന്റെ ഉച്ചിയിലേക്കുള്ള ആരോഹണവുമാണ് (നിൽക്കുക). അതായത് ദൈവത്തിന്റെ ദാസനാകാനുള്ള ആഹ്വാനം സർവാത്മനാ സ്വീകരിക്കുക എന്നതാണ് പുരോഹിതധർമ്മം (pp.40-47). മാർ

നെസ്തോറിയസിന്റെ കൂദാശാക്രമത്തിൽ പുരോഹിതൻ ഇപ്രകാരം പ്രാർത്ഥിക്കുന്നു: "പുരോഹിതരുടെ ഗണത്തിൽ എന്നെ ചേർക്കുകയും നിന്റെ വിശുദ്ധരുടെ ഗണത്തിൽ എന്നെ ഉൾപ്പെടുത്തുകയും ചെയ്ത നിനക്കുസ്തുതി. നിന്റെ ജനത്തിനുവേണ്ടി മനോധൈര്യത്തോടെ മാധ്യസ്ഥ്യം വഹിക്കാൻ എന്നെ യോഗ്യനാക്കിയ കർത്താവേ നിനക്കുസ്തുതി......എളിയവനായ എന്റെ പ്രാർത്ഥന കേൾക്കണമേ. എന്തുകൊണ്ടെന്നാൽ നിന്റെ മുമ്പാകെ കുമ്പിട്ടുനിൽക്കാൻ ഈ സമയത്ത് എന്നെ നിയോഗിച്ചുവല്ലോ' (pp. 176-177) ഈ പ്രാർത്ഥനാ ഭാഗവും പുരോഹിതന്റെ ഈ വ്യക്തിത്വമാണ് വെളിപ്പെടുത്തുന്നത്.

**ക്രൈസ്തവജീവിതം : കൗദാശികജീവിതം**

മാമ്മോദീസ, തൈലാഭിഷേകം, പരിശുദ്ധകുർബാന എന്നീ പ്രവേശകകൗദാശികരഹസ്യങ്ങളിലൂടെ ഒരുവൻ മിശിഹായുടെ മൗതികശരീരവും ദൈവരാജ്യത്തിന്റെ കൂദാശയുമായ സഭയിലേക്ക് പ്രവേശിക്കുന്നു. അനുരഞ്ജനകൂദാശ, രോഗീലേപനം, തിരുപാഥേയം എന്നീ ദിവ്യരഹസ്യങ്ങളിലൂടെ ഒരുവൻ ദൈവരാജ്യപ്രവേശനത്തിന് ഒരുക്കമുള്ളവനായിത്തീരുന്നു. ദൈവരാജ്യത്തിനായി ആദ്ധ്യാത്മിക മക്കളെ ജനിപ്പിക്കാനും പോറ്റാനും അവരെ ദൈവരാജ്യപ്രവേശനത്തിനൊരുക്കുവാനും പൗരോഹിത്യവും, പൗരോഹിത്യ ശുശ്രൂഷചെയ്യുന്നവരെയും ദൈവരാജ്യത്തിനവകാശികളാകാനുള്ളവരെയും ജന്മം നൽകി പോറ്റിവളർത്തി സ്രഷ്ടാവും പരിപാലകനുമായ ദൈവത്തിന്റെ ഛായയും സാദൃശ്യവും പ്രകാശിപ്പിക്കുന്ന പിതാവും മാതാവുമായികൊണ്ട് സ്വർഗ്ഗീയഭവനത്തിന്റെ ഭൗമിക സാദൃശ്യമായി കുടുംബം രൂപപ്പെടുത്തുവാൻ വിവാഹമെന്ന ദൈവരഹസ്യവും വിശ്വാസികളെ പ്രാപ്തരാക്കുന്നു.

കൗദാശികരഹസ്യങ്ങളിലൂടെയുള്ള ഒരുവന്റെ തീർത്ഥാടനമാണ് സ്വർഗ്ഗരാജ്യതീർത്ഥാടനം. മനുഷ്യാവതാരത്തിന്റെ തുടർച്ചയെന്നനിലയിൽ സഭാസന്താനങ്ങളിലൂടെ ലോകാവസാനംവരെ തുടരുന്ന രക്ഷാപദ്ധതിയാണ് കൗദാശികരഹസ്യങ്ങൾ. അൾത്താരയിൽ

ആഘോഷിക്കപ്പെടുകയും ജീവിതത്തിൽ അന്വർത്ഥമാകുകയും രക്ഷകന്റെ രണ്ടാം വരവിൽ പൂർത്തീകരിക്കപ്പെടുകയും ചെയ്യുന്ന ദൈവകരുണയുടെ ദിവ്യസ്രോതസ്സ്.

**കൗദാശികരഹസ്യങ്ങളും വ്യക്തിജീവിതവും**

കൂദാശകൾ മനുഷ്യരുടെ ഇടയിലുള്ള മിശിഹായുടെ സജീവസാന്നിധ്യമാണ്. അതായത് മനുഷ്യാവതാരരഹസ്യത്തിന്റെ തുടർച്ചയാണ് കൂദാശകൾ. ആകയാൽ ഈ ദിവ്യരഹസ്യങ്ങളെ അനുഗ്രഹപ്രാപ്തിക്കുള്ള ഉപാധികളായി കാണാതെ ഈശോ മിശിഹായോടൊത്തുള്ള സഹവാസാനുഭവത്തിനുള്ള വേദിയായി കണേണ്ടതാണ്. പലപ്പോഴും കൃപ നഷ്ടമാകുന്ന അവസരത്തിൽ അതു തിരികെ ലഭിക്കാനോ, കൃപ കൂടുതൽ ആവശ്യമെന്നു തോന്നിക്കുമ്പോൾ അതു വർദ്ധിപ്പിക്കാനോ കുദാശകളെ ആശ്രയിക്കുന്നവരും ഉണ്ട്. എന്നാൽ മനുഷ്യനായി അവതരിച്ച ഈശോയെ തേടി അവിടുത്തെ ആധികാരികപ്രബോധനത്തിലും പ്രവൃത്തികളിലും അത്ഭുതപ്പെട്ട് ഓടിക്കൂടിയ ജനത്തെപ്പോലെ, അവിടുത്തെ പക്കൽ അണയുവാൻ കൗദാശികരഹസ്യങ്ങൾ നമുക്കവസരം നൽകുന്നു.

ചിലപ്പോഴെങ്കിലും കൂദാശകളെ സ്വീകരിക്കാനുള്ള വസ്തുക്കളായി കാണുന്നവരുണ്ട്. ഇത് വസ്തുക്കളോ, അനുഗ്രഹപ്രാപ്തിക്കുള്ള അനുഷ്ഠാനങ്ങളോ അല്ല, ഞാനും എന്റെ ദൈവവുമായി കണ്ടുമുട്ടുന്ന അവസരമാണ്. ഇവിടെ എന്റെ കർത്താവും ദൈവവുമായവന്റെ കാരുണ്യത്തിന്റെ രക്ഷാകര പ്രവൃത്തികളിൽ ഞാനും പങ്കാളിയായിക്കൊണ്ട് അവിടുത്തെ പക്കൽ നിന്നുള്ള രക്ഷ പ്രാപിക്കുന്നു. എമ്മാവൂസിലേക്കു പോയ ശിഷ്യർക്ക് വചനത്തിന്റെ പൊരുളുകൾ ചുരുൾ നിവർത്തി അവിടുന്ന് നൽകിയതുപോലെ കുദാശകളിൽ അവിടുന്ന് നമുക്ക് വിശുദ്ധീകരിക്കുന്ന (യോഹ 15:3), ആത്മാവും ജീവനുമായ (യോഹ 6:63), നിത്യജീവന്റെ (യോഹ 6:68)

വചനത്തെ സഭാമാതാവിന്റെ അധരങ്ങളിലൂടെ, പൗരോഹിത്യ ശുശ്രൂഷകന്റെ സ്വരത്തിലൂടെ സംലഭ്യമാക്കുന്നു. എമ്മാവൂസിൽ മുറിക്കപ്പെട്ട അപ്പത്തിൽ അവിടുത്തെ സാന്നിധ്യമനുഭവിച്ച ശിഷ്യരെപ്പോലെ നമുക്കും കൂദാശകളിൽ അവിടുത്തെ പെസഹാരഹസ്യങ്ങളുടെ ആഘോഷത്തിലൂടെ അവിടുത്തെ അനുഭവിക്കാൻ സാധ്യത നൽകുന്നു.

എമ്മാവൂസ് ശിഷ്യരിൽ സംഭവിച്ചതുപോലെ ജീവിതവഴിത്തിരിവും അവിടുത്തെ കണ്ടുമുട്ടിയ ഏവരിലും വന്ന വ്യത്യസ്തങ്ങളായ രൂപാന്തരീകരണം പോലെ ജീവിതനവീകരണവും നമ്മിലും സംഭവിക്കാൻ അവസരമുണ്ടാക്കുന്നു. പാപിക്ക് പാപമോചനം, രോഗിക്ക് സൗഖ്യം, വിശ്വാസിക്ക് ദൈവാനുഭവം, ഇങ്ങനെ വ്യത്യസ്തജീവിതസാഹചര്യങ്ങൾക്കനുസൃതം കൂദാശകളിൽ അണയുന്നവരുടെ അവസ്ഥാനുസൃതം അവിടുത്തെ സാമീപ്യം അനുഭവവേദ്യമാകുന്നു. പാപരഹിതരും കൃപാവരപൂർണ്ണരുമായ വർക്കുപോലും ഈലോകത്തിലായിരിക്കുവോളം കാലം കൗദാശികരഹസ്യങ്ങൾ ആവശ്യമാണെന്നതിനു കാരണം കൂദാശകൾ ദൈവവുമായി ഞാൻ-നീ (I-Thou) ബന്ധം സാധ്യമാക്കുന്നു എന്നതാണ്. സൗഹൃദത്തിലായിരിക്കുന്നവർ സാമീപ്യവും സംഭാഷണവും കൂടുതലായി ആഗ്രഹിക്കുന്നുവെന്നതാണ് ആവർത്തിത കൗദാശിക ആഘോഷങ്ങളിലേക്ക് നമ്മെ നയിക്കുന്നത്.

ഇതിനാലാണ് കൂദാശാനുകരണങ്ങളോടോ ഭക്താനുഷ്ഠാനങ്ങളോടോ തുലനം ചെയ്യാൻ കഴിയാത്തവിധം കൗദാശിക രഹസ്യങ്ങൾ അനന്യമായിരിക്കുന്നുവെന്ന് സഭ പഠിപ്പിക്കുന്നത്. അതുകൊണ്ടു തന്നെ ഭക്തകൃത്യങ്ങൾക്ക് ഇവയെക്കാൾ പ്രാധാന്യം നൽകുന്ന പ്രവണതകളെ നിയന്ത്രിക്കേണ്ടിയിരിക്കുന്നു. ആരാധന ക്രമത്തിന്റെ കേന്ദ്രമായിരിക്കുന്ന കൂദാശകളിലേക്ക് നയിക്കുന്നവയായിരിക്കണം ഭക്താനുഷ്ഠാനങ്ങളെന്നും സഭ പഠിപ്പിക്കുന്നു.

**സമാപനം**

കൗദാശികരഹസ്യങ്ങളുടെ ദൈവികസ്വഭാവം മറക്കുന്നതു കൊണ്ടാണ് അവ വികലമായി പരികർമ്മം ചെയ്യുന്നതും അവയെ പുരോഹിതരുടെ ഇഷ്ടംപോലെ കൈകാര്യം ചെയ്യുവാൻ ശ്രമിക്കുന്നതും. അവയിലൂടെ ദൈവികവെളിപാടു തുടരുകയും ദൈവികസാന്നിധ്യം ലഭ്യമാവുകയും ചെയ്യുന്നു എന്ന അടിസ്ഥാന ചിന്ത പലർക്കും നഷ്ടപ്പെടുന്നു. ആരാധകർക്ക് അനുഭൂതിജന്യമായ വിധം പുരോഹിതന്റെ സർഗ്ഗാത്മകതയ്ക്കനുസൃതം ആഘോഷിച്ച് കൃപചൊരിയാനാവുമെന്ന ധാരണ കൂദാശകളുടെ അടിസ്ഥാന ദർശനം മറക്കുന്നതിനാലാണ്. ഇവയെ പുരോഹിതന്റെ കൈകളിലെ മാന്ത്രികവടിയായി കാണുന്ന പൗരോഹിത്യ അതിപ്രസരം സഭയെന്ന പുരോഹിതഗണത്തിന്റെ ആഘോഷമാണ് കൗദാശികരഹസ്യമെന്ന യാഥാർഥ്യത്തെ മറക്കുന്നു.

കൂദാശകളുടെ കൂദാശയെന്നുവിശേഷിപ്പിക്കപ്പെടുന്ന പരിശുദ്ധ കുർബാനയുമായി ബന്ധപ്പെട്ട തിരുവചനത്തിലെ ചില സൂചനകൾ കൂദാശകളെക്കുറിച്ച് നമുക്ക് ചില ചിന്തകൾ നൽകുന്നുണ്ട്. പരിശുദ്ധകുർബാന സ്ഥാപിച്ച പെസഹായുടെ ഒരുക്കത്തെക്കുറിച്ചുള്ള ചോദ്യത്തിന് ഈശോ നൽകുന്ന മറുപടിയിൽ "പട്ടണത്തിൽ പോയി ഇന്നയാളുടെ അടുത്തു ചെന്നുപറയുക" (മത്താ 26:18) എന്നല്ലാതെ വ്യക്തിയുടെ പേര് സുവിശേഷകൻ പരാമർശിക്കുന്നില്ല. ഇത്രയും വലിയൊരു സംഭവം നടന്ന ഭവനത്തിന്റെ ഉടമയുടെ പേര് അറിയില്ലാഞ്ഞിട്ടോ? ഈശോയുടെ പെസഹാസംഭവങ്ങൾക്ക് ആരംഭം കുറിച്ച ജരൂസലേം പ്രവേശനത്തിൽ ഉപയോഗിച്ച കഴുതയുടെ ഉടമയെയും സുവിശേഷകൻ പരിചയപ്പെടുത്തുന്നില്ല (മത്താ 21: 2-3). കൂടാതെ കുർബാനയുടെ പ്രതീകമായ അപ്പം വർദ്ധിപ്പിക്കുന്ന സംഭവത്തിൽ അപ്പം നൽകിയ ബാലനെയും നമുക്കറിഞ്ഞുകൂടാ (യോഹ 6:9). കൂദാശകളുടെ ആഘോഷത്തിൽ വ്യക്തികളും വസ്തുക്കളും അടയാളങ്ങളുമെല്ലാമുണ്ട്. എന്നാൽ

അവയല്ല, അവിടെ സംഭവിക്കുന്ന രൂപാന്തരീകരണ രഹസ്യമാണ് പ്രധാനം. വി. പൗലോസ് ശ്ലീഹാ സാക്ഷ്യപ്പെടുത്തുന്നതുപോലെ ''കർത്താവിൽ നിന്ന് എനിക്കു ലഭിച്ചതും ഞാൻ നിങ്ങളെ ഭരമേല്പിച്ചതുമായ കാര്യം ഇതാണ്'' (1 കോറി 11:23) എന്ന ദർശനമാണ് കൂദാശകളെ സംബന്ധിച്ച് നമുക്കുണ്ടാവേണ്ടത്. ഇവിടെ നാമല്ല ദൈവമാണ് നമ്മിൽ പ്രവർത്തിക്കുന്നത്, ഇത് നമ്മുടെ അവകാശമല്ല, നമുക്കുള്ള ദൈവികദാനമാണ്. നാമല്ല ഇതിന്റെ അധികാരി, സഭയാണ്.

ആകയാൽ ദാനമായി അവിടുന്നു നൽകിയ കൗദാശികരഹസ്യങ്ങളെ ദാനമായി മറ്റുള്ളവർക്ക് നൽകുവാൻ സഭയും സഭയുടെ ശുശ്രൂഷകരായ പുരോഹിതരും കടപ്പെട്ടിരിക്കുന്നു. കൂദാശകൾക്ക് വിലപറയരുതെന്ന് ഫ്രാൻസീസ് പാപ്പ ഓർമ്മപ്പെടുത്തുന്നു. ഇടവകയിലെ സാമ്പത്തിക കുടിശിക, ഭൗതികമാത്രമായ പ്രശ്നങ്ങൾ ഇവയുടെ പേരിൽ ഒരുവനും കൂദാശകൾ നിഷേധിക്കപ്പെടരുത്, എന്നാൽ കൂദാശകൾ യോഗ്യതയോടെ സ്വീകരിക്കുന്നതിനു തിരുവചനം നിർദ്ദേശിക്കുന്ന കാര്യങ്ങളെക്കുറിച്ചുള്ള പ്രബോധനം നിരന്തരം നൽകേണ്ടതുണ്ട്. ദൈവവും മനുഷ്യനുമായുള്ള അനുരഞ്ജനം അതിൽ ഒന്നാമത്തെ യോഗ്യതയായി ഈശോ നിർദ്ദേശിക്കുന്നു; പൗലോസ് ശ്ലീഹാ കോറിന്തോസിലെ സഭയെ പഠിപ്പിക്കുന്നു. അത്തരത്തിൽ സഭാനേതൃത്വത്തോടോ ദൈവജനത്തോടോ ഭിന്നതയിൽ കഴിയുന്ന വൈദികനോ വിശ്വാസസമൂഹത്തിനോ കൂദാശകൾ നാശത്തിനു കാരണമായിത്തീരാം - യൂദാസ് ആദ്യത്തെ കുർബാനയിൽ പങ്കുചേർന്നതുപോലെ.

**ഫാ. തോമസ് പൂവത്താനിക്കുന്നേൽ**



# പ്രീസ്റ്റ് വെൽഫെയർ അസോസിയേഷൻ

**Contribution of Priests**

| | |
|---|---|
| റവ. ഫാ. സുനിൽ ചെറുശ്ശേരിയിൽ | 8,060/- |
| റവ. ഫാ. സിജു സേവ്യർ കൊച്ചുവീട്ടിൽ | 15,000/- |
| റവ. ഫാ. സോണി മണക്കാട്ട് | 17,000/- |
| റവ. ഫാ. ഇമ്മാനുവേൽ മങ്കന്താനം | 15,000/- |

**ഫാ. ജോസ് മാത്യു പറപ്പള്ളിൽ**
**(പ്രസിഡന്റ്)**

---

## സ്നേഹസ്മരണയ്ക്ക്



റവ. ഫാ. ഫിലിപ്പ് പരുവനാനി
07-07-2012



റവ. ഫാ. ജോൺ കുന്നപ്പള്ളി
11-07-1993



റവ. ഫാ. മാത്യു കാപ്പുകാട്ട്
19-07-1990



റവ. ഫാ. ജോർജ് കോലത്ത്
24-07-2003

# അജപാലനോത്തേജന വിഭാഗം

**കുടുംബക്കൂട്ടായ്മകളിൽ ഛായാചിത്രപ്രയാണം**

മാർത്തോമ്മാശ്ലീഹായുടെ 1950-ാം ദുക്റാനയോടനുബന്ധിച്ച് കുടുംബക്കൂട്ടായ്മകളിലെ ഭവനങ്ങളിലൂടെ ഛായാചിത്രപ്രയാണം ക്രമീകരിക്കുന്നതിന് നേതൃത്വം വഹിക്കുന്നവർക്ക് അഭിനന്ദനങ്ങൾ. ജൂലൈ ആദ്യആഴ്ചകളിൽ തന്നെ പ്രയാണം ആരംഭിച്ച് മൂന്ന് മാസത്തിനുള്ളിൽ സമാപിക്കാവുന്ന വിധത്തിൽ സജ്ജീകരിക്കുന്നതിന് ശ്രദ്ധിക്കുമല്ലോ.

**കുടുംബക്കൂട്ടായ്മ ലീഡേഴ്സ് : ഇടവകകളിൽ സെമിനാർ**

കുടുംബക്കൂട്ടായ്മകളുടെ പ്രാധാന്യത്തെക്കുറിച്ച് ബോധ്യങ്ങൾ നല്കുവാനുതകുന്ന വിധത്തിലുള്ള പരിശീലന പരിപാടി ഇടവകകളിലെ കുടുംബക്കൂട്ടായ്മ ലീഡേഴ്സിന് ക്രമീകരിക്കുന്നതിന് ശ്രദ്ധിക്കാം. ഇടവക റിസോഴ്സ് ടീമിനെ (വിശ്വാസപരിശീലകർ, സംഘടന പ്രതിനിധികൾ... etc.) രൂപീകരിച്ച് കുടുംബക്കൂട്ടായ്മകളിലൂടെ പരിശീലന പരിപാടി ക്രമീകരിക്കുന്നത് ഫലപ്രദമായിരിക്കും. ഓരോ ഇടവകയിലുമെത്തി കുടുംബക്കൂട്ടായ്മാ ലീഡേഴ്സിനും മേൽപറഞ്ഞ വിധത്തിലുള്ള റിസോഴ്സ് ടീമിനും ക്ലാസുകൾ നല്കുന്നതിന് താഴെ പറയുന്ന വൈദികർ സന്നദ്ധരാണ്. ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ പ്രസ്തുത വൈദികരുടെ സേവനം പ്രയോജനപ്പെടുത്തി കുടുംബക്കൂട്ടായ്മകളെ നമുക്കു ശക്തിപ്പെടുത്താം.

1. റവ. ഫാ. ജോർജ് അനന്തക്കാട്ട് : 9656717773
2. റവ. ഫാ. ജോസ് ചവറപ്പുഴ : 9645555229
3. റവ. ഫാ. ജോസ് മാത്യു പറപ്പള്ളിൽ : 9447288892

4. റവ. ഫാ. വിൽഫിച്ചൻ തെക്കേവയലിൽ : 8289818258
5. റവ. ഫാ. ജോസ് വലിയകുന്നത്ത് : 8943241127
6. റവ. ഫാ. അജോ പേഴുംകാട്ടിൽ : 9567552719
7. റവ. ഫാ. മൈക്കിൾ കിഴക്കേൽ : 9400957947
8. റവ. ഫാ. നോബിൾ പൊടിമറ്റത്തിൽ : 9495169083
9. റവ. ഫാ. പീറ്റർ കിഴക്കേൽ : 9495820095
10. റവ. ഫാ. തോമസ് കപ്പിയാങ്കൽ : 9495572099
11. റവ. ഫാ. വർഗ്ഗീസ് ഞള്ളിമാക്കൽ : 9947737340
12. റവ. ഫാ. തോമസ് കാഞ്ഞിരക്കാട്ട് : 9497328921
13. റവ. ഫാ. അജി അത്തിമൂട്ടിൽ : 9447230702
14. റവ. ഫാ. തോമസ് നല്ലൂർകാലായിപറമ്പിൽ : 9446136262
15. റവ. ഫാ. ജോർജ് തെരുവംകുന്നേൽ : 9947600802
16. റവ. ഫാ. ജോൺ മതിയത്ത് : 8547050121
17. റവ. ഫാ. തോമസ് കാരുവള്ളിൽ : 9496803692
18. റവ. ഫാ. അബ്രാഹം കൊച്ചുവീട്ടിൽ : 9496443759
19. റവ. ഫാ. ജേക്കബ് പീടികയിൽ : 9744445924
20. റവ. ഫാ. ജയിംസ് തെക്കുംചേരിക്കുന്നേൽ : 9447288890
21. റവ. ഫാ. വർഗ്ഗീസ് ചിറയ്ക്കൽ : 8281861971
22. റവ. ഫാ. വർഗ്ഗീസ് പുതുപ്പറമ്പിൽ : 9446120295
23. റവ. ഫാ. കുര്യാക്കോസ് വടക്കേടത്ത് : 9447761818
24. റവ. ഫാ. ജോസുകുട്ടി ഇടത്തിനകം : 9048521350

**ജീവൻ ദശാംശശേഖരണം**

ജീവൻ ദശാംശശേഖരണം പൂർത്തിയാക്കുന്നതിന് നേതൃത്വം വഹിച്ചവരെ നന്ദിയോടെ അനുസ്മരിക്കുന്നു. വിവിധ സാഹചര്യങ്ങൾ മൂലം ദശാംശശേഖരണം പൂർത്തിയാക്കുവാൻ സാധിക്കാത്ത ഏതാനും ഇടവകകളിൽ നിന്നുകൂടി എത്രയും വേഗം തുക കൈമാറാനാവുമെന്ന് കരുതുന്നു. അതിനാൽ വിഹിതവിതരണം ജൂലൈ മാസത്തിൽ ആരംഭിക്കുന്നതാണ്.

**Account details**

**Diocese of Kanjirapally**
**(Fr. Sibandhu Devasia & Fr. Stanly Eapen)**
**A/C No. 10310100237040**
**Federal Bank, Kanjirapally Branch**
**IFSC - FDRL0001031, Mob: 9645674443**

അല്ലെങ്കിൽ

**Procurator, Tithe Programme**
**A/C No. 07, Sahyadri Co-operative Credit Society**
**Main Branch, Kanjirapally**

**ഫാ. സ്റ്റനിസ്ലാവൂസ് പുള്ളോലിക്കൽ**
**ഡയറക്ടർ**

# റെയിൻബോ 2021

റയിൻബോ പദ്ധതി ഭവനനിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

**കൂവപ്പള്ളി ശിലാസ്ഥാപനം**

റെയിൻബോ പദ്ധതിയിൽ ജീസസ്സ് യൂത്ത് നിർമ്മിക്കുന്ന ഭവനത്തിന്റെ ശിലാസ്ഥാപനം കൂവപ്പള്ളിയിൽ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് നിർവ്വഹിച്ചു. വികാരി ജനറാൾ ഏറ്റവും ബഹുമാനപ്പെട്ട ബോബി അലക്സ് മണ്ണംപ്ലാക്കൽ അച്ചൻ, ഇടത്തിനകം ജോസുകുട്ടി അച്ചൻ, തെരുവുംകുന്നേൽ ജോർജ്ജച്ചൻ, ജോസ് മടുക്കക്കുഴി, ബിൻസ്, ചക്കുംമൂട്ടിൽ ജോസഫച്ചൻ എന്നിവർ സന്നിഹിതരായിരുന്നു. കൂവപ്പള്ളി പള്ളി മുൻ വികാരി മടുക്കക്കുഴി ഇമ്മാനുവേലച്ചനാണ് സ്ഥലം കണ്ടെത്തുന്നതിന് നേതൃത്വം നല്കിയത്. സ്ഥലം ആധാരം ചെയ്തു നല്കി.

**പുത്തൻകൊരട്ടി (മണങ്ങല്ലൂർ)**

പുത്തൻകൊരട്ടി (മണങ്ങല്ലൂർ) ഭാഗത്തെ നാല് പ്ലോട്ടുകളും ചാമംപതാൽ ഭാഗത്തെ രണ്ടു പ്ലോട്ടുകളും ഗുണഭോക്താക്കളുടെ പേരിൽ യഥാക്രമം 2022 ജൂൺ 6, ജൂൺ 25 തീയതികളിൽ ആധാരം ചെയ്തു നല്കി. പുത്തൻകൊരട്ടിയിൽ മാർട്ടിൻ, ബെന്നി സ്രാകത്ത്, ചാമംപതാലിൽ സൈമൺ കൊച്ചുപുരയ്ക്കൽ എന്നിവരാണ് സ്ഥലങ്ങൾ സൗജന്യമായി നൽകിയത്.

**ഫാ. സ്റ്റാൻലി പുള്ളോലിക്കൽ**
**ജനറൽ കോർഡിനേറ്റർ**

# വിശ്വാസജീവിത പരിശീലനം

**2022 ജൂലൈ മാസത്തെ കർമ്മപരിപാടികൾ**

| | | |
|---|---|---|
| 3 ഞായർ | : | നമ്മുടെ പിതാവായ മാർത്തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ, സഭാദിനം, പൊതുസമ്മേളനം |
| 9 ശനി | : | സി.റ്റി.സി. 37-ാം ബാച്ച് ഉദ്ഘാടനം: കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ രാവിലെ 9.30 ന് തുടർന്ന് ക്ലാസ് 3.30 pm വരെ |
| 28 വ്യാഴം | : | HDC കോഴ്സ് ഉദ്ഘാടനം: പാസ്റ്ററൽ സെന്റർ കാഞ്ഞിരപ്പള്ളി രാവിലെ 10 മണിക്ക്. |
| | – | വി. അൽഫോൻസാമ്മയുടെ തിരുനാൾ |

**2022 ഓഗസ്റ്റ്**

| | | |
|---|---|---|
| 4 വ്യാഴം | : | വൈദികരുടെ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ. |
| 13 ശനി-15 തിങ്കൾ | : | Basic Training Course (BTC) നിർമ്മല റിന്യുവൽ സെന്റർ, പൊടിമറ്റം |
| 15 തിങ്കൾ | : | പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം, ഇന്ത്യൻ സ്വാതന്ത്ര്യദിനം. |

## CTC ക്ലാസ്

നമ്മുടെ രൂപതയിലെ വിശ്വാസജീവിത പരിശീലകർക്ക് തങ്ങളുടെ ശുശ്രൂഷ കാര്യക്ഷമമായി നിർവഹിക്കുന്നതിന് അവരെ പര്യാപ്തരാക്കുവാൻ വിശുദ്ധഗ്രന്ഥം, സഭാചരിത്രം, ആരാധനക്രമം, സഭാ വിജ്ഞാനീയം, കൂദാശകൾ, ധാർമികത, സഭാ നിയമങ്ങൾ, ബോധനരീതികൾ തുടങ്ങിയ വിഷയങ്ങളിൽ കൂടുതൽ അറിവ് നൽകുന്നതിനായി ക്രമീകരിച്ചിരിക്കുന്ന അധ്യാപക പരിശീലന പരിപാടിയാണ് Catechesis' Training Course (C.T.C.).

ഒരു വർഷമെങ്കിലും അധ്യാപന പരിചയമുള്ളവരും Basic Training Course (BTC) യിൽ പങ്കെടുത്തവരും തുടർന്ന് ഈ രംഗത്ത് ശുശ്രൂഷ ചെയ്യുവാൻ താല്പരരുമായവരെയാണ് CTC ക്ക് അയയ്ക്കേണ്ടത്. കോഴ്സ് ഫീസ് 4,000 രൂപയാണ്. ഇതിൽ 2000 രൂപ രജിസ്ട്രേഷൻ ഫീസായി ആരംഭത്തിൽ നൽകുകയും ബാക്കി 2000 രൂപ ഒന്നോ രണ്ടോ ഗഡുക്കളായി 2022 ഡിസംബർ 31-നു മുമ്പായി അടയ്ക്കുകയുമാണ് വേണ്ടത്. എല്ലാ രണ്ടാം ശനിയാഴ്ചകളിലും ഉള്ള ക്ലാസുകളും ഒരു ക്യാമ്പും ഉൾപ്പെടുന്നതാണ് ഈ കോഴ്സ്. ഈ വർഷത്തെ ക്ലാസ് ദിവസങ്ങൾ കലണ്ടറിൽ നൽകിയിട്ടുണ്ട്. ഹെഡ്മാസ്റ്റർമാരാകാൻ CTC മിനിമം യോഗ്യതയാണ് എന്ന കാര്യം പരിഗണിച്ച് യോഗ്യരായവരെ പ്രസ്തുത കോഴ്സിൽ പങ്കെടുപ്പിക്കാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

CTC യുടെ മുപ്പത്തിയേഴാം ബാച്ച് ജൂലൈ ഒൻപതാം തീയതി അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് ഉദ്ഘാടനം ചെയ്യും. റവ. ഡോ. സേവ്യർ കൊച്ചുപറമ്പിൽ ക്ലാസ് നയിക്കും.

### മാതാപിതാക്കൾക്കുള്ള സെമിനാറും Parent's Teacher's Forum (PTF) രൂപീകരണവും

ജൂലൈ, ഓഗസ്റ്റ് മാസങ്ങളിലായി സൺഡേസ്കൂൾ കുട്ടികളുടെ മാതാപിതാക്കൾക്ക് ഇടവക തലത്തിൽ സെമിനാറുകൾ നടത്തി PTF പ്രതിനിധികളെ തെരഞ്ഞെടുത്ത് പേരുവിവരം ഓഗസ്റ്റ് 30-ന് മുമ്പ് ഫൊറോന ഡയറക്ടറച്ചന്മാരേയോ ഫൊറോനാ സെക്രട്ടറിമാരെയോ ഏൽപ്പിക്കുക.

### സ്ഥിതിവിവരം

എല്ലാ സൺഡേസ്കൂളിലെയും സ്ഥിതിവിവരം, അധ്യാപകരുടെ പേരുകളും ഫോൺ നമ്പരുകളും തെറ്റുകൂടാതെ ചേർത്ത് എത്രയും വേഗം കേന്ദ്ര ഓഫീസിൽ എത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

സ്ഥലംമാറ്റം ലഭിച്ചു വന്ന സൺഡേസ്കൂൾ അധ്യാപകരായ ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന്റെ വിവരങ്ങൾ അവർ മാറിവന്ന ഇടവക ഏതാണെന്ന് ഓഫീസിൽ വിളിച്ച് അറിയിച്ചാൽ ട്രാൻസ്ഫർ ചെയ്തു തരുന്നതായിരിക്കും. കഴിയുന്നതും സിസ്റ്റേഴ്സിന്റെ പ്രൊഫൈൽ ഡിലീറ്റ് ചെയ്യാതെ ശ്രദ്ധിക്കുമല്ലോ.

## പ്ലസ് ടു സർട്ടിഫിക്കറ്റ്

2022 മാർച്ചിൽ പന്ത്രണ്ടാം ക്ലാസ് പൂർത്തിയാക്കിയിട്ടുള്ള കുട്ടികളുടെ സർട്ടിഫിക്കറ്റ് ഓഫീസിൽ നിന്നും ലഭിക്കേണ്ടവർ വരുന്നതിനു മുൻപ് അറിയിച്ചാൽ അവ തയ്യാറാക്കി വയ്ക്കുന്നതാണ്.

## സീസൺസ് ക്വിസ്

ഉയിർപ്പുകാലത്തെ അടിസ്ഥാനമാക്കി നടത്തപ്പെട്ട സീസൺസ് ക്വിസിൽ വിവിധ ഇടവകകളിൽ നിന്നും 35 കുട്ടികൾ മുഴുവൻ മാർക്ക് നേടി. മുഴുവൻ മാർക്ക് നേടിയ കുട്ടികളിൽ നിന്നും നറുക്കിട്ട് തെരഞ്ഞെടുത്ത വിജയി:- അഡോണ പുളിഞ്ചിമൂട്ടിൽ, വലിയതോവാള. സീസൺസ് ക്വിസിന്റെ ഒൻപത് മത്സരങ്ങളുടേയും വിജയികൾക്കുള്ള സമ്മാനങ്ങൾ ജൂലൈ മാസത്തിലെ രൂപതാ ബുള്ളറ്റിനോടൊപ്പം ഇടവകകളിൽ എത്തിക്കുന്നതാണ്. വിജയികൾക്ക് അവ നൽകാനുള്ള ക്രമീകരണങ്ങൾ ചെയ്യുമല്ലോ.

## Higher Diploma Course (HDC)

കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം ആഴത്തിൽ പഠിക്കുന്നതിന് വിശ്വാസപരിശീലകർക്കുള്ള സുവർണ്ണാവസരമാണ് HDC. CTC യോ കെരിഗ്മ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ദൈവശാസ്ത്ര കോഴ്സോ പൂർത്തിയാക്കിയവർക്ക് HDC യിൽ ചേരാവുന്നതാണ്. കൂടുതൽ വിവരങ്ങൾ ബ്രോഷറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## ലഘുവീഡിയോകൾ

മാർത്തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950 -ാം വാർഷികം പൂർത്തിയാക്കുന്ന അവസരത്തിൽ മാർത്തോമ്മാ നസ്രാണി പാരമ്പര്യത്തെ കുറിച്ച് അറിവ് നൽകുന്ന 7 ലഘുവീഡിയോകൾ ദുക്റാന തിരുനാളിനോടനുബന്ധിച്ച് സുവാറ പുറത്തിറക്കുന്നു.

**ഫാ. ഫിലിപ്പ് വട്ടയത്തിൽ**
**ഡയറക്ടർ**

# ചെറുപുഷ്പ മിഷൻ ലീഗ്

**ജൂലൈ മാസത്തെ കർമ്മപരിപാടികൾ**

2 ശനി : ലോഗോസ് കാമ്പെയിൻ (ഇടവകകളിൽ)

9, 16, 23 : CML മേഖലാതല നേതൃത്വ സംഗമം

28 വ്യാഴം : മിഷൻലീഗിന്റെ സഹമദ്ധ്യസ്ഥയായ വി. അൽഫോൻസാമ്മയുടെ തിരുനാൾ

30 ശനി : ലോഗോസ് ക്വിസ് 2022 രജിസ്ട്രേഷൻ ഫോമുകൾ രൂപതാ കേന്ദ്രത്തിൽ എത്തിക്കുന്നതിനുള്ള അവസാനദിവസം

**മേഖലാതല നേതൃത്വ സംഗമം**

മിഷൻലീഗ് ഇടവകതല ആനിമേറ്റേഴ്സ് ഓർഗനൈസേഴ്സ് എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവരുടെ മേഖലാതല സമ്മേളനങ്ങൾ യഥാക്രമം ജൂലൈ 9, 16, 21 തീയതികളിൽ താഴെ പറയുന്ന കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്.

| തീയതി | ഫൊറോന | സ്ഥലം | സമയം |
|---|---|---|---|
| 9 ശനി | എരുമേലി, റാന്നി, പത്തനംതിട്ട | എരുമേലി ഫൊറോന കേന്ദ്രം | 10 am to 12 noon |
| | കാഞ്ഞിരപ്പള്ളി പൊൻകുന്നം | പാസ്റ്ററൽ സെന്റർ കാഞ്ഞിരപ്പള്ളി | 2 pm to 4 pm |

| തീയതി | ഫൊറോന | സ്ഥലം | സമയം |
|---|---|---|---|
| | | | |
| 16 ശനി | അണക്കര, കുമളി | അണക്കര PAC | 10 am to 12 noon |
| | കട്ടപ്പന, ഉപ്പുതറ | മേരികുളം സെന്റ് ജോർജ് പാരീഷ് ഹാൾ | 2 pm to 4 pm |
| | മുണ്ടിയെരുമ | പുളിയന്മല പാരീഷ് ഹാൾ | 2 pm to 4 pm |
| 23 ശനി | മുണ്ടക്കയം | മുണ്ടക്കയം ഫൊറോന കേന്ദ്രം | 10 am to 12 noon |
| | പെരുവന്താനം | പെരുവന്താനം ഫൊറോന കേന്ദ്രം | 10 am to 12 noon |
| | വെളിച്ചിയാനി | വെളിച്ചിയാനി പാരീഷ് ഹാൾ | 2 pm to 4 pm |

**ലോഗോസ് ക്വിസ് 2022**

രണ്ടു വർഷത്തെ ഇടവേളയ്ക്കുശേഷം സാധാരണ നിലയിൽ ലോഗോസ് ക്വിസ് 2022 ഈ വർഷം നടത്തപ്പെടുന്നതാണ്. ഇതിന്റെ രജിസ്ട്രേഷൻ മുൻപ് ചെയ്തിരുന്നതുപോലെ തന്നെ ഓൺലൈനിൽ ചെയ്യാൻ സാധിക്കും. സൈറ്റ് ഇപ്പോൾ തന്നെ ഓപ്പൺ ആയിട്ടുണ്ട്. ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക പരീക്ഷ ഇത്തവണ നടത്തപ്പെടുന്നതാണ്. രജിസ്ട്രേഷൻ ഫീസ് Rs.10/- (കേന്ദ്ര ഓഫീസിൽ അടയ്ക്കേണ്ടത് Rs.9/-)

ലോഗോസ് ക്വിസ് 2022 ഇടവകകളിൽ ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാക്കി പ്രിന്റ് എടുത്ത് കോപ്പികൾ രൂപത വിശ്വാസജീവിത പരിശീലന കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന മിഷൻലീഗ് കേന്ദ്ര ഓഫീസിൽ ജൂലൈ 30 ന് മുമ്പായി രജിസ്ട്രേഷൻ ഫീസ് സഹിതം എത്തിക്കുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുമല്ലോ. രജിസ്ട്രേഷനിലും പരീക്ഷയിലും പരമാവധി പങ്കാളിത്തം ഉറപ്പുവരുത്തുവാൻ വേണ്ട

ക്രമീകരണങ്ങൾ മുൻകൂട്ടി ചെയ്യുമല്ലോ. ജൂലൈ 2 ശനിയാഴ്ച ഇട വകകളിൽ ലോഗോസ് ക്യാമ്പയ്ൻ നടത്താനും ശ്രദ്ധിക്കുമല്ലോ.

**മിഷൻ കോഴ്സ്**

ആറാം ക്ലാസിലെ കുട്ടികൾക്കായുള്ള മിഷൻ കോഴ്സിന്റെ പാഠപുസ്തകങ്ങളായ സീറോ മലബാർ സഭയിലെ വിശുദ്ധരുടെ (വിശുദ്ധ അൽഫോൻസാമ്മ, വിശുദ്ധ ചാവറ കുര്യാക്കോസ് ഏലി യാസച്ചൻ, വി. എവുപ്രാസ്യാമ്മ, വിശുദ്ധ മറിയം ത്രേസ്യ) ജീവച രിത്രം രൂപത ഓഫീസിൽ ലഭ്യമാണ്. 10 രൂപയാണ് ഓരോ പുസ്ത കത്തിന്റെയും വില.

**മിഷൻലീഗ് അംഗത്വ സ്വീകരണവും നവീകരണവും**

വിശ്വാസജീവിത പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന ആദ്യ കുമ്പസാരം നടത്തിയ (5-ാം ക്ലാസ് വിദ്യാർത്ഥികൾ) എല്ലാ കുട്ടി കൾക്കും മിഷൻലീഗിൽ അംഗങ്ങളാകാൻ സാധിക്കും.

ദുക്റാന തിരുനാളിലോ, വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിലോ മിഷൻലീഗിന്റെ ബാഡ്ജ് പരസ്യമായി നൽകി പുതിയ അംഗങ്ങളെ സംഘടനയിൽ ഔദ്യോഗികമായി ചേർക്കുന്നു. അതേ ദിവസങ്ങളിൽ ഏതെങ്കിലും ഒന്നിൽ നിലവിലുള്ള അംഗങ്ങൾ ബാഡ്ജ് ധരിച്ച് പ്രതിജ്ഞ ചൊല്ലി അംഗത്വം പുതുക്കേണ്ടതുമാണ്.

**ഫാ. തോമസ് നരിപ്പാറയിൽ**
**അസി. ഡയറക്ടർ**

**ഫാ. ഫിലിപ്പ് വട്ടയത്തിൽ**
**ഡയറക്ടർ**

# ബൈബിൾ അപ്പോസ്തലേറ്റ്

**1. സങ്കീർത്തനങ്ങളെ കുറിച്ചുള്ള ക്ലാസുകൾ**

സങ്കീർത്തനങ്ങളെകുറിച്ചുള്ള ക്ലാസുകൾ ലഭിക്കുന്നതിനായി ചുവടെ ചേർക്കുന്ന ലിങ്ക് വഴി പ്രവേശിക്കുക :https://youtube.com/channel/UC-qFFdd6RDEJnFWDHLvsA8g

**2. ബൈബിൾ ലൈബ്രറി**

ബൈബിൾ അപ്പസ്തോലേറ്റിന് സ്വന്തമായിട്ട് ഒരു ബൈബിൾ ലൈബ്രറി ആരംഭിക്കുവാൻ ആഗ്രഹമുണ്ട്. ഇതിലേക്ക് നിങ്ങൾ വായിച്ചതും, ഉപയോഗം കഴിഞ്ഞതുമായ ബൈബിൾ സംബന്ധമായ ഗ്രന്ഥങ്ങൾ രൂപതാ കേന്ദ്രത്തിലെ റിസപ്ഷനിൽ കൊടുത്ത് സഹായിക്കുമല്ലോ.

**3. പി.ഒ.സി. പഠന ബൈബിൾ**

കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ പി.ഒ.സി. ബൈബിൾ മൂല ഗ്രന്ഥങ്ങളെ ആസ്പദമാക്കി തയ്യാറാക്കിയ പഠന ബൈബിളിന്റെ ആദ്യ വാല്യമായ സുവിശേഷങ്ങളും രണ്ടാം വാല്യമായ ലേഖനങ്ങളും ലഭ്യമാണ്. വചനം ആഴത്തിൽ പഠിക്കുവാൻ ആഗ്രഹിക്കുന്ന ഏവരും ഈ ഗ്രന്ഥങ്ങൾ വാങ്ങി ഉപയോഗിക്കുന്നത് സ്വാഗതാർഹമാണ്. ബൈബിൾ പണ്ഡിതർ തയ്യാറാക്കിയ വ്യാഖ്യാനക്കുറിപ്പുകൾ, പദപഠനങ്ങൾ, ലേഖനങ്ങൾ, വിഷയാധിഷ്ഠിത ചിത്രങ്ങൾ എന്നിവ പഠന ബൈബിളിന്റെ പ്രത്യേകതകളാണ്.

**ഫാ. തോമസ് നിരപ്പേൽ**

**ഡയറക്ടർ**

# സീറോ മലബാർ യൂത്ത് മൂവ്മെന്റ് (എസ്. എം. വൈ. എം.)

**ജൂലൈ**

| | |
|---|---|
| 2 | പദയാത്ര |
| 3 | ദുക്റാന,പദയാത്ര സമാപനം |
| 6 | തിരുശേഷിപ്പ് പ്രയാണം - കട്ടപ്പന ഫൊറോന |
| 9, 10 | ടീൻ ഫെസ്റ്റ് - പൊൻകുന്നം ഫൊറോന |
| 8 | നൈറ്റ് വിജിൽ - കാഞ്ചിയാർ |
| 10 | യുവജന ദിനം |
| 16 | നൈറ്റ് വിജിൽ - അഞ്ചിലിപ്പ |
| 17 | യൂണിറ്റ് വിസിറ്റ് |
| 18 | തിരുശേഷിപ്പു പ്രയാണം - ഉപ്പുതറ ഫൊറോന |
| 23, 24 | ടീൻഫെസ്റ്റ് - കുമളി, മുണ്ടിയെരുമ ഫൊറോന PAC |
| 29,30,31 | KCYM സംസ്ഥാന അർദ്ധവാർഷിക സെനറ്റ് |
| 30 | നൈറ്റ് വിജിൽ - പെരുവന്താനം, കാഞ്ഞിരപ്പള്ളി |
| - | തിരുശേഷിപ്പു പ്രയാണം സമാപനം |

**രൂപത അർദ്ധവാർഷിക സെനറ്റ്**

കാഞ്ഞിപ്പള്ളി രൂപത SMYM അർദ്ധവാർഷിക സെനറ്റ് ജൂൺ 11,12 തീയതികളിൽ അണക്കര PAC യിൽ വച്ച് നടത്തപ്പെട്ടു. രൂപത ഡയറക്ടർ ഫാ. വർഗ്ഗീസ് കൊച്ചുപുരയ്ക്കൽ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ജോപ്പു ഫിലിപ്പ് അധ്യക്ഷത വഹിച്ചു. ഫൊറോനകളുടെ ജനുവരി മുതൽ ജൂൺ മാസം വരെയുള്ള അർദ്ധവാർഷിക റിപ്പോർട്ട്

അവതരണം നടന്നു. വൈസ് പ്രസിഡന്റ് റിന്റു മരിയ സ്കറിയ നേതൃത്വം നൽകി. രൂപത സമിതിയുടെ അർദ്ധവാർഷിക റിപ്പോർട്ട് രൂപത ജനറൽ സെക്രട്ടറി ഡിലൻ കോഴിമല അവതരിപ്പിച്ചു. നസ്രാണി യുവശക്തി മഹാസമ്മേളനത്തിന്റെ പോസ്റ്റർ അണക്കര ഫൊറോന ഡയറക്ടർ ഫാ. ജോസ് ചവറപ്പുഴ പ്രകാശനം ചെയ്തു.

**U Turn**

യൂണിറ്റ് ഭാരവാഹികളുടെ നേതൃത്വ പരിശീലന പരിപാടിയായ യു ടേൺ, ജൂൺ 12 ന് കട്ടപ്പന ഫൊറോനയിൽ നടത്തപ്പെട്ടു. യൂണിറ്റ് ഭാരവാഹികളും ഫൊറോന ഭാരവാഹികളും സംബന്ധിച്ചു.

**ബഫർ സോൺ പ്രതിഷേധം**

മലയോര കർഷകരെ ഭീതിയിലാഴ്ത്തിയ ബഫർ സോൺ വിഷയത്തിൽ സർക്കാരിന്റെ അനാസ്ഥയ്ക്കെതിരേ ജൂൺ 18 ശനിയാഴ്ച വൈകുന്നേരം 6 മണിക്ക് കാഞ്ഞിരപ്പള്ളി രൂപത SMYM ന്റെ നേതൃത്വത്തിൽ കട്ടപ്പന ടൗണിൽ പ്രതിഷേധ പ്രകടനം സംഘടിപ്പിച്ചു. കട്ടപ്പന ഫൊറോന SMYM ഡയറക്ടർ ഫാ. നോബിൾ പൊടിമറ്റത്തിൽ പ്രതിഷേധ പരിപാടി ഉദ്ഘാടനം ചെയ്തു. രൂപത ജനറൽ സെക്രട്ടറി ശ്രീ. ഡിലൻ കോഴിമല അധ്യക്ഷത വഹിച്ചു. ശ്രീ. മനു നിരവത്ത് മുഖ്യ പ്രഭാഷണം നടത്തി. പ്രതിഷേധ പരിപാടിയിൽ അണക്കര, കട്ടപ്പന, കുമളി, മുണ്ടിയെരുമ, ഉപ്പുതറ ഫൊറോനകളിൽ നിന്ന് 150 യുവജനങ്ങൾ പങ്കെടുത്തു.

**നൈറ്റ് വിജിൽ**

ജൂൺ 18 - 19, ജൂൺ 25-26 എന്നീ ദിവസങ്ങളിൽ പൊടിമറ്റം സെന്റ് മേരീസ് ഇടവകയിലെ യുവജനങ്ങൾക്കായി നൈറ്റ് വിജിൽ നടത്തപ്പെട്ടു. നൂറിലധികം യുവജനങ്ങൾ പങ്കെടുത്തു. ഫാ. വർഗ്ഗീസ് കൊച്ചുപുരയ്ക്കൽ, ശ്രീ. സിജോ പുത്തനങ്ങാടി, ബ്ര. ലിബിൻ, ബ്ര. അജിൽ എന്നിവർ നേതൃത്വം നൽകി.

**വാഴ്ത്തപ്പെട്ട കാർലോ അക്യൂട്ടിസിന്റെ തിരുശേഷിപ്പ് പ്രയാണം**

തിരുശേഷിപ്പ് പ്രയാണം 2022 മെയ് 24 മുതൽ ജൂൺ 5 വരെ പെരുവന്താനം ഫൊറോനയിലെ എല്ലാ ഇടവകകളിലൂടെയും കടന്നുപോയി. ഫൊറോന ഡയറക്ടർ ഫാ. മാത്യു വള്ളിപ്പറമ്പിൽ, ആനിമേറ്റർ സി. ജിസ്മി FCC, പ്രസിഡന്റ് തോമസ് അലക്സ്

ഫൊറോന എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

തിരുശേഷിപ്പ് പ്രയാണം 2022 ജൂൺ 5 മുതൽ ജൂൺ 15 വരെ കുമളി ഫൊറോനയിലെ എല്ലാ ഇടവകകളിലൂടെയും കടന്നുപോയി. ഫൊറോന ഡയറക്ടർ ഫാ. ജേക്കബ് തൈശ്ശേരി, ആനിമേറ്റർ സി. ജിനറ്റ് OSA, പ്രസിഡന്റ് ജോബി ജെയിംസ് ഫൊറോന എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

തിരുശേഷിപ്പ് പ്രയാണം 2022 ജൂൺ 15 മുതൽ ജൂൺ 26 വരെ അണക്കര ഫൊറോനയിലെ എല്ലാ ദൈവാലയങ്ങളിലൂടെയും കടന്നുപോയി. ഫൊറോന ഡയറക്ടർ ഫാ. ജോസ് ചവറപ്പുഴ, ആനിമേറ്റർ സി. ട്രീസാ S. H, പ്രസിഡന്റ് ജോമോൻ ഫിലിപ്പ് ഫൊറോന എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

തിരുശേഷിപ്പ് പ്രയാണം 2022 ജൂൺ 26 മുതൽ മുണ്ടിയെരുമ ഫൊറോനയിൽ പ്രയാണമാരംഭിച്ചു.

**ഉണർവ്വ്**

യുവജനങ്ങളുടെ ഭവനങ്ങൾ സന്ദർശിച്ച്, യുവജനങ്ങളെ ഇടവകതലത്തിൽ ഒരുമിച്ചു കൂട്ടുന്ന 'ഉണർവ്' പ്രോഗ്രാം ജൂൺ 18 ശനിയാഴ്ച ചേന്നാക്കുന്ന് ഇടവകയിൽ നടത്തപ്പെട്ടു. റീജന്റ് ബ്രദേഴ്സ് നേതൃത്വം നൽകി.

**പദയാത്ര**

മാർ തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950 ാം വാർഷികത്തോടനുബന്ധിച്ച് കാഞ്ഞിരപ്പള്ളി രൂപത SMYM ന്റെ നേതൃത്വത്തിൽ പദയാത്ര സംഘടിപ്പിക്കുന്നു.

ജൂലൈ 2 രാവിലെ 5 ന് കാഞ്ഞിരപ്പള്ളി പഴയപള്ളിയിൽ നിന്ന് ആരംഭിക്കുന്ന പദയാത്ര ജൂലൈ 3 രാവിലെ 10 ന് കുമളി സെന്റ് തോമസ് ഫൊറോന പള്ളിയിൽ വി. കുർബാനയോടുകൂടെ അവസാനിക്കും.

**യുവജനദിനം**

ജൂലൈ 10 ഞായറാഴ്ച കേരളസഭ യുവജനദിനമായി ആചരി

ക്കുന്നു. ഇടവകകളിൽ യുവജനങ്ങളെ ഒരുമിച്ചുചേർത്ത് വിവിധ പരിപാടികളോടെ യുവജനദിനാഘോഷം സംഘടിപ്പിക്കുമല്ലോ.

1. ഇടവക യുവജന സംഗമം.
2. പതാക ഉയർത്തൽ
3. Mega മെമ്പർഷിപ്പ് Campaign
4. പുതിയ അംഗങ്ങൾക്കുള്ള സ്വീകരണം.
5. മുൻകാല ഭാരവാഹികളെ ആദരിക്കൽ.

മേൽപ്പറഞ്ഞവ യുവജനദിനത്തോടനുബന്ധിച്ച് ഇടവകയിൽ നടത്താവുന്ന വിവിധ പ്രോഗ്രാമുകളാണ്.

**യുവജനദിന സ്തോത്രകാഴ്ച**

യുവജനദിനമായി ആഘോഷിക്കുന്ന ജൂലൈ 10-ാം തീയതി വി. കുർബന മധ്യേ എടുക്കുന്ന സ്തോത്രകാഴ്ച യുവദീപ്തി - എസ്.എം.വൈ.എം ന്റെ രൂപതാ പ്രവർത്തനങ്ങൾക്കു വേണ്ടിയുള്ള താണ്. ഫണ്ട് ശേഖരിക്കുവാൻ ജൂലൈ 16 മുതലുള്ള ദിവസങ്ങളിൽ രൂപത ഓഫീസിൽ നിന്ന് ഇടവകയിൽ എത്തുന്നതാണ്.

**ടീൻ ഫെസ്റ്റ്**

സൺഡേസ്കൂളിൽ 11, 12 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി നടത്തപ്പെടുന്ന ദ്വിദിനക്യാമ്പാണ് Teen Fest. കുട്ടികളുടെ കൗമാര കാലഘട്ടത്തിൽ ക്രിസ്തീയദർശനങ്ങളിലൂന്നിയ നൈപുണ്യ വികസനം സാധ്യമാക്കുക എന്നതാണ് ടീൻ ഫെസ്റ്റിന്റെ ലക്ഷ്യം. പൊൻകുന്നം ഫൊറോനയ്ക്കു വേണ്ടിയുള്ള ടീൻ ഫെസ്റ്റ് ജൂലൈ 9 - 10 തീയതികളിൽ അമൽ ജ്യോതി എൻജിനീയറിംഗ് കോളേജിൽ വച്ച് നടത്തപ്പെടുന്നു.

**ഫാ. വർഗീസ് കൊച്ചുപുരയ്ക്കൽ**
**ഡയറക്ടർ**

# കുടുംബപ്രേഷിതത്വം

## വിവാഹ ഒരുക്ക ധ്യാനം

ജൂലൈ മാസം മുതൽ വിവാഹ ഒരുക്ക ധ്യാനം താമസിച്ചുള്ളതാണ്. പൊടിമറ്റം നിർമ്മല റിന്യൂവൽ സെന്ററിലും (NRC), അണക്കര പാസ്റ്ററൽ ആനിമേഷൻ സെന്ററിലും (PAC) വച്ചാണ് വിവാഹഒരുക്ക ധ്യാനം നടത്തപ്പെടുന്നത്. ധ്യാനസമയം ഒന്നാം ദിവസം രാവിലെ 9 മണി മുതൽ മൂന്നാം ദിവസം വൈകിട്ട് 4 മണി വരെയാണ്.

## തീയതികൾ

| | | |
|---|---|---|
| ജൂലൈ 1,2,3 (വെള്ളി - ഞായർ) | - | നിർമ്മല റിന്യൂവൽ സെന്റർ, (N.R.C) പൊടിമറ്റം. |
| ജൂലൈ 28,29,30 (വ്യാഴം - ശനി) | - | പാസ്റ്ററൽ ആനിമേഷൻ സെന്റർ, (P.A.C) അണക്കര. |

രജിസ്ട്രേഷൻ ഫീസ്: 1700/- (ആയിരത്തി എഴുനൂറ് രൂപ). രജിസ്റ്റർ ചെയ്യുമ്പോൾ അഡ്വാൻസ് ആയ 700/ രൂപ അടയ്ക്കേണ്ടതാണ്. രജിസ്ട്രേഷനായി ബന്ധപ്പെടേണ്ട നമ്പർ: 9497096431, 04828 205628, 201100

## സ്വാഗതം

കാഞ്ഞിരപ്പള്ളി രൂപത ഫാമിലി അപ്പോസ്റ്റലേറ്റ് ഓഫീസിൽ ആനിമേറ്റർ ആയി ചുമതലയേറ്റ സി. നവ്യ റോസ് CSN ന് ഹൃദ്യമായ സ്വാഗതം.

## കൗൺസിലിങ്

കാഞ്ഞിരപ്പള്ളി ഫാമിലി അപ്പോസ്റ്റലേറ്റ് ഓഫീസിൽ തിങ്കൾ മുതൽ വെള്ളി വരെ കൗൺസിലിങ് സൗകര്യം ഉണ്ടായിരിക്കും.

**വിശ്വാസാക്ഷരങ്ങൾ : പദപ്രശ്നം**

വിശ്വാസത്തിന്റെ ഉറവിടങ്ങളായ വിശുദ്ധ ഗ്രന്ഥവും വിശുദ്ധ പാരമ്പര്യങ്ങളും ലളിതമായി പഠിക്കുന്നതിനായി കാഞ്ഞിരപ്പള്ളി രൂപത ഫാമിലി അപ്പോസ്തലേറ്റ് ഒരുക്കുന്ന വിശ്വാസ കുടുംബം പരിപാടിയുടെ ഭാഗമായുള്ള പദപ്രശ്ന മത്സരം വിജയികൾ.

പദപ്രശ്നം 18

ബിന്ദു ആന്റണി ഓലിക്കൽ, ആനിക്കാട്

പ്രോത്സാഹന സമ്മാനങ്ങൾ

ഡെയ്സമ്മ കരിയിലക്കുളം, കോച്ചുതോവാള

സിനി സാബു മടിക്കാങ്കൽ, അമലഗിരി

പദപ്രശ്നം 19

ടെസ്സി മാത്യു മുതുപ്ലാക്കൽ, മുക്കൂട്ടുതറ

പ്രോത്സാഹന സമ്മാനങ്ങൾ

എൽസി മാത്യു തറപ്പേൽ മുക്കൂട്ടുതറ

ലിസി മാളിയേക്കൽ, കൊല്ലമുള

**ഫാ. സെബാസ്റ്റ്യൻ പുളിക്കക്കുന്നേൽ**
**അസി. ഡയറക്ടർ**

**ഫാ. മാത്യു ഓലിക്കൽ**
**ഡയറക്ടർ**

# മാതൃവേദി

ജൂൺ 1 ന് മാതൃവേദി രൂപത കോർ കമ്മറ്റി മീറ്റിംഗ് കാഞ്ഞിരപ്പള്ളി ഫാമിലി അപ്പോസ്റ്റലേറ്റ് ഓഫീസിൽ വച്ച് നടത്തപ്പെട്ടു.

ഈ വർഷത്തെ പ്രവർത്തനരേഖ തയ്യാറാക്കുവാനും ചർച്ചകൾ നടത്തുവാനും ജൂൺ 21 ന് പൊടിമാറ്റം നിർമല റിന്യുവൽ സെന്ററിൽ വച്ച് മാതൃവേദി എക്സിക്യൂട്ടീവ് അംഗങ്ങളുടെ ഒരു മീറ്റിംഗ് നടത്തപ്പെട്ടു.

**ദിദിമോസ് മീറ്റ് 2022**

കാഞ്ഞിരപ്പള്ളി രൂപതയിലെ എല്ലാ ഫൊറോനാകളിലും ഇടവക പ്രതിനിധികളായ മാതൃവേദി അംഗങ്ങളും ആനിമേറ്റർമാരും നമ്മുടെ പിതാവായ മാർ തോമാ ശ്ലീഹായുടെ രക്തസാക്ഷിത്വ ത്തിന്റെ ഓർമ്മയുടെ 1950 വർഷങ്ങൾ തികയുന്ന അവസരത്തിൽ ഒരുമിച്ചു കൂടുന്നു. ഇടവകയിലെ മാതൃവേദി എക്സിക്യൂട്ടീവ് അംഗങ്ങളോ പ്രതിനിധികളായി അഞ്ചു പേരെയോ ആനിമേറ്റർ സിസ്റ്റർമാരുടെ ഒപ്പം അയയ്ക്കാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

**തീയതികൾ**

| | | |
|---|---|---|
| ജൂലൈ 5 ചൊവ്വ | മുണ്ടിയെരുമ<br>(10.30 am–12.00 pm) | കുമളി<br>(02.00 pm- 03.30 pm) |
| ജൂലൈ 9 ശനി | കട്ടപ്പന<br>(10.30 am–12.00 pm) | അണക്കര<br>(02.00 pm- 03.30 pm) |
| ജൂലൈ 16 ശനി | ഉപ്പുതറ<br>(10.30 am–12.00 pm) | പെരുവന്താനം<br>(02.00 pm- 03.30 pm) |

# പിതൃവേദി

ജൂൺ 12 ന് ചെങ്ങളം ഇടവകയിലെ പിതൃവേദി യൂണിറ്റിന്റെ വാർഷികം നടത്തപ്പെട്ടു.

വരുന്ന വർഷത്തെ പ്രവർത്തനരേഖ തയ്യാറാക്കാനും ചർച്ചകൾ നടത്താനും ജൂൺ 18 ന് കാഞ്ഞിരപ്പള്ളിയിലെ ഫാമിലി അപ്പോസ്റ്റലേറ്റ് ഓഫീസിൽ വെച്ച് പിതൃവേദി എക്സിക്യൂട്ടീവ് അംഗങ്ങളുടെ മീറ്റിംഗ് നടത്തപ്പെട്ടു.

**ഫാ. സെബാസ്റ്റ്യൻ പുളിക്കക്കുന്നേൽ**
**അസി. ഡയറക്ടർ**

**ഫാ. മാത്യു ഓലിക്കൽ**
**ഡയറക്ടർ**

---

## മാതൃവേദി

| | | |
|---|---|---|
| ജൂലൈ 19 ചൊവ്വ | മുണ്ടക്കയം (10.30 am–12.00 pm) | വെളിച്ചിയാനി (02.00 pm- 03.30 pm) |
| ജൂലൈ 22 വെള്ളി | എരുമേലി (10.30 am–12.00 pm) | കാഞ്ഞിരപ്പള്ളി (02.00 pm- 03.30 pm) |
| ജൂലൈ 23 ശനി | റാന്നി (10.30 am–12.00 pm) | പത്തനംതിട്ട (02.00 pm- 03.30 pm) |
| ജൂലൈ 26 ചൊവ്വ | പൊൻകുന്നം (09.30 am–11.00 am) | |

**ഫാ. സെബാസ്റ്റ്യൻ പുളിക്കക്കുന്നേൽ**
**അസി. ഡയറക്ടർ**

**ഫാ. മാത്യു ഓലിക്കൽ**
**ഡയറക്ടർ**

# മേരിമാതാ മൈനർ സെമിനാരി

**ജൂൺ**

5 പന്തക്കുസ്താതിരുനാളിൽ രൂപതാധ്യക്ഷൻ അഭിവന്ദ്യ ജോസ് പുളിക്കൽ പിതാവ് സെമിനാരി സന്ദർശിച്ച് പുതുതായി ചുമതലയേറ്റ കൊല്ലംകുന്നേൽ സെബാസ്റ്റ്യനച്ചനും പഴേപറമ്പിൽ ജസ്റ്റിനച്ചനും ഭാവുകങ്ങൾ നേരുകയും സെമിനാരിയിലെ മറ്റ് വൈദികരുമായും വിദ്യാർത്ഥികളുമായും സ്നേഹസംഭാഷണം നടത്തുകയും ചെയ്തു.

6 പുതിയ അധ്യയനവർഷാരംഭത്തിന്റെ ഭാഗമായി പ്രോട്ടോസിഞ്ചെല്ലൂസ് പെരിയ ബഹു. ജോസഫ് വെള്ളമറ്റത്തച്ചൻ പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നല്കി. പുതിയ അധ്യയനവർഷത്തെ ക്ലാസുകൾ ജൂൺ 6 ന് ആരംഭിച്ചു.

8 മൈനർ സെമിനാരിയിലെ ഇംഗ്ലീഷ് അധ്യാപകനായി ചങ്ങനാശ്ശേരി അതിരൂപതാംഗമായ ബഹു. വടക്കേകളത്ത് ഫിലിപ്പ്സ് അച്ചൻ ചുമതലയേറ്റു.

9 മാർ അപ്രേമിന്റെ തിരുനാൾ സമുചിതമായി ആഘോഷിച്ചു.

10 സെമിനാരി പ്രവേശനത്തിന് അപേക്ഷ സമർപ്പിച്ചിരുന്ന കുട്ടികളുടെ ഇന്റർവ്യൂ നടത്തി. ഇന്റർവ്യൂവിന് മുമ്പ് റെക്ടറച്ചനും വൈസ് റെക്ടറച്ചനും കുട്ടികളുടെ ഭവനങ്ങൾ സന്ദർശിച്ചു. ഇന്റർവ്യൂവിന് അഭിവന്ദ്യ ജോസ് പുളിക്കൽ പിതാവും പ്രോട്ടോസിഞ്ചെല്ലൂസ് ജോസഫ് വെള്ളമറ്റത്തച്ചനും സന്നിഹിതരായിരുന്നു.



# മാർത്തോമാശ്ലീഹാ ദയാറ നല്ലതണ്ണി

- മാർത്തോമ്മാസഭയിലെ ഒരു ആശ്രമസന്ന്യാസവൈദികന്റെ 5 ദിവസത്തെ ധ്യാനം
- മാർത്തോമ്മാസഭയിലെ 2 ആശ്രമസന്ന്യാസിനികളുടെ 6 ദിവസത്തെ ധ്യാനം
- ഒരു അത്മായന്റെ 4 ദിവസത്തെ ധ്യാനം

**ഫാ. സേവ്യർ കൂടപ്പുഴ**
Ph : 04869-288207

---

## മേരിമാതാ മൈനർ സെമിനാരി

18 അഭിവന്ദ്യ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ പിതാവ് പരിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകുകയും വൈദിക വിദ്യാർത്ഥികളുമായി സംവദിക്കുകയും ചെയ്തു.

23 ഒന്നാം വർഷ വിദ്യാർത്ഥികളുടെ സെമിനാരി പ്രവേശനം

**ഇടവകസന്ദർശനം**

ജൂൺ 5, 19, 26 തീയതികളിൽ അണക്കര, കാരികുളം, കൊല്ലമുള, മുക്കൂട്ടുതറ, കുരുമ്പൻമൂഴി ഇടവകകൾ സന്ദർശിച്ച് 8 മുതൽ 12 വരെ ക്ലാസുകളിലെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും 'ദൈവവിളി ഇന്നലെ, ഇന്ന്, നാളെ' എന്ന വിഷയത്തെ അധികരിച്ച് ക്ലാസുകൾ നല്കുകയും സംശയനിവാരണം നടത്തുകയും ചെയ്തു.

**ഫാ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റെക്ടർ**

# കാത്തലിക് കരിസ്മാറ്റിക് നവീകരണം

**പന്തക്കുസ്താ തിരുനാൾ ആഘോഷം**

രൂപതയിലെ കരിസ്മാറ്റിക് സമൂഹം പന്തക്കുസ്താ തിരുനാൾ സമുചിതമായി ആചരിച്ചു. കാഞ്ഞിരപ്പള്ളി, കട്ടപ്പന സോണിലെ വിവിധ സബ്സോണുകളിൽ പ്രാർത്ഥിച്ച് ഒരുങ്ങി പന്തക്കുസ്താ തിരുനാൾ ദിവസം അഭിഷേക പ്രാർത്ഥന നടന്നു. അണക്കര സബ്സോണിലെ ശുശ്രൂഷകൾക്ക് അണക്കര സെന്റ് തോമസ് ഫൊറോനാപ്പള്ളിയിൽ രൂപതാ കരിസ്മാറ്റിക് ഡയറക്ടർ ബഹു. കുര്യാക്കോസ് വടക്കേടത്തച്ചൻ നേതൃത്വം നൽകി. കട്ടപ്പന സബ്സോണിൽ ശ്രീ. തോമസ് കുമളിയും ഉപ്പുതറ സബ്സോണിൽ ഫാ. ക്ലീറ്റസ് സി.എം.ഐ., ശ്രീ. സന്തോഷ് പുത്തേട്ട്, കമുളി സബ്സോണിൽ ഫാ. ജോസഫ് പുത്തൻപുര, കല്ലാർ സബ്സോണിൽ ഫാ. കുര്യാക്കോസ് കുരിശുങ്കൽ, ശ്രീ. കാഞ്ചിയാർ രാജൻ എന്നിവർ നേതൃത്വം നൽകി. കരിസ്മാറ്റിക് നവീകരണം കാഞ്ഞിരപ്പള്ളി രൂപതാ അതിർത്തിക്കുള്ളിലെ കട്ടപ്പന സോണിന്റെ നേതൃസംഗമം ജൂൺ 6 തിങ്കളാഴ്ച കട്ടപ്പന പാവന ചാപ്പലിൽ നടന്നു. കാഞ്ഞിരപ്പള്ളി രൂപതാ ഡയറക്ടർ ബഹു. കുര്യാക്കോസ് വടക്കേടത്തച്ചൻ, ഇടുക്കി രൂപതാ ഡയറക്ടർ ബഹു. ജോസഫ് നടുപ്പടവിലച്ചൻ, സോൺ ആനിമേറ്റർ ബഹു. ജോസ് വലിയമറ്റം അച്ചൻ എന്നിവർ നേതൃത്വം നല്കി.

കാഞ്ഞിരപ്പള്ളി സോണിലെ അഞ്ച് സബ്സോണിലും സബ്സോൺ പുനസംഘടന പൂർത്തീകരിച്ചു. പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്ത എല്ലാവർക്കും നന്ദി നേരുന്നു. പുതിയ സേവനസമിതി അംഗങ്ങൾക്കായി ഒരു ഫോർമേഷൻ പ്രോഗ്രാം ജൂൺ 23, 24 തീയതികളിൽ പൊടിമറ്റം നിർമ്മല റിന്യുവൽ സെന്ററിൽ വച്ചും കെ.സി.എ.സി. യുടെ മേൽനോട്ടത്തിൽ നൽകി.

അഭിവന്ദ്യ രൂപതാദ്ധ്യക്ഷൻ മാർ ജോസ് പുളിക്കൽ പിതാവ് തദവസരത്തിൽ അനുഗ്രഹപ്രഭാഷണം നൽകുകയുണ്ടായി. കെ.സി.എ.സി. കോർഡിനേറ്റർ ബഹു. ജോസഫ് താമരവെളി അച്ചന്റെ നേതൃത്വത്തിൽ ശുശ്രൂഷകൾ നടന്നു.

**മദ്ധ്യസ്ഥപ്രാർത്ഥന**

മദ്ധ്യസ്ഥപ്രാർത്ഥനാ സെൻട്രൽ മിനിസ്ട്രിയുടെ നേതൃത്വത്തിൽ മാസത്തിലെ എല്ലാ ഞായറാഴ്ചകളിലും സബ്സോൺ തലത്തിൽ ശുശ്രൂഷകൾ നടന്നുവരുന്നു. CNSC ദേശീയ പ്രതിവാര പ്രവാചക മദ്ധ്യസ്ഥപ്രാർത്ഥന ഞായറാഴ്ച ശുശ്രൂഷകളിൽ സോണിൽ നിന്നും പങ്കുചേരുന്നുണ്ട്. എല്ലാ ദിവസവും പ്രത്യേക നിയോഗങ്ങൾ വാട്സ്ആപ്പ് ഗ്രൂപ്പ് വഴി നൽകുന്നുണ്ട്.

**ലോർഡ്സ് കപ്പിൾസ് മിനിസ്ട്രി**

എല്ലാ ബുധനാഴ്ചകളിലും ദമ്പതി സെൽഗ്രൂപ്പിൽ അംഗങ്ങൾ പങ്കെടുത്ത് പ്രാർത്ഥിച്ചുവരുന്നു.

**ക്രിസ്റ്റിൻ മിനിസ്ട്രി**

'വചനദീപ്തി' വചനം മനഃപാഠമാക്കുക ശുശ്രൂഷ മുടങ്ങാതെ നൽകിവരുന്നു.

**തൂവാനിസ മിനിസ്ട്രി**

എല്ലാ ദിവസവും ആനിമേറ്ററച്ചന്റെ വചനസന്ദേശം ഗ്രൂപ്പിൽ കൊടുക്കുന്നുണ്ട്. ജപമാല, കരുണക്കൊന്ത ശുശ്രൂഷകൾ മുടക്കം കൂടാതെ നടക്കുന്നു.

**LSS മിനിസ്ട്രി**

മാസത്തിലെ രണ്ടും നാലും ചൊവ്വാഴ്ചകളിൽ പൊതുമീറ്റിംഗ് നടക്കുന്നു. പഴയകൊരട്ടി ആവേ മരിയ പ്രാർത്ഥനാലയത്തിൽ എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 1 മണിവരെ ശുശ്രൂഷകൾ വിവിധ സബ്സോണുകളുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നുണ്ട്.

**ഫാ. കുര്യാക്കോസ് വടക്കേടത്ത്**
**ഡയറക്ടർ**

# മരിയൻ റിട്രീറ്റ് സെന്റർ

**കൃപാഭിഷേക ആദ്യശനി ബൈബിൾ കൺവെൻഷൻ**

ജൂൺ മാസം നാലാം തീയതി രാവിലെ 9 മണി മുതൽ വൈകുന്നേരം 3 മണി വരെ ഡയറക്ടർ ബഹു. ഡൊമിനിക് വാളന്മനാൽ അച്ചന്റെ നേതൃത്വത്തിൽ ആദ്യശനി ബൈബിൾ കൺവെൻഷൻ നടത്തി. റവ. ഫാദർ റോബിൻസ് മറ്റത്തിൽ, റവ. ഫാദർ തോമസ് അറയ്ക്കൽ, റവ. ഫാദർ ചാക്കോച്ചൻ കളപ്പുരയിൽ, റവ. ഫാദർ ലിജു കീറ്റിക്കൽ, ബ്രദർ ജോസ്സി, ബ്രദർ വിൻവി എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

**കൃപാഭിഷേകം ചെന്നൈ ബൈബിൾ കൺവെൻഷൻ.**

ജൂൺ മാസം 24,25,26 തീയതികളിൽ കൃപാഭിഷേകം ചെന്നൈ ബൈബിൾ കൺവെൻഷൻ (ഹൊസ്സൂർ രൂപത) ക്രൈസ്റ്റ് മാട്രിക് ഹയർ സെക്കൻഡറി സ്കൂൾ, ചെന്നൈയിൽ വെച്ച് നടത്തി. എല്ലാ ദിവസവും രാവിലെ 9:30 മുതൽ വൈകിട്ട് 5:30 വരെ നടന്ന ശുശ്രൂഷകൾക്ക് ബഹുമാനപ്പെട്ട ഡൊമിനിക് വാളൻമനാൽ അച്ചൻ നേതൃത്വം നൽകുകയും, റവ. ഫാ തോമസ് അറയ്ക്കൽ, ബ്രദർ ജെയ്സൺ, ബ്രദർ ജോസ്സി, ബ്രദർ വിൻവി, ബ്രദർ ഷാൽബി എന്നിവർ ശുശ്രൂഷകളിൽ സഹായിക്കുകയും ചെയ്തു.

**കൃപാനുഭവ റെസിഡൻഷ്യൽ റിട്രീറ്റ്**

ജൂൺ മാസം അഞ്ചാം തീയതി ഞായറാഴ്ച മുതൽ പത്താം തീയതി വെള്ളിയാഴ്ച വരെയും, ജൂൺ മാസം പന്ത്രണ്ടാം തീയതി ഞായറാഴ്ച മുതൽ പതിനേഴാം തീയതി വെള്ളിയാഴ്ച വരെയും, ജൂൺ മാസം ഇരുപത്തിയാറാം തീയതി ഞായറാഴ്ച മുതൽ ജൂലൈ മാസം ഒന്നാം തീയതി വെള്ളിയാഴ്ച വരെയും മരിയൻ

ധ്യാനകേന്ദ്രത്തിൽവെച്ച് താമസിച്ചുള്ള ധ്യാനങ്ങൾ നടത്തി.

ബഹുമാനപ്പെട്ട ഡൊമിനിക് വാളൻമനാൽ അച്ചൻ നേതൃത്വം നൽകിയ ശുശ്രൂഷകളിൽ റവ. ഫാ റോബിൻസ് മറ്റത്തിൽ,റവ. ഫാ തോമസ് അറയ്ക്കൽ, റവ. ഫാ ലിജു കീറ്റിക്കൽ,റവ. ഫാ ചാക്കോച്ചൻ കളപ്പുരയ്ക്കൽ, ബ്രദർ ജെയ്സൻ, ബ്രദർ ജോസ്സി, ബ്രദർ വിൻവി എന്നിവർ സഹായിച്ചു.

**കൃപാബാല്യം രണ്ടാം ശനി കൺവെൻഷൻ**

ജൂൺ മാസം പതിനൊന്നാം തീയതി ശനിയാഴ്ച രാവിലെ 9 മണി മുതൽ വൈകുന്നേരം 3 മണി വരെ കുട്ടികൾക്കായി കൃപാബാല്യം കൺവെൻഷൻ നടത്തി.

**കൃപാനുഭവ ഏകദിനഉപവാസ കൺവെൻഷൻ**

ജൂൺ മാസം 11, 18, 25 തീയതികളിൽ രാവിലെ 9 മണി മുതൽ വൈകുന്നേരം 3 മണി വരെ ഏകദിന കൺവെൻഷൻ മരിയൻ ധ്യാനകേന്ദ്രത്തിൽ വെച്ച് നടത്തി. റവ. റവ. ഫാ റോബിൻസ് മറ്റത്തിൽ റവ. ഫാ തോമസ് അറയ്ക്കൽ, റവ. ഫാ ലിജു കീറ്റിക്കൽ, ബ്രദർ ഔസേപ്പച്ചൻ പന്തിരുവേലിൽ എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

**മധ്യസ്ഥ പ്രാർത്ഥനാ സഹായം**

ഞായർ ഒഴികെയുള്ള എല്ലാ ദിവസങ്ങളിലും രാവിലെ 9 മണി മുതൽ വൈകുന്നേരം 5 മണി വരെ മധ്യസ്ഥപ്രാർത്ഥനാ സഹായത്തിനായി ഫോണിലൂടെ സംസാരിക്കുന്നതിന് സൗകര്യം ക്രമീകരിച്ചിരിക്കുന്നു. വിളിക്കേണ്ട ഫോൺ നമ്പറുകൾ: 04868253300, 9656141917

## Grace Anointing

Shalom International TVbpsS SW Prayer ചാനലിലൂടെ ബഹുമാനപ്പെട്ട ഡൊമിനിക് വാളൻമനാൽ അച്ചൻ GRACE ANOINTING എന്ന ഇംഗ്ലീഷ് ശുശ്രൂഷ എല്ലാ ശനിയാഴ്ചകളിലും നടത്തപ്പെടുന്നു.

## Resurrection

Resurrection എന്ന ശുശ്രൂഷയിലൂടെ ബഹു. ഡൊമിനിക് വാളന്മനാൽ അച്ചൻ Fr Dominic Valanmanal എന്ന യൂട്യൂബ് ചാനലിലൂടെ ദൈവവചനം പങ്കുവയ്ക്കുന്നു.

**കൃപാഭിഷേകം ടെലിവിഷൻ ശുശ്രൂഷകൾ**

എല്ലാ ആഴ്ചയിലും ശാലോം ടിവിയിൽ പറുദീസ എന്ന പേരിൽ ഞായർ ഉച്ചയ്ക്ക് 1:30നും, തിങ്കൾ വൈകിട്ട് 5 മണിക്കും, വ്യാഴം രാവിലെ 6:30 നും, കൂടാതെ ഗുഡ്നെസ് ടിവിയിൽ വെള്ളിയാഴ്ച രാവിലെ 6:30നും, ചൊവ്വാഴ്ച രാവിലെ 6:30നും ടെലിവിഷൻ ശുശ്രൂഷകൾ നടത്തപ്പെടുന്നു.

**അണക്കര മരിയൻ ധ്യാനകേന്ദ്രത്തിൽ വരും മാസങ്ങളിൽ നടക്കുന്ന കൃപാനുഭവ ധ്യാനങ്ങൾ:**

**കൃപാനുഭവ റെസിഡൻഷ്യൽ റിട്രീറ്റ്:**


1. ജൂലൈ മാസം പതിനാറാം തീയതി ശനിയാഴ്ച മുതൽ ഇരുപത്തിയൊന്നാം തീയതി വ്യാഴാഴ്ച വരെ.
2. ജൂലൈ നാലാം തീയതി തിങ്കളാഴ്ച മുതൽ ഒൻപതാം തീയതി വരെ (വൈദീകർക്കുവേണ്ടി മാത്രം)
3. ജൂലൈ മാസം മുപ്പതാം തീയതി മുതൽ ഓഗസ്റ്റ് നാലാം തീയതി വരെ.

**അഖണ്ഡ ജപമാല**

പരിശുദ്ധ റോസാമിസ്റ്റിക്കാ മാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് ജൂലൈ മാസം ഒന്നാം തീയതി മുതൽ പതിമൂന്നാം തീയതി വരെ അഖണ്ഡ ജപമാല നടത്തും.

**ഫാ. ഡൊമിനിക് വാളന്മനാൽ**
**(ഡയറക്ടർ)**

**ഫാ. സ്കറിയ മറ്റത്തിൽ**
**(അസി. ഡയറക്ടർ)**



# സന്ന്യസ്തർ

## കർമ്മലീത്താ സന്ന്യാസിനി സമൂഹം (CMC)

- മെയ് 25,26,27 തീയതികളിൽ കണമല ഇടവകയിലെ സൺഡേ സ്കൂൾ കുട്ടികൾക്കായി ധ്യാനം നടത്തി. 130-ഓളം കുട്ടികൾ പങ്കെടുത്തു.
- പൊടിമറ്റം സെന്റ് മേരീസ്പള്ളി മുൻവികാരി ഫാ. ജോസഫ് എരതനാട്ടിന്റെ നിര്യാണത്തിൽ സെന്റ് മേരീസ് പള്ളി വികാരി ബഹു. മാർട്ടിനച്ചനോടും ഇടവകാംഗങ്ങളോടുമൊപ്പം ബഹു. പ്രൊവിൻഷ്യൽസുപ്പിരീയർ സിസ്റ്റർ എലിസബത്തുസാലിയും സിസ്റ്റേഴ്സും പോയി അനുശോചനം രേഖപ്പെടുത്തി.
- മെയ് 29, 30, 31 തീയതികളിൽ സോഷ്യവർക്ക് കൗൺസിലർ സിസ്റ്റർ റെറ്റ്സിൻ മരിയ ഹൈറേഞ്ചിലെ മഠങ്ങളോട് ചേർന്നുള്ള സ്വയം സഹായസംഘങ്ങൾ സന്ദർശിച്ച് ജനറൽ ലെവലിൽ ആരംഭിച്ചിരിക്കുന്ന സുസ്ഥിതി എന്ന പേരിലുള്ള സംഘങ്ങൾക്ക് നിയമാവലിയും പാസ്സ്ബുക്കും നൽകി.
- പുതിയ അദ്ധ്യയനവർഷാരംഭത്തിൽ എല്ലാ സ്കൂളുകളിലും പ്രവേശനോത്സവം ഭംഗിയായി നടത്തി.
- പരിസ്ഥിതി ദിനത്തിൽ എല്ലാസ്കൂളിലും വൃക്ഷത്തൈനട്ടും, കുട്ടികൾക്ക് ചെടികൾ നൽകിയും ആചരിച്ചു.
- ജൂൺ 5-ാം തീയതി വൃക്ഷത്തൈ നടുകയും നെറ്റിത്തൊഴു ഇടവകയിലെയും ചക്കുപള്ളം ഇടവകയിലെയും സംഘങ്ങളിൽ പരിസ്ഥിതി ദിനത്തിൽ മത്സരങ്ങൾ നടത്തുകയും ചെയ്തു. എന്റെ പരിസ്ഥിതി പ്രവർത്തനം എന്ന വിഷയത്തെക്കുറിച്ച് കുട്ടികൾക്ക് പോസ്റ്റർ നിർമ്മാണവും യുവജനങ്ങൾക്ക് മുദ്രാവാക്യ നിർമ്മാണവും നടത്തി സമ്മാനങ്ങൾ നൽകി.
- ജൂൺ 4-ാം തീയതി സുപ്പീരിയേഴ്സിനും ഫിനാൻസ് ഓഫീ

സർമാർക്കും ഒരു ദിവസത്തെ സംയുക്തസമ്മേളനം നടത്തി. പൊടിമറ്റം സെന്റ് മേരീസ് പള്ളി വികാരി ഫാ. മാർട്ടിൻ വെള്ളിയാംകുളം ക്ളാസ്സെടുത്തു. ഉച്ചകഴിഞ്ഞ് ഓഡിറ്റർ മാത്യു രാജൻ ക്ലാസ്സെടുത്തു. എല്ലാ സുപ്പിരീയേഴ്സിനും പരിസ്ഥിതി ദിനത്തിൽ നടുന്നതിനുള്ള പ്ലാവിൻ തൈ ബഹു. പ്രൊവിൻഷ്യൽ സുപ്പിരീയർ സിസ്റ്റർ എലിസബത്ത് സാലി നൽകി പരിസ്ഥിതി ദിനത്തിന് ഉദ്ഘാടനം നിർവഹിച്ചു.

- ഫാ.ഡൊമിനിക്ക് വെട്ടിക്കാട്ടിന്റെ മൃതസംസ്ക്കാര ചടങ്ങിൽ പ്രൊവിൻഷ്യൽ സുപ്പിരീയറും, സിസ്റ്റേഴ്സും പങ്കെടുത്തു.
- "LUMINOUSE LOVE OF ISSACH THE SYRIAN" എന്ന വിഷയത്തിൽ ഗവേഷണം നടത്തിയ സിസ്റ്റർ ആനി നോയലിന്റെ ഡിഫൻസ് 6-ാം തീയതി വടവാതൂർ പൊന്തിഫിക്കൽ സെമിനാരിയിൽ വച്ച് നടത്തുകയും ഡോക്ടറേറ്റ് നേടുകയും ചെയ്തു. പ്രസ്തുത സമ്മേളനത്തിൽ ജനറൽ കൗൺസിലേഴ്സും, പ്രൊവിൻഷ്യൽ ടീമും, സിസ്റ്റേഴ്സും കുടുംബാംഗങ്ങളും പങ്കെടുത്തു.
- 11-ാംതീയതി പൊടിമറ്റം സെന്റ് മേരീസ് പള്ളി സുവർണ്ണജൂബിലിയോടനുബന്ധിച്ച് സമർപ്പിതസംഗമം നടത്തി. പാലാരൂപത സഹായമെത്രാൻ മാർ ജേക്കബ് മുരിക്കന്റെ മുഖ്യ കാർമികത്വത്തിൽ അർപ്പിച്ച ദിവ്യബലിയിലും പൊതുസമ്മേളനത്തിലും നാല്പതോളം സിസ്റ്റേഴ്സ് പങ്കെടുത്തു.
- കാഞ്ഞിരപ്പള്ളി അമലാപ്രോവിൻസിന്റെ അംഗമായിരുന്ന ജൂണിയർ സിസ്റ്റർ അന്നാ തെരേസ് സി.എം.സി. ഈശോയുടെ തിരുമുഖത്തിന്റെ സിസ്റ്റർ അന്നാ തെരേസ് എന്ന പേരിൽ സി. എം.സിയുടെ കറുകുറ്റി സാൻജോ ഭവൻ ക്ലോയിസ്റ്റേർഡ് കോൺവെന്റിൽ ആവൃതിയിൽ 12-ാം തീയതി പ്രവേശിച്ചു
- പ്രൊവിൻഷ്യൽ സുപ്പിരീയർ സിസ്റ്റർ എലിസബത്ത് സാലിയുടെ സഹോദരന്റെ (ബാബു സെബാസ്റ്റ്യൻ വയലിൽ) മൃതസംസ്ക്കാരം ചെറുവള്ളി പള്ളിയിൽ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന്റെ മുഖ്യകാർമികത്വത്തിൽ നടന്നു.
- സി. മരിയായുടെ നേതൃത്വത്തിൽ ചാമംപതാൽ പുഷ്പാരാം യു.പി സ്കൂളിലെ കുട്ടികൾക്ക് ധ്യാനം നടത്തി.
- 18-ാം തീയതി ഏയ്ഞ്ചൽ വാലി മേഴ്സി കോൺവെന്റിന്റെ രജതജൂബിലി ആഘോഷിച്ചു

- 25-ാം തീയതി അന്യാർതൊളു മഠത്തിന്റെയും, ആശുപത്രിയുടെയും രജതജൂബിലി ആഘോഷിച്ചു.
- പ്രളയത്തിൽ വീട് പൂർണമായും നഷ്ടപ്പെട്ട വടക്കേമല പുല്ലുമറ്റത്തിൽ ജോസിന്റെ പുതിയഭവനത്തിന്റെ ആശീർവ്വാദകർമ്മത്തിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ എലിസബത്ത് സാലിയും സിസ്റ്റേഴ്സും സംബന്ധിച്ചു.
- സി.എം.സി മാനേജ്മെന്റിലെ എല്ലാ അധ്യാപകർക്കും കൗൺസിലിംഗ് കോഴ്സ് നൽകി വരുന്നു.
- പത്തനംതിട്ട മേരിമാതാ പബ്ളിക് സ്കൂളിലെ 11-ാം ക്ലാസ്സിലെ കുട്ടികൾക്കും മാതാപിതാക്കൾക്കും ചാവറ ദർശന ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ ഓറിയന്റേഷൻ പ്രോഗ്രാം നടത്തി.

## ക്ലാരിസ്റ്റ് സന്യാസിനി സമൂഹം (FCC)

- പ്രൊവിൻഷ്യൽ സുപ്പീരിയർ സി. അമല എരുമേലി സെന്റ് തോമസ് എൽ.പി. സ്കൂളിന്റെയും, നിർമ്മല പബ്ലിക് സ്കൂളിന്റെയും പ്രവേശനോത്സവത്തിൽ പങ്കെടുത്തു.
- സി. ക്ലാരിസ് ചളുക്കാടിന്റെ 41-ാം ചരമദിനം സമുചിതമായി ആചരിച്ചു.
- കോട്ടയം എം.ഒ.സി.യുടെ സുവർണ്ണജൂബിലി ആഘോഷങ്ങളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. അമല സംബന്ധിച്ചു.
- പൊടിമറ്റം സെന്റ് മേരീസ് ഇടവകയുടെ സുവർണ്ണജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടത്തിയ സമർപ്പിത സംഗമത്തിൽ സിസ്റ്റേഴ്സ് പങ്കെടുത്തു.
- തക്കല രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോർജ് രാജേന്ദ്രൻ പിതാവ് പ്രൊവിൻഷ്യൽ ഹൗസിൽ സൗഹൃദ സന്ദർശനം നടത്തി.
- സി. ജൂബി മരിയ, സി. ജിൽബി ജോസഫ് എന്നിവർ വിദേശമിഷൻ സേവനത്തിനായി ജർമ്മനിക്കു പോയി.
- പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ഫോർമേഷൻ ഡേ ആചരിച്ചു. രൂപതാ മൈനർ സെമിനാരി റെക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ ഇവർക്കായി ക്ലാസ്സെടുത്തു.

## ആരാധനാ സന്യാസിനി സമൂഹം (SABS)

- മെയ് 22 മുതൽ 27 വരെ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് രണ്ടാമത്തെ ബാച്ചിന്റെ വാർഷിക ധ്യാനം നടത്തപ്പെട്ടു.
- കപ്പാട് ഭവനാംഗമായ സി. മേരി ലിസ്യു കുന്നപ്പള്ളി (90) മെയ് 26 ന് കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. കാഞ്ഞിരപ്പള്ളി മുൻരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ മൃതദേഹം കപ്പാട് മാർസ്ലീവാ ദൈവാലയ സെമിത്തേരിയിൽ സംസ്ക്കരിച്ചു.
- ആനിത്തോട്ടം നല്ലിടയൻ ആശ്രമത്തിന്റെ നേതൃത്വത്തിൽ സാൻജിയോ ഓൾഡേജ് ഹോമിൽ തിരുവസ്ത്രങ്ങളുടെ (ചിത്തോല, സങ്കീഞ്ഞ്, കാപ്പ, കൊത്തീനാ ലരേ) തയ്യൽ സെന്റർ CHRISPA എന്ന പേരിൽ ആരംഭിച്ചു.
- മെയ് 25-ന് ആരാധനാ സന്യാസിനീസമൂഹത്തിന്റെ സഹസ്ഥാപക ദൈവദാസി ഷന്താളമ്മയുടെ 50-ാം ചരമവാർഷികവും ജൂൺ 2-ന് സ്ഥാപകൻ ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവിന്റെ 148-ാം ജന്മദിനവും സമുചിതമായി ആചരിച്ചു.
- 1968 –1981 ബാച്ചുകാരുടെ Batch Gathering പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തപ്പെട്ടു. റവ.ഫാ.ലിന്റോ SJ ക്ലാസ്സ് നയിച്ചു.

## സെന്റ് ജോൺ ഓഫ് ഗോഡ് സന്യാസിനി സമൂഹം (SCJG)

- സി. ഡോ. ജ്യോതിസ് തൃശ്ശൂരിൽ വച്ചുനടന്ന നിയോനേറ്റലോളജിസ്റ്റുകളുടെ അന്തർദേശിയ സെമിനാറിൽ പങ്കെടുത്തു.
- ഭോപ്പാൽ ആർച്ചുബിഷപ്പ് എമരിത്തൂസ് ലിയോ കോർണേലിയോ ആൻഡ് ടീം ജനറലേറ്റ് സന്ദർശിച്ചു.
- കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ചുനടന്ന മേജർ സുപ്പീരിയേഴ്സിന്റെ മീറ്റിംഗിൽ അസി. ജനറൽ സി. റോസിലി ജോൺ SCJG പങ്കെടുത്തു.
- KCBC & KCMS, P.O.C യിൽ വച്ച് നടത്തിയ സിനഡാലിറ്റിയെക്കുറിച്ചുള്ള സെമിനാറിൽ ബഹു. സി. റോസിലി ജോൺ പങ്കെടുത്തു.

- മാങ്ങാനം MOC യുടെ ഗോൾഡൻ ജൂബിലി ആഘോഷങ്ങളിൽ സിസ്റ്റേഴ്സ് പങ്കെടുത്തു.
- അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിനെ സുപ്പീരിയർ ജനറൽ ബഹു. സി. മേഴ്സി തോമസ് സന്ദർശിച്ചു.
- പൊടിമറ്റം സെന്റ് മേരീസ് പള്ളിയിൽ വെച്ച് നടന്ന സമർപ്പിത സംഗമത്തിൽ സിസ്റ്റേഴ്സ് പങ്കെടുത്തു.
- ദൈവദാസൻ ബ്ര. ഫോർത്തുനാത്തൂസ് താൻഹൊയ്സർ O H ന്റെ നാമകരണ നടപടികളുടെ ഹിസ്റ്റോറിക്കൽ കമ്മീഷന്റെ ഓഫീസ് ജനറലേറ്റിൽ നിന്നും പാസ്റ്ററൽ സെന്ററിലേക്ക് മാറ്റി.
- വിദ്യാർത്ഥികൾക്ക് തുടർപഠനസഹായം നൽകി.
- ഭവന നിർമാണത്തിന് സഹായം നൽകി.
- മാറാരോഗികളായവർക്ക് ചികിത്സാസഹായം നൽകി.
- സി. ലീമ സെബാസ്റ്റ്യൻ രൂപത മാതൃദീപ്തി ഭാരവാഹികളുടെ മീറ്റിംഗിൽ പങ്കെടുത്തു.

## തിരുഹൃദയ സന്യാസിനി സമൂഹം (SH)

- പെരുവന്താനം, തേർഡ് ക്യാമ്പ് ഇടവകകളിൽ സി . അൻസയുടെ നേതൃത്വത്തിൽ കുട്ടികൾക്കായി Team Flame പ്രോഗ്രാം നടത്തി.
- മഹാരാഷ്ട്രയിലെ നാളിമ്പി സ്കൂളിന്റെ വെഞ്ചരിപ്പും ഉത്ഘാടനവും നടത്തി. പ്രൊവിൻഷ്യൽ ടീം പങ്കെടുത്തു.
- ധന്യൻ കദളിക്കാട്ടിൽ മത്തായിയച്ചന്റെ ചരമദിനത്തോടനുബന്ധിച്ചുള്ള നൊവേന ദിനങ്ങളിൽ പെരിയ ബഹുമാനപ്പെട്ട. ബോബി മണ്ണംപ്ലാക്കലച്ചൻ പാലായിൽ വിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി.
- പൊടിമറ്റം എൺപത്തിയഞ്ചു കോളനിയിലെ ഒരു കുടുംബത്തിന് ഭവന നിർമ്മാണത്തിന് ആവശ്യമായ സാധനങ്ങൾ വാങ്ങി നൽകി.

- സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റിന്റെ സുഗമമായ നടത്തിപ്പിനു വേണ്ടി സോഷ്യൽവർക്ക് കൗൺസിലറും പ്രോഗ്രാം മാനേജരും എല്ലാ ഭവനങ്ങളും സന്ദർശിച്ച് ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തി .
- കൂവപ്പള്ളി വിഴിക്കത്തോട്ടിൽ ഒരു നിർധന കുടുംബത്തിന് ഭവനം പൂർത്തീകരിച്ചു നൽകി.
- വണ്ടൻപതാൽ ആർ.പി. കോളനിയിലെ മൂന്നു കുട്ടികൾക്ക് ആവശ്യമായ കുട, ബാഗ്, പുസ്തകം, ചെരുപ്പ്, നോട്ട് ബുക്ക് എന്നിവ വാങ്ങി നൽകി.
- ബ. ചെറുപുഷ്പമ്മയുടെ രണ്ടാം ചരമവാർഷികം ആചരിച്ചു.
- ധന്യൻ കദളിക്കാട്ടിൽ മത്തായി അച്ചന്റെ ശ്രാദ്ധദിനത്തോട് അനുബന്ധിച്ച് സി. എലിസബത്ത് മേരി രചിച്ച് സംഗീതം നല്കിയ ഗാനം യൂ ട്യൂബിൽ റിലീസ് ചെയ്തു.
- ഉരുൾപൊട്ടൽ മൂലം ഭവനങ്ങൾ നഷ്ടമായ അഴങ്ങാട് പ്രദേശത്ത് ആറ് വീടുകളുടെ പണി പുരോഗമിച്ചു കൊണ്ടിരിക്കുന്നു.
- ലോകപരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കുട്ടികൾക്കായി 'ഒരേയൊരു ഭൂമി വീണ്ടെടുക്കാം നമ്മുടെ ആവാസ വ്യവസ്ഥകളെ' എന്ന വിഷയത്തിൽ പോസ്റ്റർ മത്സരം സംഘടിപ്പിച്ചു.

## സ്നേഹസ്മരണയ്ക്ക്



**സി. വേറോനിക്ക പുത്തൻപുരയ്ക്കൽ** SH

ജനനം : 08-12-1938 നിത്യവ്രതം : 16-05-1960

ആദ്യവ്രതം : 11-04-1957 മരണം : 25-06-2022

# കെ.സി.എസ്.എൽ.

2022-2023 അധ്യായനവർഷത്തിലെ കെ.സി.എസ്.എൽ. ആനിമേറ്റേഴ്സ് സംഗമം ജൂൺ 24-ാം തീയതി പാസ്റ്ററൽ സെന്ററിൽ 11 മണിക്ക് നടത്തി. അഭിവന്ദ്യ പിതാവ് ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ പെരിയ ബഹു. ബോബി അലക്സ് മണ്ണംപ്ലാക്കൽ മുഖ്യപ്രഭാഷണം നടത്തി. കോർപ്പറേറ്റ് മാനേജർ ബഹു. ഡോമിനിക്ക് അയലൂപറമ്പിൽ അച്ചൻ ആശംസകളറിയിച്ചു സംസാരിച്ചു. ഉച്ചഭക്ഷണത്തോടെ സംഗമം അവസാനിച്ചു.

ജൂൺ 24-ാം തീയതി കൂടിയ കെ.സി.എസ്.എൽ. എക്സിക്യൂട്ടീവ് യോഗത്തിൽ സോജൻ ആന്റണി (പ്രസിഡന്റ്), സി. സിൽവി (വൈസ് പ്രസിഡന്റ്), അജാക്സ് ജോൺസൺ (ഓർഗനൈസർ), ബ്ലെസി ജോസ് (ട്രഷറർ), ഷിജേഷ് കെ.ഇ. (ഹൈറേഞ്ച് പ്രോഗ്രാം കോ-ഓർഡിനേറ്റർ) എന്നിവരെ തിരഞ്ഞെടുത്തു.

**ഫാ. ജോസഫ് പന്നലക്കുന്നേൽ**
**ഡയറക്ടർ**

# മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ

**MMT സ്കൂൾ ഓഫ് നേഴ്സിംഗിലേക്ക് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു**

MMT നേഴിസിംഗ് സ്കൂളിൽ അടുത്ത അധ്യയന വർഷത്തേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. INC & KNMC അംഗീകൃത ജനറൽ നേഴ്സിംഗ് കോഴ്സിലേക്കാണ് അപേക്ഷകൾ ക്ഷണിച്ചിരിക്കുന്നത്. അഡ്മിഷൻ പെൺകുട്ടികൾക്കു മാത്രമായി നിജപ്പെടുത്തിയിരിക്കുന്നു. +2 പാസ്സായവർക്കും പ്രത്യേകിച്ച് സയൻസ് ഗ്രൂപ്പുകാർക്കുമാണ് മുൻഗണന. സംസ്ഥാനത്തെ മികച്ച ഗുണനിലവാരം പുലർത്തുന്ന എം.എം.റ്റി. നേഴ്സിംഗ് സ്കൂളിൽ 100% വിജയം തുടർച്ചയായി ലഭിച്ചുകൊണ്ടിരിക്കുന്നു. 30 സീറ്റുകൾ മാത്രമുള്ള നഴ്സിംഗ് കോഴ്സിലേക്കുള്ള അപേക്ഷ ഫോം നഴ്സിംഗ് സ്കൂൾ ഓഫീസിൽ ലഭ്യമാണ്.

**ഡയലിസിസ് ടെക്നീഷ്യൻ കോഴ്സിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചു.**

2022 വർഷത്തേയ്ക്കുള്ള ഡയലിസിസ് ടെക്നീഷ്യന്റെ കോഴ്സിലേക്കുള്ള അഡ്മിഷൻസ് ആരംഭിച്ചു. +2 സയൻസ് ഗ്രൂപ്പിന് മുൻഗണന നൽകുന്ന കോഴ്സിന് 10 സീറ്റുകൾ മാത്രമാണുള്ളത്. ആൺകുട്ടികൾക്കും കോഴ്സ് പഠിക്കാവുന്നതാണ്. പഠനവും പരിശീലനവും MMT ഹോസ്പിറ്റലിൽ തന്നെ നടക്കുന്നു.

ഡയാലിസിസ് യൂണിറ്റിന്റെ ടെക്നീഷ്യന്മാരായി ജോലി ലഭിക്കുന്ന ഡയാലിസിസ് കോഴ്സ് കഴിഞ്ഞ വർഷം മുതൽ MMT

ഹോസ്പിറ്റലിൽ ആരംഭിച്ചു കഴിഞ്ഞു. കിഡ്നിയുടെ പ്രവർത്തനം നിലച്ച നിരവധി രോഗികൾ ഡയലിസിസിനെ മാത്രം ആശ്രയിച്ച് ജീവിക്കുന്നവരാണ്.

**ഓർത്തോ വിഭാഗത്തിൽ പുതിയ ഡോക്ടേഴ്സിന്റെ സേവനങ്ങൾ.**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ അസ്ഥിരോഗ വിഭാഗത്തിൽ ഡോ. സനിൽ കുമാർ MBBS D Ortho DNB Ortho MNAMS 2022 ജൂൺ 1 മുതൽ ചാർജ്ജെടുത്തു. ഡോക്ടറുടെ സേവനം എല്ലാ ദിവസവും ഹോസ്പിറ്റലിൽ ലഭ്യമായിരിക്കും.

മുട്ട് മാറ്റിവയ്ക്കൽ ശസ്ത്രക്രിയ, ഹിപ്പ് റിപ്ലേസ്മെന്റ്, സ്പൈനൽ ശസ്ത്രക്രിയകൾ, സ്പോർട്സ് ഇഞ്ചുറീസ്, ട്രോമാകെയർ തുടങ്ങിയവയിൽ വിദഗ്ദ്ധനാണ് ഇദ്ദേഹം. ആസ്ത്രോസ്കോപ്പി സ്പെഷ്യലിസ്റ്റായ ഡോക്ടറുടെ സേവനം എല്ലാ ദിവസവും ഹോസ്പിറ്റലിൽ ലഭ്യമാണ്. ഡോ. സനിൽ കുമാറിനൊപ്പം ഡോ. അഡോൾഡ് ജോർജ് MBBS MS Ortho യുടെ സേവനം എല്ലാ ദിവസവും ഹോസ്പിറ്റലിൽ തുടർന്നും ലഭ്യമായിരിക്കും.

**ജൂൺ 5 ലോകപരിസ്ഥിതി ദിനം**

ലോകപരിസ്ഥിതി ദിനത്തോടനുബന്ധിച്ചു മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ പരിസ്ഥിതി ദിനാചരണവും വൃക്ഷത്തൈവിതരണവും നടത്തി. MMT അസിസ്റ്റന്റ് ഡയറക്ടർ ഫാ. സിജു ഞള്ളിമാക്കൽ യോഗം ഉത്ഘാടനം ചെയ്തു. ആരോഗ്യ പ്രവർത്തകർക്ക് ആതുരവൃക്ഷം എന്ന പേരിൽ വൃക്ഷത്തൈവിതരണവും നടത്തി.

## MMT ഹോസ്പിറ്റലിൽ മൈക്കിൾസ് കെയർ

പരസഹായമില്ലാതെ ഹോസ്പിറ്റലിൽ എത്താൻ ബുദ്ധിമുട്ടുന്ന മുതിർന്ന പൗരന്മാർക്കും മറ്റ് ശാരീരിക ബുദ്ധിമുട്ടനുഭവിക്കുന്നവർക്കും വീടുകളിലെത്തി ചികിത്സ നൽകുന്നതിന്റെ ഭാഗമായി മൈക്കിൾസ് ഹോം കെയർ ജൂൺ 10-ാം തീയതി അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് ഉദ്ഘാടനം ചെയ്തു.

ഓപ്പറേഷനോട് അനുബന്ധിച്ച് വീടുകളിൽ വിശ്രമിക്കുന്നവർക്കും ഹോസ്പിറ്റലിൽ കൊണ്ടുവരാൻ മറ്റ് സഹായങ്ങൾ ഇല്ലാത്തവർക്കും മൈക്കിൾസ് കെയർ വലിയൊരു സഹായമായിരിക്കും. എം.എം.റ്റി. മുൻ ഡയറക്ടർ ബോർഡംഗമായിരുന്ന മൈക്കിൾ കള്ളുവയലിൽ സാറിന്റെ അനുസ്മരണാർത്ഥം കള്ളുവയലിൽ കുടുംബത്തിന്റെ സഹകരണത്തോടെയാണ് മൈക്കിൾസ് കെയർ പദ്ധതി നടപ്പിലാക്കുന്നത്. ഉദ്ഘാടന സമ്മേളനത്തിൽ മറിയാമ്മ കള്ളുവയലിലും ജോസഫ് കള്ളിവയലിലും ചേർന്ന് ഫ്ളാഗ് ഓഫ് ചെയ്തു. ഫാ. സോജി കന്നാലിൽ, ഫാ. ദീപു പുത്തൻപുരയ്ക്കൽ, ഫാ. സിജു ഞള്ളിമാക്കൽ. ശ്രീമതി പ്രീതി കള്ളിവയലിൽ തുടങ്ങിയവരുടെ സാന്നിദ്ധ്യം ഉണ്ടായിരുന്നു.

## സൗജന്യ മെഡിക്കൽ ക്യാമ്പ്

സെന്റ് ജോർജ് ചർച്ച് മേരികുളം എസ്.എം.വൈ.എം. ന്റെ നേതൃത്വത്തിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് ജൂൺ 12 ന് നടത്തപ്പെട്ടു. ഫാ. വർഗ്ഗീസ് കുളംപള്ളി ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ക്യാമ്പിൽ പൾമണറി വിഭാഗത്തിൽ ഡോ. ജോൺ മാത്യുവും, കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിൽ ഡോ. ക്രിസ്റ്റി മരിയയും അസ്ഥിരോഗവിഭാഗത്തിൽ ഡോ. സനിൽ കുമാറും, ജനറൽ സർജറി വിഭാഗത്തിൽ ഡോ. കിംഗ്സിലി അയ്യൻകുട്ടിയും, ശിശുരോഗവിഭാഗത്തിൽ

ഡോ. ദിവ്യ ബി.യും ദന്തരോഗ വിഭാഗത്തിൽ ഡോ. സൂര്യ കിംഗ്സിലിയും ഫിസിയോ തെറാപ്പി വിഭാഗത്തിൽ ഡോ. ജയിംസും നേതൃത്വം നൽകി. ക്യാമ്പിൽ ഡോക്ടർ കൺസൾട്ടേഷൻ, രജിസ്ട്രേഷൻ, മെഡിസിൻസ് തുടങ്ങിയവ സൗജന്യമായി നൽകി. അതോടൊപ്പം തുടർചികിത്സ ആവശ്യമുള്ളവർക്ക് ഒരു മാസത്തേയ്ക്ക് രജിസ്ട്രേഷനും ഡോക്ടർ കൺസൽട്ടേഷനും ഹോസ്പിറ്റലിൽ സൗജന്യമായി ലഭ്യമാക്കി.

**സൗജന്യ അസ്ഥിരോഗ നിർണ്ണയ ക്യാമ്പ്**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിലെ അസ്ഥിരോഗ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 15-06-2022 മുതൽ 21-06-2022 വരെ സൗജന്യ അസ്ഥിരോഗ നിർണ്ണയ ക്യാമ്പ് നടത്തപ്പെട്ടു. ഡോ. സനിൽ കുമാർ ക്യാമ്പിന് നേതൃത്വം നൽകി. ക്യാമ്പിൽ രജിസ്ട്രേഷൻ, ഡോക്ടർ കൺസൾട്ടേഷൻ, BMD പരിശോധന തുടങ്ങിയവ സൗജന്യമായിരുന്നു.

**അവെയർനസ്സ് ക്ലാസുകൾ നടത്തപ്പെട്ടു**

ജൂൺ 13-ാം തീയതി മേരികുളത്തെ 6 സ്കൂളുകളിൽ മഴക്കാലജന്യ രോഗങ്ങളെക്കുറിച്ച് അവെയർനസ്സ് ക്ലാസുകൾ ഡോ. ക്രിസ്റ്റി മരിയയുടെ നേതൃത്വത്തിൽ നടന്നു.

ജൂൺ 14-ാം തീയതി മേരികുളത്ത് ഉത്തരവാദിത്വമുള്ള രക്ഷകർതൃത്വത്തെക്കുറിച്ച് അവെയർനസ്സ് ക്ലാസ് ഡോ. ഡിറ്റിൻ ജോസഫിന്റെ നേതൃത്വത്തിൽ നടന്നു.

**ഫാ. ജോസഫ് കന്നാലിൽ**

**ഡയറക്ടർ**

# കത്തോലിക്കാ കോൺഗ്രസ് (A.K.C.C.)

### ക്രൈസ്തവ കൂട്ടക്കുരുതിക്കെതിരെ പ്രതിഷേധ ജ്വാല

നൈജീരിയായിലെ ഓവോ നഗരത്തിലെ സെന്റ് ഫ്രാൻസീസ് ദൈവാലയത്തിൽ ഇസ്ലാമിക തീവ്രവാദികൾ നടത്തിയ കൂട്ടക്കുരുതിക്കെതിരെ കത്തോലിക്ക കോൺഗ്രസ് കാഞ്ഞിരപ്പള്ളി രൂപതാസമിതിയുടെ നേതൃത്വത്തിൽ 19-06-2022 ൽ പ്രതിഷേധ ജ്വാല സംഘടിപ്പിച്ചു. വികാരി ജനറാൾ റവ. ഡോ. ജോസഫ് വെള്ളമറ്റം പ്രതിഷേധജ്വാല ഉദ്ഘാടനം ചെയ്തു. ഇതുപോലുള്ള കിരാത സംഭവങ്ങൾക്കെതിരെ ലോകമനസ്സാക്ഷി ഉണരണമെന്നും ഇത്തരം സംഭവങ്ങൾ ലോകശ്രദ്ധയിൽ കൊണ്ടുവരുന്നതിന് മുഖ്യധാരാ മാധ്യമങ്ങൾ ശ്രമിക്കണമെന്നും ഡോ. ജോസഫ് വെള്ളമറ്റം ആവശ്യപ്പെട്ടു. രൂപതാ ഡയറക്ടർ ഫാ. മാത്യു പാലക്കുടി അദ്ധ്യക്ഷത വഹിച്ചു. ഭാരവാഹികളായ ജോസഫ് പണ്ടാരക്കളം, ജോജോ തെക്കുംചേരിക്കുന്നേൽ, ടെസി ബിജു പാഴിയാങ്കൽ, സണ്ണിക്കുട്ടി അഴകമ്പ്രായിൽ, റെജി കൊച്ചുകരിപ്പാപ്പറമ്പിൽ, മിനി സണ്ണി മണ്ണംപ്ലാക്കൽ, റെന്നി ചക്കാലയിൽ തുടങ്ങിയവർ പ്രസംഗിച്ചു.

### രൂപത, ഫൊറോന യൂണിറ്റ് ഭാരവാഹികളുടെ യോഗം

കത്തോലിക്ക കോൺഗ്രസ് രൂപതാ ഫൊറോന യൂണിറ്റ് ഭാരവാഹികളുടെ സംയുക്തയോഗം 19.06.2022 4 pm ന് പാസ്റ്ററൽ സെന്റർ അനക്സിൽ രൂപത ഡയറക്ടർ ഫാ. മാത്യു പാലക്കുടി ഉദ്ഘാടനം ചെയ്തു. കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ ഭാരവാഹികൾ ജൂലൈ 17 ന് കാഞ്ഞിരപ്പള്ളിയിൽ നടത്തുന്ന സന്ദർശന പരിപാടി വിജയിപ്പിക്കുന്നതിന് യോഗം തീരുമാനിച്ചു. ഗ്ലോബൽ സമിതിയംഗം സണ്ണിക്കുട്ടി അഴകമ്പ്രായിലിന്റെ അദ്ധ്യക്ഷതയിൽ ജനറൽ സെക്രട്ടറി ജോസഫ് പണ്ടാരക്കളം, ട്രഷറർ ജോജോ തെക്കുംചേരിക്കുന്നേൽ,

ഗ്ലോബൽ വൈസ് പ്രസിഡന്റ് ടെസി ബിജു പാഴിയാങ്കൽ എന്നിവർ പ്രസംഗിച്ചു.

**ബഫർ സോൺ വനത്തിനുള്ളിൽ നിജപ്പെടുത്തണം**

വനാതിർത്തിക്കുള്ളിൽ ബഫർസോൺ അവസാനിക്കുന്ന രീതിയിൽ പുതിയ നിയമനിർമ്മാണം കൊണ്ടുവരുവാൻ സർക്കാർ നടപടി സ്വീകരിക്കണമെന്നും കർഷകരുടെ ആശങ്കകൾ അകറ്റണമെന്നും കത്തോലിക്ക കോൺഗ്രസ് ഇളങ്ങോയി യൂണിറ്റ് ആവശ്യപ്പെട്ടു. യൂണിറ്റ് പ്രസിഡന്റ് ടിന്റു വിറകൊടിയനാലിന്റെ അദ്ധ്യക്ഷതയിൽ വികാരി ഫാ. സെബാസ്റ്റ്യൻ ഉള്ളാട്ട് യോഗം ഉദ്ഘാടനം ചെയ്തു. പൊൻകുന്നം ഫൊറോനാ പ്രസിഡന്റ് ബിജു ആലപ്പുരയ്ക്കൽ, വൈസ് പ്രസിഡന്റ് വത്സമ്മ പഴയവീട്ടിൽ, യൂണിറ്റ് സെക്രട്ടറി ജേക്കബ് ചെരിപുറം, ട്രഷറർ ജയ്മോൻ കുരിശുംമൂട്ടിൽ എന്നിവർ പ്രസംഗിച്ചു.

**ലാറ്റക്സ് ഇറക്കുമതിചുങ്കം ഒഴിവാക്കരുത്**

ലാറ്റക്സ് ഇറക്കുമതിചുങ്കം പൂർണ്ണമായും ഒഴിവാക്കണമെന്ന വ്യവസായികളുടെ ആവശ്യം പരിഗണനയിൽ കൊണ്ടുവരാനുള്ള കേന്ദ്ര വാണിജ്യമന്ത്രാലയത്തിന്റെ ആസൂത്രിത നീക്കം അവസാനിപ്പിക്കണമെന്ന് കത്തോലിക്ക കോൺഗ്രസ് രൂപതാ സമിതിയോഗം ആവശ്യപ്പെട്ടു. ഇത് റബർ വിലയിടിവിനും വർഷങ്ങളായി ദുരിതം അനുഭവിക്കുന്ന റബർ കർഷകരെ പൂർണ്ണമായും നാശത്തിലേക്ക് തള്ളിവിടുന്നതിനും കാരണമാകും. ഈ പ്രതിസന്ധിക്ക് പരിഹാരം കാണാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഗ്ലോബൽ സമിതിയംഗം സണ്ണിക്കുട്ടി അഴകമ്പ്രായിലിന്റെ അദ്ധ്യക്ഷതയിൽ 11-06-2022 -ൽ ചേർന്ന യോഗം ആവശ്യപ്പെട്ടു.

**എരുമേലി ഫൊറോന യോഗം**

കത്തോലിക്ക കോൺഗ്രസ് എരുമേലി ഫൊറോനനേതൃയോഗം 12-06-2022 ഞായർ 2.30 pm ന് എരുമേലി ഫൊറോന പാരീഷ്ഹാളിൽ വികാരി ഫാ. വർഗീസ് പുതുപ്പറമ്പിലിന്റെ അദ്ധ്യക്ഷത

യിൽ രൂപത ഡയറക്ടർ ഫാ. മാത്യു പാലക്കുടി ഉദ്ഘാടനം ചെയ്തു. രൂപതാ ഭാരവാഹികളായ ജോസഫ് പണ്ടാരക്കളം, സണ്ണിക്കുട്ടി അഴകമ്പ്രായിൽ, ടോമിച്ചൻ പാലമുറി, ഫൊറോന പ്രസിഡന്റ് ടോമിച്ചൻ പാലക്കുടി, സെക്രട്ടറി റോബിൻ ജോ പുളിക്കൽ തുടങ്ങിയവർ പ്രസംഗിച്ചു.

**പൊൻകുന്നം ഫൊറോന യോഗം**

കത്തോലിക്ക കോൺഗ്രസ് പൊൻകുന്നം ഫൊറോന യോഗം പൊൻകുന്നം തിരുക്കുടുംബ ഫൊറോന പാരീഷ് ഹാളിൽ വികാരി ഫാ. ജോണി ചെരിപുറം ഉദ്ഘാടനം ചെയ്തു. ഫൊറോന പ്രസിഡന്റ് ബിജു ആലപ്പുരയ്ക്കൽ അദ്ധ്യക്ഷത വഹിച്ചു. രൂപതാ ഭാരവാഹികളായ ജോസഫ് പണ്ടാരക്കളം, സണ്ണിക്കുട്ടി അഴകമ്പ്രായിൽ, റെജി കൊച്ചുകരിപ്പാപ്പറമ്പിൽ, മിനി സണ്ണി മണ്ണംപ്ലാക്കൽ, സിബി നമ്പുടാകം, സബിൻ ജോൺ എന്നിവർ പ്രസംഗിച്ചു. പൊൻകുന്നം, ഇളങ്ങോയി, പടനിലം, എലിക്കുളം, ചെങ്ങളം, ആനിക്കാട് ഇടവകകളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു.

**വെളിച്ചിയാനി ഫൊറോന യോഗം**

വെളിച്ചിയാനി ഫൊറോനാസമ്മേളനം 28.05.2022 ശനിയാഴ്ച 8 pm ന് പാരീഷ് ഹാളിൽ ഫൊറോന വികാരി ഫാ. ഇമ്മാനുവൽ മടുക്കക്കുഴിയുടെ അദ്ധ്യക്ഷതയിൽ രൂപതാ ഡയറക്ടർ ഫാ. മാത്യു പാലക്കുടി ഉദ്ഘാടനം ചെയ്തു. രൂപത ജനറൽ സെക്രട്ടറി ജോസഫ് പണ്ടാരക്കളം, ട്രഷറർ ജോജോ തെക്കുംചേരിക്കുന്നേൽ, ഗ്ലോബൽ സമിതിയംഗം സണ്ണിക്കുട്ടി അഴകമ്പ്രായിൽ, രൂപതാ യൂത്ത് കോ-ഓർഡിനേറ്റർ സബിൻ ജോൺ, രൂപതാ സമിതിയംഗങ്ങളായ സിബി നമ്പുടാകം, ജോബിൻ വടക്കേനാത്ത്, ഫൊറോന പ്രസിഡന്റ് ജോബിൻ പ്ലാപ്പള്ളിൽ, സെക്രട്ടറി പ്രിൻസ് വെട്ടം, ജസ്റ്റിൻ നന്തികാട്ടുപടവിൽ, ബോബി കോഴിമല എന്നിവർ പ്രസംഗിച്ചു. വെളിച്ചിയാനി, മാങ്ങാപ്പാറ, കാരികുളം, പാലപ്ര യൂണിറ്റുകളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു.

**എലിക്കുളം യൂണിറ്റ്**

കത്തോലിക്ക കോൺഗ്രസ് എലിക്കുളം ഇൻഫന്റ് ജീസസ് യൂണിറ്റ് യോഗം വികാരി ഫാ. അഗസ്റ്റിൻ പുതുപ്പറമ്പിൽ ഉദ്ഘാടനം

ചെയ്തു. യൂണിറ്റ് പ്രസിഡന്റ് ജോയിച്ചൻ കൊച്ചീറ്റത്തോട്ടിന്റെ അദ്ധ്യക്ഷതയിൽ രൂപത വൈസ് പ്രസിഡന്റ് റെജി കൊച്ചുകരിപ്പാപ്പറമ്പിൽ, പൊൻകുന്നം ഫൊറോന പ്രസിഡന്റ് ബിജു ആലപ്പുരയ്ക്കൽ, സെക്രട്ടറി ജിമ്മിച്ചൻ മണ്ഡപത്തിൽ, യൂണിറ്റ് സെക്രട്ടറി ജോമിച്ചൻ തെക്കേക്കുറ്റ് എന്നിവർ പ്രസംഗിച്ചു.

**കത്തീഡ്രൽ യൂണിറ്റ്**

കത്തീഡ്രൽ യൂണിറ്റ് യോഗം 19.06.2022 ഞായർ 6 pm ന് പ്രസിഡന്റ് ദേവസ്യാ മാത്യു പനയ്ക്കക്കുഴിയുടെ അദ്ധ്യക്ഷതയിൽ ആർച്ച് പ്രീസ്റ്റ് ഫാ. വർഗീസ് പരിന്തിരിക്കൽ ഉദ്ഘാടനം ചെയ്തു. ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിൽ ഫുൾ എ പ്ലസ് നേടിയ യൂണിറ്റ് അംഗങ്ങളുടെ കുട്ടികളായ പി.ജെ. നിക്കോളാസ് പത്യാല, കിഷോർ സുനു മുത്തിയപാറ എന്നിവർക്ക് കാഷ് അവാർഡ് നൽകി ആദരിച്ചു. രൂപത ജനറൽ സെക്രട്ടറി ജോസഫ് പണ്ടാരക്കളം, യൂണിറ്റ് ഭാരവാഹികളായ ജിജി പുത്തേട്ട്, ജെയിംസ്കുട്ടി ആശാരിപറമ്പിൽ എന്നിവർ പ്രസംഗിച്ചു.

**ഗ്ലോബൽ ഭാരവാഹികളുടെ സന്ദർശനം**

കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ ഭാരവാഹികളുടെ രൂപതാ സന്ദർശനം ജൂലൈ 17 – ന് നടക്കും. പാസ്റ്ററൽ സെന്റർ ഓഡിറ്റോറിയത്തിൽ ചേരുന്ന സമ്മേളനം അഭിവന്ദ്യ രൂപതാദ്ധ്യക്ഷൻ മാർ ജോസ് പുളിക്കൽ ഉദ്ഘാടനം ചെയ്യും.

**ഫാ. മാത്യു പാലക്കുടി**
**ഡയറക്ടർ**

# ഡി.സി.എം.എസ്.

- ഡി.സി.എം.എസ്. വെളിച്ചിയാനി, കാഞ്ഞിരപ്പള്ളി, പൊൻകുന്നം ഫൊറോന കൗൺസിലുകൾ വിവിധ ഞായറാഴ്ചകളിലായി നടത്തപ്പെട്ടു.
- കാഞ്ഞിരപ്പള്ളി രൂപത ഡി.സി.എം.എസ്. എക്സിക്യൂട്ടീവ് മീറ്റിംഗ് 19-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു.
- മാർത്തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950 വർഷത്തിന്റെ ആചരണ കാര്യങ്ങൾ ചർച്ച ചെയ്യുവാൻ രൂപതാതലത്തിൽ ഓൺലൈനായി നടത്തിയ മീറ്റിംഗിൽ സംഘടനയിൽ നിന്നും എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു.
- പൊൻകുന്നം ഫൊറോന സമിതിയംഗങ്ങൾ ഫൊറോനായിലെ യൂണിറ്റ് സന്ദർശനം ആരംഭിച്ചു.
- 19-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ കാഞ്ഞിരപ്പള്ളി രൂപത ഡി.സി.എം.എസ്. എക്സിക്യൂട്ടീവ് അംഗങ്ങളുടെയും വെളിച്ചിയാനി, കാഞ്ഞിരപ്പള്ളി, പൊൻകുന്നം ഫൊറോനാ എക്സിക്യൂട്ടീവ് അംഗങ്ങളുടെയും സംയുക്തമീറ്റിംഗ് പാസ്റ്ററൽ സെന്റർ ഓഫീസിൽ വച്ച് നടത്തപ്പെട്ടു.
- 26-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് അഞ്ചിലിപ്പ ഇടവക യൂണിറ്റ് മീറ്റിംഗിൽ രൂപത പ്രസിഡന്റും എക്സിക്യൂട്ടീവ് അംഗങ്ങളും പങ്കെടുത്തു.

→



# ഫ്രാൻസിസ്കൻ അല്മായസഭ

ഫ്രാൻസിസ്ക്കൻ അൽമായസഭ രൂപതാതല മീറ്റിംഗ് 12-06-2022 (രണ്ടാം ഞായറാഴ്ച) ഉച്ചകഴിഞ്ഞ് കപ്പാട് രൂപതാ ഓഫീസിനോട് ചേർന്നുള്ള ഹാളിൽ കൂടി. രൂപതാ പ്രസിഡന്റ് ബ്രദർ ജോസ് തോമസ് വെട്ടത്ത് അദ്ധ്യക്ഷനായിരുന്നു. രൂപതാ ഡയറക്ടർ റവ. ഫാ. ജയിംസ് ചൂരമന OFM (Conv) സന്നിഹിതനായിരുന്നു.

ഡയറക്ടറച്ചന്റെ അനുഗ്രഹപ്രഭാഷണത്തിന് ശേഷം സഭയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ചർച്ചയായിരുന്നു.

രൂപതാ ഭാരവാഹികൾ എല്ലാ ഭാതൃത്വങ്ങളും സന്ദർശിക്കുവാനും സാധിക്കുന്ന സ്ഥലങ്ങളിൽ ഡയറക്ടർ അച്ചൻ ദിവ്യബലി അർപ്പിച്ച് പ്രത്യേക പ്രാർത്ഥനകൾ നടത്തുവാനും തീരുമാനിച്ചു.

---

## ഡി.സി.എം.എസ്.

- 21-ാം തീയതി ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് കോട്ടയം കുമാരനല്ലൂരിൽ വച്ച് T.S.D.T.P ട്രെയിനിംഗ് പ്രോഗ്രാമിനെക്കുറിച്ച് ആലോചിക്കുവാൻ കൂടിയ മീറ്റിംഗിൽ രൂപത ഡയറക്ടർ പങ്കെടുത്തു.
- സീറോ മലബാർ ദളിത് വികാസ് സൊസൈറ്റി പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന ദളിത് കുട്ടികൾക്ക് നല്കുന്ന പഠന സ്കോളർഷിപ്പിന് അപേക്ഷകൾ സ്വീകരിച്ചു തുടങ്ങി.

**ഫാ. ജോസുകുട്ടി ഇടത്തിനകം**
**ഡയറക്ടർ**

എല്ലാ ഭാതൃത്വങ്ങളും കുറഞ്ഞത് രണ്ടു യുവജനങ്ങളെയെങ്കിലും പുതുതായി അംഗങ്ങളാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു.

ഈ വർഷം ഭാതൃത്വ തലത്തിൽ വാർഷിക സമ്മേളനങ്ങൾ നടത്തുവാനും സമ്മേളനങ്ങളിൽ രൂപതാ ഭാരവാഹികൾ പങ്കെടുക്കുവാനും തീരുമാനിച്ചു.

ഭാതൃത്വ സന്ദർശനങ്ങളുടെ ഭാഗമായി 26-06-2022 ഞായറാഴ്ച കണയങ്കവയൽ ഭാതൃത്വം രൂപതാഭാരവാഹികൾ സന്ദർശിച്ചു. ഡയറക്ടർ അച്ചൻ രാവിലെ 7 മണിക്ക് സെന്റ് മേരീസ് ദൈവാലയത്തിൽ ദിവ്യബലി അർപ്പിച്ചു. തുടർന്നു നടന്ന ഭാതൃത്വ കൂട്ടായ്മയിൽ ഇടവക വികാരി റവ. ഫാ. മാത്യു വള്ളിപ്പറമ്പിൽ സന്നിഹിതനായിരുന്നു.

എല്ലാ മാസത്തിലും ഒന്നാം ഞായറാഴ്ചകളിൽ ഉച്ചകഴിഞ്ഞ് 5 മണിക്ക് നടത്തിവരുന്ന ഓൺലൈൻ പ്രാർത്ഥനാകൂട്ടായ്മയുടെ ഭാഗമായി 05-06-2022 ഫോർമേറ്റർ ബ്രദർ ജോസ് കിഴക്കേത്തലയ്ക്കലിന്റെ നേതൃത്വത്തിൽ നടത്തി. ഡയറക്ടർ റവ. ഫാ. ജയിംസ് ചൂരമന OFM (Conv) പന്തക്കുസ്തായുടെ പ്രാധാന്യത്തെയും കുടുംബങ്ങളിലെ കൂട്ടായ പ്രാർത്ഥനകളുടെ ആവശ്യകതയേക്കുറിച്ചും ലഭിക്കുന്ന അനുഭവങ്ങളേക്കുറിച്ചും വിശദമായ വചനസന്ദേസം നൽകി.

**സെക്രട്ടറി**

# ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി കാഞ്ഞിരപ്പള്ളി കമ്മീസിയത്തിന്റെ 436, 437 -ാമതും കൂരിയായുടെ 893, 894-ാമതും സമ്മേളനങ്ങൾ യഥാക്രമം 2022 മെയ് 22, 2022 ജൂൺ 11 തീയതികളിൽ കാഞ്ഞിരപ്പള്ളി രൂപതാ പാസ്റ്ററൽ സെന്റർ അനക്സിൽ പുതിയ ആത്മീയ നിയന്താവ് വെരി റവ. ഡോ. ജോസഫ് വെള്ളമറ്റത്തിന്റെ മഹനീയ സാന്നിദ്ധ്യത്തിൽ പ്രസിഡന്റ് സി. ലൂസി ജോസഫ് തെക്കേവയലിന്റെ അദ്ധ്യക്ഷതയിൽ കൂടി.

പ്രാരംഭപ്രാർത്ഥനയും ജപമാലയും കഴിഞ്ഞ് ലീജിയൻ നിയമഗ്രന്ഥത്തിൽ നിന്നും അദ്ധ്യക്ഷൻ ജ്ഞാനവായന നടത്തി. മുൻമാസസമ്മേളനങ്ങളുടെ മിനിറ്റ്സ് സെക്രട്ടറി ബ്രദർ ജേക്കബ് തോമസ് ചെറിയമുക്കട വായിച്ചു. സമ്മേളനത്തിൽ സന്നിഹിതനായ ആത്മീയ നിയന്താവിനും കമ്മീസിയം ഭാരവാഹികൾക്കും കൂരിയകളുടെയും പ്രസീദിയങ്ങളുടെയും ഭാരവാഹികൾക്കും അദ്ധ്യക്ഷൻ പരിശുദ്ധ അമ്മയുടെ പേരിൽ സ്വാഗതം ആശംസിച്ചു.

മുൻ ആത്മീയ നിയന്താവ് വെരി റവ. ഫാ. ജെസ്റ്റിൻ പഴയപറമ്പിൽ ഈ സംഘടനയുടെ വളർച്ചയ്ക്ക് ചെയ്ത എല്ലാത്തിനും പ്രാർത്ഥനയ്ക്കും നന്ദി പറയുകയും, മുൻ പ്രസിഡന്റ് അന്തരിച്ച ബ്രദർ അരുവിക്കര ചാക്കോയുടെ ശ്ലാഹനീയമായ സേവനങ്ങളെ അനുസ്മരിക്കുകയും, അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി കിട്ടട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്തു. തുടർന്ന് സൈനിക ജപശൃംഖല ചൊല്ലുകയും ചെയ്തു. →

# ആരോഗ്യപുനരധിവാസ മദ്യവിരുദ്ധ സമിതി

**ലഹരിവിമോചനധ്യാനം**

കോവിഡിന്റെ പശ്ചാത്തലത്തിൽ ദീർഘനാളത്തെ ഇടവേളയ്ക്കുശേഷം തമ്പലക്കാട് ധ്യാനകേന്ദ്രത്തിൽ മെയ് മാസത്തിൽ ധ്യാനം നടത്തിയെങ്കിലും വളരെ കുറച്ചുപേർ മാത്രമേ എത്തിയുള്ളു. ജൂൺ 10 മുതൽ 17 വരെ തീയതികളിൽ നടത്തിയ ലഹരിവിമോചന ധ്യാനത്തിൽ 53 പുരുഷന്മാരും 17 സ്ത്രീകളും ഉൾപ്പെടെ 70 പേർ സംബന്ധിച്ചു. ഫാ. സെബാസ്റ്റ്യൻ പെരുനിലം, ഫാ. ടോമി കൊല്ലംപറമ്പിൽ എന്നിവർ നേതൃത്വം നൽകി. സ്ഥാപക ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ വെച്ചൂക്കരോട്ട് 15-ാം തീയതി രാവിലെ ദിവ്യ

---

## ലീജിയൻ ഓഫ് മേരി

ലീജിയൻ നിയമഗ്രന്ഥത്തിലെ "സൈനികർക്കു മറിയത്തോടുള്ള കർത്തവ്യങ്ങൾ" എന്ന ഭാഗത്തെ അടിസ്ഥാനമാക്കി സി. എൽസമ്മ ജോസഫ് കിഴക്കേമുറി നയിച്ച ചർച്ചയിൽ മറ്റ് അംഗങ്ങളും പങ്കുചേർന്നു സംസാരിച്ചു.

കമ്മീസിയത്തിന്റെ അടുത്ത സമ്മേളനം 2022 ജൂലൈ 9-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് രൂപതാ പാസ്റ്ററൽ സെന്റർ അനക്സിൽ കൂടുന്നതാണ്. സമാപന പ്രാർത്ഥനകൾ, ദൈവദാസൻ ഫ്രാങ്ക് ഡഫിനെ വിശുദ്ധനെന്ന് നാമകരണം ചെയ്യുന്നതിനുവേണ്ടിയുള്ള പ്രാർത്ഥന എന്നിവയോടെ സമ്മേളനം സമാപിച്ചു.

**സെക്രട്ടറി**

ബലി അർപ്പിച്ച് സന്ദേശം നൽകി. 16-ാം തീയതി രാവിലെ 7 മണിക്ക് അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് ദിവ്യബലി അർപ്പിക്കുകയും ഹൃദയസ്പർശിയായ സന്ദേശം നൽകുകയും ചെയ്തു. 17-ാം തീയതി രാവിലെ 7 മണിക്ക് വികാരി ജനറാൾ പെരിയ ബഹുമാനപ്പെട്ട ബോബി മണ്ണംപ്ലാക്കൽ അച്ചൻ ദിവ്യബലി അർപ്പിച്ച് സമാപനസന്ദേശം നൽകി.

മദ്യവിരുദ്ധസമിതിയുടെ നേതൃത്വത്തിൽ ലഹരിവിമോചനധ്യാനത്തിൽ പങ്കെടുത്തവർക്കുവേണ്ടി എറണാകുളം, വാഴക്കാല, ഉഴവൂർ, ചമ്പക്കര എന്നിവിടങ്ങളിൽ വച്ച് ജൂൺ 5-ാം തീയതി നടത്തിയ AA മീറ്റിംഗുകളിൽ ബഹു. ഡയറക്ടറച്ചൻ സംബന്ധിച്ച് സന്ദേശം നൽകി. എറണാകുളം പി.ഒ.സിയിൽ വച്ചു നടത്തിയ മദ്യവിരുദ്ധസമിതിയുടെ സംസ്ഥാന വാർഷികസമ്മേളനത്തിൽ ബഹു. സെബാസ്റ്റ്യൻ പെരുനിലം അച്ചനും കമ്മറ്റിയംഗമായ അണക്കര ഷാജിയും സംബന്ധിച്ചു.

എല്ലാ മാസവും 30-ാം തീയതി നടത്തിയിരുന്ന നൈറ്റ് വിജിൽ പുനരാരംഭിച്ചു. വൈകുന്നേരം 6.30 ന് ജപമാല, തുടർന്ന് വി. കുർബാന, വചനസന്ദേശം, ആരാധന, 9.30 ന് സമാപനം.

കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ വച്ച് ജൂൺ 8-ാം തീയതി ബുധനാഴ്ച നടത്തിയ ജീസസ് ഫ്രട്ടേണിറ്റിയുടെ മീറ്റിംഗിൽ ഡയറക്ടറച്ചൻ ഉൾപ്പെടെ 7 പേർ സംബന്ധിച്ചു. കോട്ടയത്തുവച്ചു നടത്തിയ ജയിൽ മിനിസ്ട്രിയുടെ സാംസ്ക്കാരിക സമ്മേളനത്തിൽ ബഹു. ഡയറക്ടറച്ചൻ പങ്കെടുത്തു. ജൂൺ 28-ാം തീയതി കാഞ്ഞിരപ്പള്ളി രൂപതാ ഡയറക്ടറും പ്രവർത്തകരും ചേർന്ന് കോട്ടയം ജില്ലാ ജയിൽ സന്ദർശിക്കുകയും ജയിൽ വാസികൾക്ക് 75 ജോടി ചെരുപ്പുകൾ വാങ്ങി നൽകുകയും ചെയ്തു.

**ഫാ. സെബാസ്റ്റ്യൻ പെരുനിലം**
**ഡയറക്ടർ**



# വിൻസെൻഷ്യൻ വേദി

സെൻട്രൽ കൗൺസിലിന്റെ യോഗം 29.5.2022 ഞായറാഴ്ച 10.30–ന് സിസി ഓഫീസിൽ കൂടി. കോവിഡ് മാറി എല്ലാവരും സാധാരണ രീതിയിലേയ്ക്ക് മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കോൺഫ്രൻസുകൾ എല്ലാം ഭവനസന്ദർശനവും, മറ്റു പ്രവർത്തന ങ്ങളും സജീവമാക്കണമെന്ന് ആഹ്വാനം ചെയ്തു. കൂടാത എസി കൗൺസിലുകൾ മുടങ്ങാതെ ഓരോ മാസവും കൂടുകയും, ത്രൈമാസയോഗങ്ങൾ നിർബന്ധമായും കൂടി, കോൺഫ്രൻസുകളെ സജീവമാക്കുന്നതിന് എസി പ്രസിഡന്റുമാരെ യോഗം ആഹ്വാനം ചെയ്തു. ഇതുവരെ വിദേശസഹായം ലഭിച്ചിട്ട് വൗച്ചർ തരാത്ത കോൺഫ്രൻസുകൾ എത്രയും വേഗം സിസിയിൽ എത്തിച്ചില്ലെങ്കിൽ അടുത്ത ഗഡു കിട്ടുന്നതല്ല.

പൊടിമറ്റം എസി പ്രസിഡന്റ് ബ്ര. പി.സി. ജോസഫ് പാറടിയുടെ പ്രവർത്തന കാലാവധി പൂർത്തിയായ സാഹചര്യത്തിൽ 19.06.2022 ഞായറാഴ്ച എസി ഓഫീസിൽ പുതിയ പ്രസിഡന്റിനെ തെരഞ്ഞെടുക്കാനായി യോഗം ചേർന്നു. യോഗനടപടികൾക്കു ശേഷം വരണാധികാരിയായി എത്തിയ സിസി ട്രഷറാർ ബ്ര.ജയിക്കുട്ടി പോളിന്റെ അദ്ധ്യക്ഷതയിൽ തെരഞ്ഞെടുപ്പ് നടപടികൾ ആരംഭിച്ചു. കൊരട്ടി സെ.ജോസഫ്സ് കോൺഫ്രൻസ് അംഗവും എസി വൈസ് പ്രസിഡന്റുമായ ബ്ര.മാത്യു സക്കറിയ തൂങ്കുഴിയെ പ്രസിഡന്റായി യോഗം ഏകകണ്ഠമായി തെരഞ്ഞെ ടുത്തു. തുടർന്ന് നിയുക്തപ്രസിഡന്റ്, വൈസ് പ്രസിഡന്റായി വെളിച്ചിയാനി സെ.തോമസ് കോൺഫ്രൻസ് പ്രസിഡന്റ് ബ്ര. സിബി മാത്യു കളപ്പുരക്കലിനെയും, സെക്രട്ടറിയായി പാലമ്പ്ര കോൺഫ്ര

ൻസിലെ ബ്ര, റ്റോമി തോമസ് വടക്കേകാരിക്കാട്ടിൽ, ഖജാൻജിയായി കൂവപ്പള്ളി കോൺഫ്രൻസിലെ ബ്ര. ജോസ് സെബാസ്റ്റ്യൻ ഇളയച്ചാനിക്കൽ എന്നിവരെയും നിയോഗിച്ചു. കഴിഞ്ഞ 6 വർഷക്കാലം എസി പ്രസിഡന്റായി സ്തുത്യർഹമായി സേവനം അനുഷ്ഠിച്ച ബ്ര. പി.സി.ജോസഫിനെയും, സെക്രട്ടറി ബ്ര.വർഗ്ഗീസ് രണ്ടുപ്ലാക്കലിനെയും, ഖജാൻജി ബ്ര.പുള്ളുവയലിനെയും യോഗം നന്ദി അറിയിക്കുകയും, പുതിയ പ്രസിഡന്റിനും, ഭാരവാഹികൾക്കും ഭാവുകങ്ങൾ ആശംസിക്കുകയും ചെയ്തു. ഓസാനാം വിദ്യാഭവന്റെ പ്രവർത്തനങ്ങൾക്ക് എല്ലാ കോൺഫ്രൻസുകളും ഓരോ മാസവും സഹായം നൽകണമെന്നും, ടിന്നേജ് വൗച്ചറുകൾ ഇനിയും കൊടുത്തിട്ടില്ലാത്തവർ എത്രയും വേഗം ഏസിയിൽ എത്തിക്കണമെന്നും സെക്രട്ടറി അറിയിച്ചു. സമാപന പ്രാർത്ഥനയോടെ 3.45-ന് യോഗം സമാപിച്ചു.

എരുമേലി എസിയുടെ സംയുക്തസമ്മേളനം 12..6.2022 ഞായറാഴ്ച 10.30-ന് അറയാഞ്ഞിലിമണ്ണ് സെ.ജോസഫ്സ് കോൺഫ്രൻസിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ടു. ഏസി പ്രസിഡന്റ് ബ്ര.കെ.കെ.പോൾ കണ്ടത്തിൽ അദ്ധ്യക്ഷനായിരുന്നു. വികാരി റവ.ഫാ.ജോർജ്ജ് നെല്ലിക്കൽ സമ്മേളനം ഉദ്ഘാടനം ചെയ്ത് അനുഗ്രഹപ്രഭാഷണം നടത്തി. എരുമേലി കോൺഫ്രൻസ് പ്രസിഡന്റ് ബ്ര.ജോസ് വെട്ടിക്കാട് അംഗങ്ങൾക്ക് ക്ലാസ് എടുത്തു. വിവിധ കോൺഫ്രൻസുകൾ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. പുതിയതായി വിൻസെൻഷ്യൻ അംഗങ്ങളായി കടന്നുവന്ന പാണപിലാവ് സെ.ജോസഫ്സ് കോൺഫ്രൻസിലെ 2 പേരും, കുരുമ്പൻമൂഴി കോൺഫ്രൻസിലെ ഒരാളും യോഗത്തിൽ സ്വയം പരിചയപ്പെടുത്തി. കോൺഫ്രൻസ് പ്രസിഡന്റ് ജയ്മോൻ കുറ്റിവയലിന്റെ നേതൃത്വത്തിൽ കോൺഫ്രൻസ് അംഗങ്ങൾ നൽകിയ സമൃദ്ധമായ സ്നേഹവിരുന്നിനു ശേഷം യോഗം സമാപിച്ചു. യോഗത്തിൽ 60 പേർ പങ്കെടുത്തു.

**സെക്രട്ടറി**

# വിമല പബ്ലിക്കേഷൻസ്

**പുത്തൻപുസ്തകങ്ങൾ**

**1. UNSUNG ഹീറോസ് of the Bible :ഫാ. നൗജിൻ വിതയത്തിൽ**

പേജ്: 56/ പതിപ്പ്: 1/ വില: 60

വിശുദ്ധഗ്രന്ഥത്തിൽ ഇസ്രായേൽജനത്തിന്റെ ചരിത്രവുമായി ബന്ധപ്പെട്ടതും എന്നാൽ അധികമാരും ശ്രദ്ധിക്കാതെ പോയതുമായ ഏതാനും വ്യക്തികളുടെ ജീവിതങ്ങളെ പരിചയപ്പെടുത്തുന്ന ഗ്രന്ഥം. രക്ഷാകരചരിത്രത്തിൽ അതുല്യമായ സ്ഥാനംവഹിച്ച വ്യക്തികളെക്കുറിച്ച് കൂടുതൽ ആഴത്തിൽ അറിയാനും അവരിലൂടെ വെളിപ്പെട്ടുകിട്ടിയ ദൈവഹിതം മനസ്സിലാക്കാനും വായനക്കാരെ പ്രാപ്തരാക്കുന്ന ഗ്രന്ഥം. പഴയനിയമത്തിലെ പ്രവാചകന്മാരിലൂടെയും രാജാക്കന്മാരിലൂടെയും സാധാരണ ജനങ്ങളിലൂടെയുമെല്ലാം കടന്നുപോകുന്ന ഈ ഗ്രന്ഥം ലളിതമായഭാഷയിൽ ചിത്രങ്ങളുടെ സഹായത്തോടെ പ്രത്യേകമാംവിധം കുട്ടികൾക്കായി തയ്യാറാക്കിയിരിക്കുന്നു.

**2. വെളിച്ചത്തിന്റെ പോരാളികൾ: ഫാ. നൗജിൻ വിതയത്തിൽ**

പേജ്: 108/ പതിപ്പ്: 1/ വില: 110

ബൈബിളിലെ കഥകൾ, കഥാപാത്രങ്ങൾ, ആധുനികകാലഘട്ടത്തിൽ മനുഷ്യൻ നേരിടുന്ന കാലികമായ പ്രശ്നങ്ങൾ തുടങ്ങിയവയൊക്കെ നാടകരൂപത്തിൽ വായനക്കാരുടെ മുമ്പിൽ അവതരിപ്പിക്കുന്ന കൃതി. ഒരേ സമയം ആത്മീയമായ ഉണർവ്വും ഒപ്പം സാമൂഹിക

മായ അവബോധവും വായനക്കാരിൽ ജനിപ്പിക്കുവാൻ സാധിക്കുന്ന രചനാശൈലി. സമൂഹത്തെ നേരിന്റെ വഴി ചൂണ്ടിക്കാണിക്കുന്ന ഒരു ന്യൂജെൻ തെരുവുനാടകരീതിയിലാണ് നാടകങ്ങൾ രൂപപ്പെടുത്തിയിരിക്കുന്നത്. മത്സരവേദികളിൽ അവതരിപ്പിക്കുവാനും ഉത്തമം.

**3. അവൻ പറയുന്നു : വറുഗീസ് മള്ളാത്ത്**

രക്ഷകനായ ഈശോ അരുളിച്ചെയ്ത വചനങ്ങൾ ഏതു സുവിശേഷങ്ങളിൽ എത്രമാത്രം രേഖപ്പെടുത്തിയിട്ടുണ്ടോ അവ മുഴുവനായി ആവർത്തനമില്ലാതെ ഏത് അധ്യായത്തിൽ ഏതൊക്കെ വചനങ്ങൾ എന്ന സൂചകത്തോടെ ലഭ്യമാക്കുന്ന ഗ്രന്ഥം. തിരുവചനങ്ങളുടെ സമഗ്രസമാഹാരമായ ഗ്രന്ഥം പി.ഒ.സി ബൈബിളിനെ അടിസ്ഥാനമാക്കി എഴുതിയിരിക്കുന്നു.

**പണിപ്പുരയിൽ**

1. അവനതു പറഞ്ഞപ്പോൾ: ഫാ. സൈമൺ സി.എം.ഐ.
2. പ്രിയപ്പെട്ട ഗുരു : എ. ഡി ഷാജു
3. അറുപത് സംഭവകഥകൾ : ഡോ. അലക്സ് വൈപ്പന
4. വാക്കിന്റെ ഉണർവ്വുകൾ: കുഞ്ഞുകുഞ്ഞമ്മ ജോസഫ്
5. "Left to Tell" (മലയാള വിവർത്തനം) : ഫാ. ജിജി തോമസ്
6. കഥയമ്മ : ഫാ.ജിൻസൺ ജോസഫ് മുകളേൽ CMF

**ഫാ. ജസ്റ്റിൻ മതിയത്ത്**

# Special Care Homes & Charitable Institutions

**ചൈൽഡ് ലൈൻ - (1098)**

2022 ജൂൺ മാസത്തിൽ 16 കേസുകൾ റിപ്പോർട്ടു ചെയ്തു. 14 കേസുകൾ ചൈൽഡ് വെൽഫെയർ കമ്മറ്റി (CWC) മുമ്പാകെ സബ്മിറ്റ് ചെയ്തു. 2 കേസുകൾക്ക് കൗൺസിലിംഗ് നല്കി. കഴിഞ്ഞ 2 മാസങ്ങളിൽ വന്നിരുന്ന കേസുകൾക്ക് follow - up കൾ ചെയ്തു.

**Out reach**

ചൈൽഡ് ലൈനിന്റെ പ്രവർത്തനം ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനായി നടത്തിവരുന്ന Out reach പരിപാടികൾ എരുമേലി പഞ്ചായത്തു കേന്ദ്രമാക്കി നടത്തി. പഞ്ചായത്ത് ഓഫീസ്, സ്കൂളുകൾ, അംഗൻവാടികൾ, പോലീസ് സ്റ്റേഷൻ, ബസ് സ്റ്റാൻഡ്, ഓട്ടോ സ്റ്റാന്റ് എന്നിവിടങ്ങളിൽ നടത്തി.

**ബാലവേല വിരുദ്ധ ദിനാചരണം**

കോട്ടയം ജില്ലാ ചൈൽഡ് ലൈനിന്റെ അന്താരാഷ്ട്ര ബാലവേല വിരുദ്ധ ദിനത്തോടനുബന്ധിച്ച് കാഞ്ഞിരപ്പള്ളി ചൈൽഡ് ലൈൻ സപ്പോർട്ട് ഓർഗനൈസേഷൻ അന്താരാഷ്ട്ര ബാലവേല വിരുദ്ധദിനാചരണം നടത്തി. ബാലവേലക്കെതിരെ ചൈൽഡ് ലൈൻ നടത്തിയ വിവിധ ബോധവത്ക്കരണ പരിപാടികൾ സെന്റ് മേരീസ് ഉമിക്കുപ്പ ഹൈസ്ക്കൂളിൽ വച്ച് ബോധവത്ക്കരണ ക്ലാസും ബാലവേല വിരുദ്ധ പ്രതിജ്ഞയും നടത്തി. സ്കൂൾ മാനേജർ ഫാ. തോമസ് പാലയ്ക്കലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഹെഡ്മിസ്ട്രസ് നിസാമോൾ ജോൺ സ്വാഗതം ആശംസിച്ചു. എരുമേലി ഗ്രാമ പഞ്ചായത്ത് അംഗം ജിജിമോൾ സജി ഉത്ഘാടനം നിർവഹിച്ചു.

ലീഗൽ സർവ്വീസ് സൊസൈറ്റി വോളണ്ടിയർമാരായ ശ്രീമതി നിർമ്മല ജോൺ, അഡ്വ. ആര്യാ സുരേന്ദ്രൻ എന്നിവർ ക്ലാസുകൾ നയിച്ചു. സ്കൂൾ ലീഡർ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ചൈൽഡ് ലൈൻ കോ-ഓർഡിനേറ്റർ ആനി ജോയി നന്ദി അറിയിച്ചു. ടീം അംഗ ങ്ങളായ തോമസ് ജോസഫ് പന്തമാക്കൽ, ഷിബി ബെന്നി മണ്ണാ റാത്ത് എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി.

**ബാലവേല വിരുദ്ധ ദിനാചരണം - ചിത്രരചനാമത്സരം**

ബാലവേല വിരുദ്ധ ദിനാചരണത്തോടനുബന്ധിച്ച് എരുമേലി, ഉമിക്കുപ്പ സെന്റ് മേരീസ് ഹൈസ്കൂളിൽ വച്ച് ചിത്രരചനാമത്സരം 21-06-2022 ൽ നടത്തി. 25 കുട്ടികൾ മത്സരത്തിൽ പങ്കെടുത്തു. സ മ്മാനാർഹരായ കുട്ടികൾക്ക് സർട്ടിഫിക്കറ്റും ട്രോഫിയും നൽകി.

**Signature Campaign**

ബാലവേല വിരുദ്ധ ദിനാചരണത്തോടനുബന്ധിച്ച് Signature Campaign 15-06-2022 ന് എരുമേലി ബസ് സ്റ്റാൻഡിൽ 2 pm ന് നട ത്തി. എരുമേലി പോലീസ് സ്റ്റേഷനിലെ എസ്.ഐ. ശ്രീ. അനീഷ് Signature രേഖപ്പെടുത്തി ഉത്ഘാടനം നിർവഹിച്ചു. എരുമേലി പഞ്ചാ യത്ത് വാർഡ് മെമ്പർ നിസാർ സാർ സ്കൂൾ വിദ്യാർത്ഥികൾ, മുതിർന്ന ആളുകൾ എല്ലാവരും Sign രേഖപ്പെടുത്തി. 100 പേരോളം പരിപാടിയിൽ പങ്കെടുത്തു.

**ബോധവത്ക്കരണ ക്ലാസ്**

സെന്റ് ജോർജ് ഹൈസ്കൂൾ കൂട്ടിക്കൽ വച്ച് 9th standard ലെ കുട്ടികൾക്കായി ചൈൽഡ്ലൈൻ സേവനങ്ങളെപ്പറ്റിയും, കുട്ടി കളുടെ അവകാശങ്ങളെപ്പറ്റിയും ബോധവത്ക്കരണ ക്ലാസ് നടത്തി.

**STEP (Students Training Education Programme)**

കാഞ്ഞിരപ്പള്ളി രൂപതയിൽ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന ഇടവകകളിലെ കുടുംബങ്ങളിലെ കുട്ടികൾക്കായി നടത്തി വരുന്ന സ്കോളർഷിപ്പ് വിതരണം ഹൈറേഞ്ച് മേഖലയിൽ 27 - 05 -

2022 ൽ മേരികുളം സെന്റ് മേരീസ് ദൈവാലയ അങ്കണത്തിൽ വച്ചും ലോറേഞ്ച് മേഖലയിലെ സ്കോളർഷിപ്പ് വിതരണം കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്റർ ഓഡിറ്റോറിയത്തിൽ വച്ച് 30-05-2022 ലും നടത്തി. 400 കുട്ടികളോളം സ്കോളർഷിപ്പിന് അർഹരായി.

**ഭിന്നശേഷിക്കാരായ കുട്ടികളുടെ ഉന്നമനത്തിനും പഠനത്തിനും ഗവേഷണങ്ങൾക്കുമായി എം.ജി. യൂണിവേഴ്സിറ്റി ഏഞ്ചൽസ് വില്ലേജുമായി കൈകോർക്കുന്നു.**

കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി രൂപതയുടെ കീഴിലുള്ള വി കെയർ സെന്ററിന്റെ ചെങ്കല്ലിലുള്ള ഏഞ്ചൽസ് വില്ലേജ് ആശാനിലയം സ്പെഷ്യൽ സ്കൂളും മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുമായി ചെയ്ത മെമ്മോറാണ്ടത്തിന്റെ വെളിച്ചത്തിൽ ഈ അധ്യയനവർഷം മുതൽ നടപ്പിലാക്കുന്ന പദ്ധതികളുടെ പ്രവർത്തനോദ്ഘാടനം എം.ജി. യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ പ്രൊഫ. ഡോ. സാബു തോമസ് നിർവഹിച്ചു. സമ്മേളനത്തിന് കാഞ്ഞിരപ്പള്ളി രൂപത അധ്യക്ഷൻ മാർ ജോസ് പുളിക്കൽ പിതാവ് അധ്യക്ഷത വഹിച്ചു. ആദ്യഘട്ടത്തിൽ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ ഇന്റർ യൂണിവേഴ്സിറ്റി ഫോർ സ്റ്റഡീസ് ഇൻ മ്യൂസിക്കുമായി ബന്ധപ്പെട്ട മ്യൂസിക് തെറാപ്പി ആരംഭിച്ചു. എം.ജി. യൂണിവേഴ്സിറ്റിയിൽ നിന്നും പ്രൊഫ. ഡോ. സ്മിത പിഷാരടിയുടെ സേവനം ഇനി മുതൽ എല്ലാ വെള്ളിയാഴ്ചയും ഏഞ്ചൽസ് വില്ലേജിൽ ലഭ്യമാണ്. ഇത് ഭിന്നശേഷിക്കാരായ ഏഞ്ചൽസ് വില്ലേജിലെയും സമീപപ്രദേശങ്ങളിലെയും കുട്ടികൾക്ക് പ്രയോജനകരമാകുന്നവിധം നടപ്പിലാക്കുന്ന രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്.

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ എം.എ. സോഷ്യൽ വർക്കുമായി ബന്ധപ്പെട്ട് സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസുമായി ചേർന്നുള്ള ട്രെയിനിംഗ് പ്രോജക്റ്റുകൾ ഈ അധ്യയനവർഷം മുതൽ ഏഞ്ചൽസ് വില്ലേജിൽ നടപ്പിലാകും. IUCDS ന്റെ നോഡൽ ട്രെയിനിംഗ് സെന്ററായും ഏഞ്ചൽസ് വില്ലേജ് ഉയർത്തപ്പെട്ടു.

കാഞ്ഞിരപ്പള്ളി രൂപതയിലെ ചേനപ്പാടി ഇടവകാംഗമായ സാൽബിന്റെ ഓർമ്മയ്ക്കായി എയ്ഞ്ചൽസ് വില്ലേജും നസ്രാണി മാർഗ്ഗം കൂട്ടായ്മയും ചേർന്ന് നടപ്പിലാക്കുന്ന SAAC എന്ന പദ്ധതിയെക്കുറിച്ച് ഡോ. ക്രിസ്റ്റി മരിയ വിശദീകരിച്ചു. ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സ്റ്റഡീസ് ഇൻ സയൻസ് ഓഫ് മ്യൂസിക് ഡയറക്ടർ പ്രൊഫ. ഡോ. ജയചന്ദ്രൻ കെ. SAAC പ്രോജക്ട് ലോഗോ പ്രകാശനം ചെയ്തു. ഇതിലേക്കുള്ള ആദ്യ സംഭാവന മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ ബി.ഐ.ഐ.സി. ഡയറക്ടർ ഡോ. രാധാകൃഷ്ണൻ കാഞ്ഞിരപ്പള്ളി രൂപത വികാരി ജനറൽ റവ. ഡോ. ബോബി അലക്സ് മണ്ണംപ്ലാക്കലിന് നൽകി തുടക്കം കുറിച്ചു. സമ്മേളനത്തിന് ഏഞ്ചൽസ് വില്ലേജ് ഡയറക്ടർ ഫാ. റോയി മാത്യു വടക്കേൽ സ്വാഗതവും ആശാ നിലയം സ്പെഷ്യൽ സ്കൂൾ പ്രിൻസിപ്പൽ സിസ്റ്റർ ലിറ്റി സേവ്യർ നന്ദിയും അർപ്പിച്ചു.

എം.ജി. യൂണിവേഴ്സിറ്റി ഏഞ്ചൽസ് വില്ലേജുമായി ചേർന്ന് ഭിന്നശേഷിയുള്ള കുട്ടികൾക്കു വേണ്ടി പ്രയോജനകരമായ വിധത്തിൽ കൂടുതൽ ഗവേഷണങ്ങളും അന്താരാഷ്ട്രതലത്തിൽ നൂതന സാങ്കേതികവിദ്യകൾ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങളും അതിനെ പരിചയപ്പെടുത്തുന്നതിനുവേണ്ട സഹായങ്ങളും ഈ വർഷം മുതൽ നടപ്പിലാക്കും. ഇത് കേരളത്തിലെ ഭിന്നശേഷിക്കാരായ മുഴുവൻ കുട്ടികൾക്കും പ്രയോജനകരമാകുന്ന വിധത്തിൽ നടപ്പിലാക്കുവാനും വേണ്ട പ്രാരംഭ നടപടികളും കൈക്കൊണ്ടു.

**ഫാ. റോയി മാത്യു വടക്കേൽ**

**ഡയറക്ടർ**

# മലനാട് ഡവലപ്മെന്റ് സൊസൈറ്റി

**റവ. ഫാ. മാത്യു വടക്കേമുറിയിൽ അനുസ്മരണം**

മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ പ്രഥമ സെക്രട്ടറിയായിരുന്ന ബഹുമാനപ്പെട്ട മാത്യു വടക്കേമുറിയിലച്ചന്റെ 10-ാം ചരമവാർഷികം ആചരിച്ചു. മലനാട് ചാപ്പലിൽ നടന്ന ദിവ്യബലിക്കും അനുസ്മരണ ശുശ്രൂഷയ്ക്കും രൂപതാ വികാരി ജനറാളും, എം. എം.പി.എസ്. പ്രസിഡന്റുമായ പെരിയ ബഹു. ബോബി അലക്സ് മണ്ണംപ്ലാക്കൽ അച്ചൻ കാർമ്മികത്വം വഹിച്ചു.

**ഭവന നിർമ്മാണം സഹായം**

കോരുത്തോട്, കണമല, പാലപ്ര, അറയാഞ്ഞിലിമണ്ണ്, മാടപ്പള്ളി എന്നീ സ്ഥലങ്ങളിലുള്ള നിർദ്ധനരായ ഭവനരഹിതർക്ക് വീട് നിർമ്മിക്കുവാൻ 7,40,000/- രൂപ ധനസഹായമായി നൽകി.

**മറ്റ് സഹായങ്ങൾ**

ഭക്ഷ്യസഹായം, വിദ്യാഭ്യാസ സഹായം, ഗ്രാമവികസനം എന്നീ ഇനങ്ങളിൽ സൊസൈറ്റി 11,53,473/- രൂപ ചിലവഴിച്ചു.

**മലനാട് ജീവകാരുണ്യ പദ്ധതി**

മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റി ഇടവകകൾ തോറും നടപ്പിലാക്കുന്ന കരുതൽ, സാന്ത്വനം, ചികിത്സ എന്നീ പദ്ധതികൾക്കായി 2,01,600/- രൂപ ചിലവഴിച്ചു.

**ആശാ നിലയം പൊൻകുന്നം**

ശാരീരികമായും മാനസികമായും പാർശ്വവത്കരിക്കപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസത്തിനും പുനരധിവാസത്തിനുമായി പൊൻകുന്നത്ത് പ്രവർത്തിക്കുന്ന ആശാനിലയം സ്കൂളിന്റെ ദൈനംദിന ചിലവുകൾക്കായി 2,00,000/- രൂപ ചിലവഴിച്ചു.

→

# ഇൻഫാം

**ബഫർസോൺ മോചന സമരപ്രഖ്യാപനവും ഇൻഫാം നേതൃസംഗമവും**

കർഷകരുടെ ആശങ്കകൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് ബഫർ സോൺ മോചനസമരപ്രഖ്യാപനവും ഇൻഫാം നേതൃസംഗമവും 23 ന് രാവിലെ 11 മണിക്ക് കട്ടപ്പന, മുണ്ടക്കയം, എരുമേലി സോണുകളിലായി നടത്തി.

മുണ്ടക്കയം വ്യാകുലമാതാ ഫൊറോന പാരീഷ് ഹാളിൽ നടന്ന ബഫർ സോൺ മോചന സമരപ്രഖ്യാപനം കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷനും, ഇൻഫാം കാഞ്ഞിരപ്പള്ളി കാർഷിക ജില്ല രക്ഷാധികാരിയുമായ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ ഉദ്ഘാടനം

---

## മലനാട് ഡവലപ്മെന്റ് സൊസൈറ്റി

**കാലിത്തീറ്റ സബ്സിഡി**

മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റിയിൽ ഉത്പാദിപ്പിക്കുന്ന പോഷകസമൃദ്ധമായ കാലിത്തീറ്റ മലനാട് മിൽക്ക് സൊസൈറ്റികൾ വഴി സബ്സിഡി നിരക്കിൽ ക്ഷീരകർഷകർക്ക് വിതരണം ചെയ്തു വരുന്നു. മികച്ചയിനം കന്നുകുട്ടികളുടെ പരിപോഷണവും, ക്ഷീരകർഷകരുടെ വരുമാന വർദ്ധനവും ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ഈ പദ്ധതിക്കായി 4,94,005/- രൂപ ചിലവഴിച്ചു.

**ഫാ. തോമസ് മറ്റമുണ്ടയിൽ**

**സെക്രട്ടറി**

ചെയ്തു. കാഞ്ഞിരപ്പള്ളി രൂപതാ വികാരി ജനറാൾ റവ. ഡോ. കുര്യൻ തമരശ്ശേരി അധ്യക്ഷത വഹിച്ചു. റവ. ഫാ. ജോസഫ് പുൽത്തകിടിയേൽ, റവ. ഫാ. മാർട്ടിൻ വെള്ളിയാംകുളം, റവ. ഫാ. തോമസ് നല്ലൂർകാലായിൽപറമ്പിൽ, ശ്രീ. സണ്ണി എബ്രഹാം വെട്ടുകല്ലേൽ, ശ്രീ. ഷാബോച്ചൻ മുളങ്ങാശ്ശേരി, ശ്രീ. അലക്സ് പൗവ്വത്ത് എന്നിവർ പ്രസംഗിച്ചു.

എരുമേലി അസംപ്ഷൻ ഫൊറോന പാരീഷ് ഹാളിൽ നടന്ന സമരപ്രഖ്യാപനം കാഞ്ഞിരപ്പള്ളി രൂപതാ വികാരി ജനറാൾ റവ. ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കൽ ഉദ്ഘാടനം ചെയ്തു. ഇൻഫാം കാഞ്ഞിരപ്പള്ളി കാർഷിക ജില്ല ജോയിന്റ് ഡയയറക്ടർ ഫാ. ജിൻസ് കിഴക്കേൽ അധ്യക്ഷത വഹിച്ചു. റവ. ഫാ. വർഗ്ഗീസ് പുതുപ്പറമ്പിൽ, റവ. ഫാ. മാത്യു നിരപ്പേൽ, റവ. ഫാ. സെബാസ്റ്റ്യൻ പെരുനിലം, റവ. ഫാ. ജസ്റ്റിൻ മതിയത്ത്, റവ. ഫാ. മാത്യു നടയ്ക്കൽ, അഡ്വ. എബ്രാഹം മാത്യു പന്തിരുവേലിൽ, ശ്രീ. കുരുവിള ചാക്കോ താഴത്തുപീടികയിൽ, ശ്രീ. ജോസഫ് കെ.ജെ. കരിക്കുന്നേൽ എന്നിവർ പ്രസംഗിച്ചു.

കട്ടപ്പന സെന്റ് ജോർജ് ഫൊറോന പാരീഷ് ഹാളിൽ നടന്ന സമരപ്രഖ്യാപനം കാഞ്ഞിരപ്പള്ളി രൂപത വികാരി ജനറാൾ റവ. ഫാ. ജോസഫ് വെള്ളമറ്റം, ഉദ്ഘാടനം ചെയ്തു. റവ. ഫാ. വർഗീസ് കുളമ്പള്ളി, റവ. ഫാ. ജെയിംസ് വെൺമാന്തറ, റവ. ഫാ. തോമസ് ഞള്ളിയിൽ, റവ. ഫാ. തോമസ് തെക്കേമുറി, റവ. ഫാ. റോയി നെടുംതകിടിയേൽ, റവ. ഫാ. ജോർജ് അനന്തക്കാട്ട്, ഡോ. പി.വി. മാത്യു, ശ്രീ. സെബാസ്റ്റ്യൻ ജോസഫ് മുക്കുങ്കൽ, ശ്രീ. ജയകുമാർ മന്നത്ത്, ശ്രീ. ജോസഫ് കുര്യൻ തയ്യിൽ എന്നിവർ പ്രസംഗിച്ചു.

**കാർഷിക താലൂക്ക് ഡയറക്ടർമാരുടെ സമ്മേളനം**

ഇൻഫാം കാർഷിക താലൂക്ക് ഡയറക്ടർമാരായ ബഹുമാനപ്പെട്ട വൈദികരുടെ സമ്മേളനം പാറത്തോട് എം.ഡി.എസിൽ നടന്നു. ഫാ. ജിൻസ് കിഴക്കേൽ, ഫാ. ജോസഫ് പുൽത്തകിടിയേൽ,

ഫാ. ജോർജ് അനന്തക്കാട്ട്, ഫാ. മാത്യു നിരപ്പേൽ, ഫാ. മാർട്ടിൻ വെള്ളിയാംകുളം, ഫാ. തോമസ് തെക്കേമുറി, ഫാ. ജേക്കബ് നെടുംതകിടിയേൽ, ഫാ. ജസ്റ്റിൻ മതിയത്ത്, ഫാ. മാത്യു പുത്തൻപറമ്പിൽ, ഫാ. തോമസ് നല്ലൂർകാലായിൽ, ഫാ. സെബാസ്റ്റ്യൻ പെരുനിലം എന്നിവർ പങ്കെടുത്തു.

## ഇൻഫാം കാർഷിക ജില്ലാ നിർവാഹക സമിതിയോഗം

ഇൻഫാം ജില്ലാ പ്രസിഡന്റ് ശ്രീ. എബ്രാഹം മാത്യു പന്തിരുവേലിയുടെ അധ്യക്ഷതയിൽ കാർഷിക ജില്ലാ നിർവാഹക സമിതി യോഗം എം.ഡി.എസിൽ ചേർന്നു. ഫാ. വർഗ്ഗീസ് കുളമ്പള്ളി, ഫാ. ജെയിംസ് വെൺമാന്തറ, ഫാ. ജിൻസ് കിഴക്കേൽ, ഫാ. മാർട്ടിൻ വെള്ളിയാംകുളം, ഫാ. ജേക്കബ് നെടുംതകിടിയേൽ, ഫാ. മാത്യു വള്ളിപ്പറമ്പിൽ, ജോസ് പി. മാത്യു, ബേബി സെബാസ്റ്റ്യൻ, അലക്സാണ്ടർ പി.എം., ബാബു തോമസ്, ടോമി ജോർജ്, സെബാസ്റ്റ്യൻ മുക്കുങ്കൽ, ജോർജ്ജ് സി. ചാക്കോ, കുരുവിള ചാക്കോ, അഡ്വ. ജോഷി പോൾ, ജെയ്സൺ ജോസഫ്, നെൽവിൻ സി. ജോയി എന്നിവർ പങ്കെടുത്തു.

## ഇൻഫാം മാർക്കറ്റിംഗ് സെൽ സമ്മേളനം

ഇൻഫാം കാർഷിക ജില്ലാ മാർക്കറ്റിംഗ് സെൽ നിർവാഹക സമിതി യോഗം എം.ഡി.എസിൽ നടന്നു. മാർക്കറ്റിംഗ് സെൽ ഡയറക്ടർ ഫാ. ജെയിംസ് വെൺമാന്തറയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഫാ. ജെയിംസ് വെൺമാന്തറ, ഫാ. ജിൻസ് കിഴക്കേൽ, ഫാ. ജോസഫ് പുൽത്തകിടിയേൽ, ഫാ. ജസ്റ്റിൻ മതിയത്ത്, ജോസ് താഴത്തുപീടിക, സെബാസ്റ്റ്യൻ കൈതയ്ക്കൽ, ജോർജ് സി. ചാക്കോ ചേറ്റുകുഴി, അലക്സാണ്ടർ പി.എം., ടോമി ജോസഫ് പാറയ്ക്കൽ, ജയ്സൺ ടി ജോസ്, പി.ജെ. ജോസഫ്, ജോബി റ്റി.എം., കുര്യൻ ചാക്കോ, ആന്റണി തോമസ്, ഷിബു വർഗ്ഗീസ് എന്നിവർ പങ്കെടുത്തു.

**മാർക്കറ്റിംഗ് സെൽ ബോധവൽക്കരണ പരിപാടി**

പെരുവന്താനം, മുണ്ടക്കയം, എരുമേലി, കാഞ്ഞിരപ്പള്ളി എന്നീ കാർഷിക താലൂക്കുകളിൽ മാർക്കറ്റിംഗ് സെല്ലിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ബോധവൽക്കരണ പരിപാടി നടത്തി. കെ.കെ. സെബാസ്റ്റ്യൻ കൈതയ്ക്കൽ, ജോർജ് സി. ചാക്കോ ചേറ്റുകുഴി, കുരുവിള ചാക്കോ താഴത്തുപീടികയിൽ എന്നിവർ ക്ലാസിനു നേതൃത്വം നൽകി.

## Farm Inputs & Seeds Bank (FISB) Cell

ഗുണമേന്മയുള്ള വിത്തുകളുടെ ഉൽപ്പാദനവും, സംരക്ഷണവും വിതരണവും ഉറപ്പുവരുത്തുകയും പ്രകൃതിക്കും മണ്ണിനും വിളകൾക്കും അനുയോജ്യമായ വളങ്ങൾ ഉൽപ്പാദിപ്പിക്കുവാൻ കർഷകരെ പരിശീലിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഫിസ്ബിന്റെ എക്സിക്യൂട്ടീവ് യോഗം എം.ഡി.എസിൽ നടത്തി. റവ. ഫാ. മാർട്ടിൻ വെള്ളിയാംകുളം, ജോർജുകുട്ടി വെട്ടിക്കൽ, ജോസ് പി. മാത്യു പാടിക്കൽ, ചെറിയാൻ കുഴുപ്പിൽ, കെ.സി. തോമസ് കൊട്ടാടിക്കുന്നേൽ, സെബാസ്റ്റ്യൻ മുക്കുങ്കൽ, അലക്സ് പൗവ്വത്ത്, നെൽവിൻ സി. ജോയി എന്നിവർ പങ്കെടുത്തു.

**ഫാ. തോമസ് മറ്റമുണ്ടയിൽ**
**ഡയറക്ടർ**

# പീരുമേട് ഡെവലപ്പ്മെന്റ് സൊസൈറ്റി

പീരുമേട് ഡെവലപ്മെൻറ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ മെയ്– ജൂൺ മാസങ്ങളിലായി വിവിധ ഗ്രാമ തലങ്ങളിൽ നടത്തിയ വികസനപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ.

**പി.ഡി.എസ് ഓർഗാനിക് സ്പൈസസ്**

**അദിദി സർട്ടിഫിക്കേഷൻ**

കൺട്രോൾ യൂണിയൻ സർട്ടിഫിക്കേഷൻ ഏജൻസിക്ക് പകരമായി അദിദി എന്ന കൺട്രോൾ ബോർഡിനേ പി ഡി എസ് ഓർഗാനിക് സ്പൈസസ് സർട്ടിഫിക്കേഷൻ ആയി തിരഞ്ഞെടുത്തു. അതിൻപ്രകാരം അദിഥി ഓഡിറ്റ് 2022 മെയ് മാസം 9 മുതൽ 14 വരെയുള്ള തീയതികളിൽ നടക്കുകയുണ്ടായി.

പീരുമേട് ഫാർമേഴ്സ് ഗ്രൂപ്പ്, കഞ്ഞിക്കുഴി ഫാർമേഴ്സ് ഗ്രൂപ്പ്, കണ്ണംപടി ഫാർമേഴ്സ് ഗ്രൂപ്പ്, കരുണാപുരം ഫാർമേഴ്സ് ഗ്രൂപ്പ്, കുമളി ഫാർമേഴ്സ് ഗ്രൂപ്പ്, എന്നിവർക്ക് യൂറോപ്പിലേക്കുള്ള കയറ്റുമതിക്ക് യോഗ്യമായ ഇന്ത്യൻ ഓർഗാനിക് സർട്ടിഫിക്കറ്റുകൾ ലഭ്യമായി. കൂടാതെ പീരുമേട് ഫാർമേഴ്സ് ഗ്രൂപ്പിന് നതൂർ ലാൻഡ് നാത്തൂർ ലാൻഡ് ഫെയർ എന്നിവയുടെ ഓഡിറ്റ് നടത്തുകയും സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തു.

**കമ്മ്യൂണിറ്റി ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ്**

പി.ഡി.എസ് വിവിധ ഗ്രാമങ്ങളിൽ നടപ്പിലാക്കിവരുന്ന വികസന പ്രവർത്തനങ്ങളെ വിലയിരുത്തുക, ഭാവി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി എല്ലാ മാസവും നടത്തപ്പെടുന്ന റീജണൽ മീറ്റിങ്ങുകൾ പതിവുപോലെ കുമളി,

കട്ടപ്പന, പീരുമേട് കാഞ്ഞിരപ്പള്ളി, റീജണൽ ഓഫീസുകളിൽ വച്ച് നടത്തപ്പെടുകയുണ്ടായി.

വിവിധ ഗ്രാമങ്ങളിൽ നിന്നുള്ള പ്രതിനിധികൾ മീറ്റിങ്ങിൽ പങ്കെടുത്ത് റിപ്പോർട്ട് അവതരിപ്പിച്ചു.

പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജിൽസൺ ജെയിംസ് കുന്നത്ത്പുരയിടം, ജോയിന്റ് ഡയറക്ടർ ഫാ. ബ്രിജേഷ് പുറ്റുമണ്ണിൽ എന്നിവർ മീറ്റിങ്ങുകൾക്ക് നേതൃത്വം നൽകി.

പി.ഡി.എസ് പ്രോഗ്രാം ഡയറക്ടർ ഡോ. സിബി ജോസഫ്, ചീഫ് കോർഡിനേറ്റർ, റീജണൽ കോഡിനേറ്റേഴ്സ് എന്നിവർ മീറ്റിങ്ങിൽ സന്നിഹിതരായിരുന്നു.

**കർഷക ഉത്പാദക കമ്പനി**

നബാർഡ്, എൻ.സി.ഡി.സി. എന്നീ ഏജൻസികളുമായി സഹകരിച്ച് കേരളത്തിലെ വിവിധ ജില്ലകളിലായി പി.ഡി.എസ് നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന കർഷക ഉത്പാദക കമ്പനികളുടെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ മുന്നോട്ടു പോകുന്നു.

2020/2022 ഈ കാലഘട്ടത്തിൽ പി.ഡി.എസിന് ചുമതല ഏൽപ്പിച്ച 19 കർഷക ഉത്പാദക കമ്പനികളുടെ രജിസ്ട്രേഷൻ പൂർത്തിയായി. ഇതിൽ 5 കമ്പനികളിൽ ബിസിനസ് ആരംഭിച്ചു.

ഇടുക്കി ബ്ലോക്കിൽ പ്രവർത്തിക്കുന്ന ഗ്രീൻ ഹൈറേഞ്ച് കർഷക കമ്പനിയെ ഇന്ത്യയിൽ പുതുതായി രൂപീകരിക്കപ്പെട്ട കർഷക കമ്പനികളിലെ മികച്ച കർഷക കമ്പനി ആയി തിരഞ്ഞെടുത്തു.

പി.ഡി.എസിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന 19 കർഷക കമ്പനികളിലെയും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മാർക്കുവേണ്ടി ദ്വിദിന പരിശീലനപരിപാടി പീരുമേട് സഹ്യാദ്രി റിസർച്ച് സെന്ററിൽ വച്ച് 2022 ജൂൺ മാസം 14, 15 തീയതികളിൽ

നടത്തപ്പെട്ടു. നബാർഡ് ഇടുക്കി ജില്ലാ മാനേജർ ശ്രീ. അജീഷ് ബാലു പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. പി.ഡി.എസ് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജിൽസൺ ജെയിംസ് കുന്നത്തുപുരയിടം, ജോയിന്റ് ഡയറക്ടർ ഫാ. ബ്രിജേഷ് പുറ്റുമണ്ണിൽ, പ്രോഗ്രാം ഡയറക്ടർ ഡോ. സിബി ജോസഫ്, പ്രോജക്ട് കോഡിനേറ്റേഴ്സ് വിവിധ കർഷക കമ്പനികളിൽ നിന്നായി 19 ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർ തുടങ്ങിയവർ പ്രോഗ്രാമിൽ പങ്കെടുത്തു.

## വാർഷിക ഓഡിറ്റ്

പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന എല്ലാ യൂണിറ്റുകളുടെയും, ഫെഡറേഷനുകളുടെയും, സ്വയംസഹായ സംഘങ്ങളുടെയും വാർഷിക കണക്ക് പരിശോധന നടന്നു വരുന്നു.

## യൂണിറ്റ് വാർഷികം

പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റിയുടെ കുമളി റീജിയണിലെ ചെല്ലാർകോവിൽ യൂണിറ്റിൽ യൂണിറ്റ് ഡയറക്ടറായ ഫാ. ജെയിംസ് വെൺമാന്തറയുടെ നേതൃത്വത്തിൽ വാർഷിക ആഘോഷ പരിപാടികൾ ഭംഗിയായി നടത്തപ്പെട്ടു . പി.ഡി.എസ് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജിൽസൺ ജയിംസ് കുന്നത്തുപുരയിടം വാർഷികാഘോഷപരിപാടിയിൽ സന്നിഹിതനായിരുന്നു.

## ഇന്റൺഷിപ്പ് പ്രോഗ്രാം

സാമൂഹിക പ്രവർത്തന പരിശീലനത്തിന്റെ ഭാഗമായി 5 കോളേജുകളിൽ നിന്നായി 13 വിദ്യാർത്ഥികൾ പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റിയിൽ ഇന്റൺഷിപ്പ് പൂർത്തിയാക്കി വരുന്നു.

## വനജ്യോതിസ്

പദ്ധതിപ്രദേശം കോഴിമല, കണ്ണംപടി, കൊമ്പുകുത്തി, ആദിവാസി കോളനികൾ. ആദിവാസി കുടുംബങ്ങളുടെ സമഗ്രവികസനം ലക്ഷ്യമാക്കിക്കൊണ്ട് നടപ്പിലാക്കിവരുന്ന വനജ്യോതിസ് പദ്ധതിയിലുൾപ്പെടുത്തി ഈ മാസം നടപ്പിലാക്കിയ പ്രവർത്തനങ്ങൾ

| | | |
|---|---|---|
| മഴവെള്ളസംഭരണി | : | 3 |
| കല്ലു കയ്യാല | : | 971 $m^2$ |
| ഗള്ളി പ്ലഗ്ഗിങ്ങ് | : | 94 $m^3$ |
| പരമ്പരാഗത കൃഷി | : | 17യൂണിറ്റ് |
| പശു തൊഴുത്ത് | : | 2 |
| പശു വളർത്തൽ | : | 8 |
| കോഴി വളർത്തൽ | : | 10 യൂണിറ്റ് |
| പരമ്പരാഗത ഭക്ഷ്യവിഭവകിറ്റ് | : | 6 |
| തേനീച്ച വളർത്തൽ യൂണിറ്റ് | : | 62 |

**പരിശീലന പരിപാടി**

വനജ്യോതിസ്പദ്ധതിയുടെ ഭാഗമായി 5 പരിശീലന ക്ലാസുകൾ നടത്തി 105 അംഗങ്ങൾ പങ്കെടുത്തു.

**സാമ്പത്തിക സഹായങ്ങൾ**

കുടുംബ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി പീരുമേട് ഡെവലപ്മെൻറ് സൊസൈറ്റി വഴിയായും പി.ഡി.എസ് ഫാമിലി സ്പോൺസർഷിപ്പ് പ്രോഗ്രാം വഴിയായും ഈ മാസം നൽകിയ സാമ്പത്തിക സഹായങ്ങൾ: വിദ്യാഭ്യാസ സഹായം:87000/-, ഭവന നിർമ്മാണം: 128464/-, വരുമാനദായക പ്രവർത്തനങ്ങൾ : 67000/-, ചികിത്സാസഹായം : 74000/-, ചാരിറ്റി സംഭാവന: 8700/-

**കൗൺസിലിംഗ് സേവനം**

പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റിയുടെ കട്ടപ്പന ഫാമിലി കൗൺസിലിംഗ് സെന്ററിൽ മെയ്, ജൂൺ മാസങ്ങളിലായി 27 കേസുകൾ രജിസ്റ്റർ ചെയ്തു. ഇവർക്ക് ആവശ്യമായ കൗൺസിലിംഗ് സേവനം ഈ സെന്ററിൽ നിന്നും നൽകി വരുന്നു.

**ഫാ. ജിൽസൺ കുന്നത്തുപുരയിടം**

**ഡയറക്ടർ**

# രൂപതാവാർത്തകൾ

**മാർ ജോസ് പുളിക്കൽ**
**ജൂൺ 2022**

04 ചിറക്കടവ് ഇടവകയിൽ ബഹു. വെട്ടിക്കാട്ട് ഡോമിനിക്ക് അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയിൽ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

06 പാലമ്പ്ര ഇടവകയിൽ നിര്യാതനായ എം.വി. വർക്കിയുടെ മൃതസംസ്കാര ശുശ്രൂഷയിൽ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

7-9 പി.ഒ.സി.യിൽ വച്ച് നടന്ന KCBC മീറ്റിംഗിൽ പങ്കെടുത്തു.

10 MMT ഹോസ്പിറ്റലിൽ ശ്രീ. മൈക്കിൾ കള്ളിവയലിന്റെ അനുസ്മരണാർത്ഥം ആരംഭിച്ച മൈക്കിൾസ് കെയർ യൂണിറ്റിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.

\- പൊടിമറ്റം മേരി മാതാ മൈനർ സെമിനാരിയിൽ വച്ച് പുതുതായി ചേരാൻ പോകുന്ന വൈദികവിദ്യാർത്ഥികളുടെ ഇന്റർവ്യൂ നടത്തി.

\- ദേവലോകം മലങ്കര ഓർത്തഡോക്സ് സിറിയൻ അരമനയിൽ വച്ച് നടന്ന മതസൗഹാർദ സമ്മേളനത്തിൽ പങ്കെടുത്തു.

\- ചെങ്കൽ ഇടവകയിൽ നിര്യാതയായ ശ്രീമതി അന്നമ്മ പുല്ലേട്ടിന്റെ ഭവനത്തിലെത്തി ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

11 പാസ്റ്ററൽ സെന്ററിൽ വച്ചു നടന്ന അസോവയുടെ വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

\- കണമല ഇടവകയിൽ ബഹു. ബ്രിജേഷ് പുറ്റുമണ്ണിൽ അച്ചന്റെ മാതാവ് നിര്യാതയായ ശ്രീമതി ത്രേസ്യാമ്മയുടെ

മൃതസംസ്കാര ശുശ്രൂഷയിൽ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

– ഇഞ്ചിയാനി ഇടവകയിൽ നിര്യാതനായ ശ്രീ. ആന്റണി ചൂരപൊയ്കയിലിന്റെ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

12 കറുകുറ്റിയിൽ കർമ്മലീത്താ സന്യാസിനി സഭയുടെ ക്ലോയിസ്റ്റേർഡ് കോൺവെന്റിൽ പുതുതായി പ്രവേശിക്കുന്ന തിരുഹൃദയത്തിന്റെ സിസ്റ്റർ അന്ന ഗ്രെയ്സിന്റെ ആവൃതിപ്രവേശന കർമ്മത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി.

13 ആനക്കല്ല് സെന്റ് ആന്റണീസ് സ്കൂളിൽ വി. അന്തോനീസിന്റെ തിരുനാളിനോടനുബന്ധിച്ച് നടന്ന മീറ്റിംഗിൽ പങ്കെടുത്ത് സന്ദേശം നൽകി.

14 റെയ്ൻബോ പദ്ധതിയുടെ ഭാഗമായി കൂവപ്പള്ളിയിൽ പുതുതായി നിർമ്മിക്കുന്ന ഭവനത്തിന്റെ ശിലാസ്ഥാപനം നടത്തി.

– ഓൺലൈൻ സിനഡൽ തിയോളജിക്കൽ ഫോറം മീറ്റിംഗിൽ പങ്കെടുത്തു.

15 കത്തീഡ്രൽ ഇടവകയിൽ നിര്യാതയായ മറിയക്കുട്ടി ചക്കാലയുടെ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

– കോട്ടയം അടിച്ചിറയിൽ വച്ചു നടന്ന K.S.S.F ന്റെ വാർഷിക സമ്മേളനത്തിൽ പങ്കെടുത്തു സന്ദേശം നൽകി.

16 പെനുവേൽ ആശ്രമത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി.

– കണ്ണിമല ഇടവകയിൽ പുതുതായി നിർമ്മിച്ച സെന്റ് ജോസഫ് ഹൈസ്കൂളിന്റെ ഉത്ഘാടനകർമ്മം നിർവഹിച്ചു സന്ദേശം നൽകി.

– ചെറുവള്ളി ഇടവകയിൽ നിര്യാതനായ ശ്രീ. ബാബു വയലിൽന്റെ മൃതസംസ്കാര ശുശ്രൂഷയിൽ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

17 പാസ്റ്ററൽ സെന്ററിൽ വി. കുർബാന അർപ്പിച്ചു.

– പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന Inmates gathering ൽ പങ്കെടുത്തു.

18 കുട്ടിക്കാനം ഇടവകയിൽ നിര്യാതനായ ശ്രീ. മൈക്കിൾ കള്ളിവയലിന്റെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി.

– പത്തനംതിട്ട രൂപതയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച കർഷക പ്രക്ഷോഭ റാലിയിൽ പങ്കെടുത്ത് സന്ദേശം നൽകി.

19 എരുമേലി ഇടവകയിൽ നിര്യാതയായ ചവറനാൽ സൂസിയുടെ മൃതസംസ്കാരശുശ്രൂഷയിൽ ഭവനത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

– കത്തീഡ്രൽ ഇടവകയിൽ രണ്ടു കുഞ്ഞുങ്ങൾക്ക് പ്രാരംഭകൂദാശകൾ നൽകി.

– പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തിയ കാഞ്ഞിരപ്പള്ളി രൂപതാതിർത്തിക്കുള്ളിലുള്ള ജനപ്രതിനിധികളുടെ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

20 എലിക്കുളം ഇടവകയിൽ ഒരു കുഞ്ഞിന് പ്രാരംഭകൂദാശകൾ നൽകി.

– ചെങ്കൽ - എയ്ഞ്ചൽസ് വില്ലേജ് എം.ജി. യൂണിവേഴ്സിറ്റിയുമായി നടപ്പിലാക്കുന്ന പദ്ധതികളുടെ പ്രവർത്തനോദ്ഘാടനസമ്മേളനത്തിൽ പങ്കെടുത്തു.

21 കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ വച്ചു നടന്ന പ്രീസ്റ്റ് കോൺഫ്രൻസിൽ പങ്കെടുത്തു.

– അണക്കര പി.എ.സി.യിൽ വച്ചു നടന്ന പ്രീസ്റ്റ് കോൺഫ്രൻസിൽ പങ്കെടുത്തു.

22 വെച്ചൂച്ചിറ ഇടവകയിൽ ബഹുമാനപ്പെട്ട ഡോമിനിക് കാരിക്കാട്ടിലച്ചന്റെ സഹോദരൻ നിര്യാതനായ ശ്രീ. എബ്രാഹം കാരിക്കാട്ടിലിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

– പാസ്റ്ററൽ സെന്ററിൽ വച്ചു നടന്ന സഹ്യാദ്രി ബാങ്കിന്റെ എക്സിക്യൂട്ടീവ് മീറ്റിംഗിൽ പങ്കെടുത്തു.

23 മുണ്ടക്കയം ഫൊറോന ഇടവകയിൽ ഇൻഫാമിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ബഫർ സോൺ മോചന സമരപ്രഖ്യാപനം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

24 കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ വച്ചു നടന്ന കെ.സി.എസ്.എൽ. ന്റെ ലീഡേഴ്സ് മീറ്റിംഗിൽ പങ്കെടുത്ത് സന്ദേശം നൽകി.

– ആനക്കല്ല് സെന്റ് ആന്റണീസ് സ്കൂളിൽ വച്ചു നടന്ന DCL - ന്റെ സംസ്ഥാന സമിതിയുടെ മീറ്റിംഗ് ഉത്ഘാടനം ചെയ്തു സന്ദേശം നൽകി.

– തിരുഹൃദയത്തിരുനാളിനോടനുബന്ധിച്ച് ചെങ്കൽ തിരുഹൃദയസന്യാസിനി നോവിഷ്യേറ്റ് ഹൗസിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

25 കറുകുറ്റിയിൽ 'സാരഥി'യുടെ ഓഫീസിൽ വച്ചു നടന്ന ലീഡേഴ്സിന്റെ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി.

26 കപ്പാട് ഇടവകയിലെ മാഞ്ഞുക്കുളം കുരിശുപള്ളിയിൽ വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും തുടർന്ന് പുതുതായി നിർമ്മിച്ച വൈദികമന്ദിരം വെഞ്ചരിക്കുകയും ചെയ്തു.

– കൂവപ്പള്ളി ഇടവകയിൽ വച്ച് നടന്ന തിരുഹൃദയ സന്യാസിനി സിസ്റ്റർ വേറോനിക്കയുടെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

28 കാഞ്ഞിരപ്പള്ളി AKJM സ്കൂളിൽ വച്ചു നടന്ന 'സ്വരുമ' NGO യുടെ വാർഷികസമ്മേളനം ഉത്ഘാടനം ചെയ്ത് സന്ദേശം നൽകി.

29 കൊച്ചുതോവാള ഇടവകയിൽ ഒരു കുഞ്ഞിന് പ്രാരംഭകൂദാശകൾ നൽകി.

– പുളിങ്കട്ട ഇടവകയിൽ വച്ചു നടന്ന ഉപ്പുതറ ഫൊറോന വൈദികകൂട്ടായ്മയിൽ പങ്കെടുത്തു.

30 അമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ വച്ചു നടന്ന കോളേജ് ഗവേണിംഗ് ബോഡി മീറ്റിംഗിൽ പങ്കെടുത്തു.

## മാർ മാത്യു അറയ്ക്കൽ
## ജൂൺ 2022

04 ചിറക്കടവ് ഇടവക ദൈവാലയത്തിൽ ബഹു. ഡോമിനിക് വെട്ടിക്കാട്ടിലച്ചന്റെ മൃതസംസ്ക്കാരശുശ്രൂഷയിൽ ദിവ്യബലി യർപ്പിച്ചു സന്ദേശമേകി.

09 പാലമ്പ്ര ഇടവക ദൈവാലയത്തിൽ ഒരു അനുസ്മരണ ബലി യർപ്പിച്ച് സന്ദേശം നൽകി.

11 കണമല ഇടവകയിൽ ഫാ. ബ്രിജേഷ് പുറ്റുമണ്ണിലിന്റെ മാതാവ് പരേതയായ ശ്രീമതി ത്രേസ്യാമ്മയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് അഭിവന്ദ്യ പുളിക്കൽ പിതാവിനോടൊപ്പം കാർമ്മികത്വം വഹിച്ചു.

18 എരുമേലി ഫൊറോനപ്പള്ളിയിൽ ഒരു കുഞ്ഞിന്റെ ആഘോഷമായ വി. കുർബാനസ്വീകരണം പരികർമ്മം ചെയ്തു.

– കത്തീഡ്രൽ ദൈവാലയത്തിൽ ഒരു വിവാഹമാശീർവദിച്ചു.

25 ചെമ്മലമറ്റം ഇടവകയിൽ ഒരു പുതിയ ഭവനാശീർവ്വാദകർമ്മം പരികർമ്മം ചെയ്തു.

26 വിളക്കുമാടം ഇടവക ദൈവാലയത്തിൽ പരേതനായ ശ്രീ. മൈക്കിൾ കള്ളിവയലിന്റെ ചരമവാർഷികത്തോടനുബന്ധിച്ച് വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി.

# BISHOP'S ENGAGEMENTS
## MAR JOSE PULICKAL
## July - 2022

| Date | Programme | Place | Time |
|---|---|---|---|
| 2 | Holy Qurbana | Chirakadavu | 8.30 am |
| | Ramsa | Akkarappally | 6.00 pm |
| 3 | Holy Qurbana | Kumily | 8.15 am |
| 4 | Holy Qurbana | Marian Centre Anakkara | 6.00 pm |
| 5 | Holy Qurbana | Velichiyani | 10.00 am |
| 7 | CTC Inauguration | Pastoral Centre | 9.30 am |
| | Mission league State meet | Bharananganam | 11.00 am |
| 10 | Diocesan Meet | Ramanathapuram | 2.00 pm |
| 13 | Presbytoral Council | Pastoral Centre | 10.00 am |
| 15 | Episcopal Ordination | Trivandrum | 10.00 am |
| 16 | Holy Qurbana | Thulapally | 3.30 pm |
| 17 | AKCC Executive meeting | Pastoral Centre Kanjirapally | 3.00 pm |
| 18 | Mathruvedhi Global meet | Thrissur | 10.00 am |
| 28 | Ordination of Dn. Denny Kuzhipallil | Chamampathal | 9.15 am |
| 30 | Baptism | Cathedral Kanjirapally | 11.00 am |

ജൂലൈ 15–ാം തീയതി
നാമഹേതുകത്തിരുനാൾ
ആഘോഷിക്കുന്ന



സിഞ്ചെല്ലൂസ്
പെരിയ ബഹുമാനപ്പെട്ട
കുര്യൻ താമരശ്ശേരി അച്ചന്
രൂപതാകുടുംബത്തിന്റെ
പ്രാർത്ഥനാനിർഭരമായ
തിരുനാളാശംസകൾ!



# 2022 ജൂലൈ

## ശ്ലീഹ – കൈത്ത കാലങ്ങൾ

| | |
|---|---|
| 1 വെള്ളി | യാക്കോ 1:19-27, ലൂക്കാ 6:46-49 |
| 2 ശനി | വെളി 3:7-13; യോഹ 5:19-24 |
| 3 ഞായർ | ✠ **ശ്ലീഹ അഞ്ചാം ഞായർ**<br>**മാർത്തോമാശ്ലീഹായുടെ ദുക്റാനത്തിരുനാൾ**<br>റൂത്ത് 1:6-18, പ്രഭാ 6:8-17,<br>1 കോറി 3:5-14, യോഹ 11:1-16 |
| 4 തിങ്കൾ | 1 പത്രോ 2:18-25, യോഹ 15:18-27 |
| 5 ചൊവ്വ | 2 തെസ 1:3-10, യോഹ 16:1-7 |
| 6 ബുധൻ | 1 പത്രോ 3:13-19, യോഹ 12:20-28 |
| 7 വ്യാഴം | 2 കോറി 10:1-6, ലൂക്കാ 13:31-35 |
| 8 വെള്ളി | ഫിലി 1:27-30, ലൂക്കാ 12:4-12 |
| 9 ശനി | റോമാ 8:18-25, ലൂക്കാ 21:12-19 |
| 10 ഞായർ | ✠ **ശ്ലീഹ ആറാം ഞായർ**<br>ലേവ്യ 8:1-13, ഏശ 6:1-8,<br>1 കോറി 1:26-31, മത്താ 9:27-38 |
| 11 തിങ്കൾ | ശ്ലീഹ 1:15-26, ലൂക്കാ 6:12-19 |
| 12 ചൊവ്വ | 2 തെസ 2:13-17, യോഹ 17:9-19 |
| 13 ബുധൻ | 2 കോറി 3:4-11, ലൂക്കാ 1:26-38 |
| 14 വ്യാഴം | എഫേ 3:14-21, യോഹ 17:20-26 |
| 15 വെള്ളി | 1 കോറി 7:17-24, യോഹ 21:1-14 |
| 16 ശനി | ശ്ലീഹ 6:1-7, ലൂക്കാ 8:1-8 |
| 17 ഞായർ | ✠ **ശ്ലീഹ ഏഴാം ഞായർ**<br>സംഖ്യ 11:16-18; 24-30, 1 സാമു 16:14-23<br>ഗലാ 5:16-26, യോഹ 14:15-20; 25-26 |
| 18 തിങ്കൾ | എഫേ 1:3-14, മത്താ 3:4-12 |
| 19 ചൊവ്വ | തീത്തോ 3:1-7, യോഹ 3:1-12 |
| 20 ബുധൻ | 1 കോറി 12:1-11, മർക്കോ 3:20-30 |
| 21 വ്യാഴം | ഹെബ്രാ 3:7-19, മത്താ 16:1-12 |
| 22 വെള്ളി | 2 കോറി 6:1-10, ലൂക്കാ 10:1-12; 17-20 |
| 23 ശനി | റോമാ 14:13-19, യോഹ 16:16-24 |
| 24 ഞായർ | ✠ **കൈത്ത ഒന്നാം ഞായർ**<br>ഉത്പ 35:23-29, ജോഷ്വാ 4:1-9,<br>വെളി 21:9-21, മത്താ 10:1-15 |
| 25 തിങ്കൾ | എഫേ 2:11-22, മത്താ 16:13-20 |
| 26 ചൊവ്വ | ഗലാ 1:10-16, യോഹ 4:31-38 |
| 27 ബുധൻ | 1 തിമോ 4:12-16, ലൂക്കാ 12:41-48 |
| 28 വ്യാഴം | ഏശ 53:10-12, ഗലാ 2:19-21 |
| 29 വെള്ളി | ഗലാ 1:6-10 , ലൂക്കാ 1:67; 76-80 |
| 30 ശനി | ഫിലി 1:19-26, യോഹ 11:1-16 |
| 31 ഞായർ | ✠ **കൈത്ത രണ്ടാം ഞായർ**<br>നിയ 28:1-14, പ്രഭാ 10:19-25,<br>റോമാ 11:17-24, യോഹ 15:1-8 |

Edited and printed by Rev. Fr. Kurian Thamarasserry, Chancellor,
Pastoral Centre, Kanjirapally, Ph:04828-205200, 9447080520, Fax : 04828-205200
E-mail : kthamarassery@gmail.com
Layout : Smarts Kanjirapally - 203850 Printing : Amala offset Kanjirapally 204654